REG. NO. M. 2689 & T. 122. LICENCE NO. 246. DATED 5-4-31

# മലയാളരാജ്യം ചിത്രവാരിക

29th Makarom 1110. 11th February 1935.



ഇൻഡ്യൻ സിനിമാലോകത്തിലെ ഉജ്ജ്വലതാരമായ ഗോഹർ.

VOL. VII. NO. 23

Price As. 2. വില ൨ ണ.

# ശ്രീരാമവിലാസം ബുക്ക്ഡിപ്പോ—കൊല്ലം

ബ്രാഞ്ചുകൾ—തിരുവനന്തപുരം, ആലപ്പുഴ, എറണാകുളം.

## ഉപനിഷത്തുകൾ.

| | ക. | ണ. | സ. |
|---|---|---|---|
| **ഈശാവാസ്യോപനിഷത്ത്** | 0 | 10 | 0 |
| **കേനോപനിഷത്ത്** | 0 | 6 | 0 |
| **കാഠകോപനിഷത്ത്** | 1 | 2 | 0 |
| **പ്രശ്നോപനിഷത്ത്** | 0 | 12 | 0 |
| **മുണ്ഡകോപനിഷത്ത്** | 0 | 12 | 0 |
| **മാണ്ഡൂക്യോപനിഷത്ത്** | 1 | 8 | 0 |
| **തൈത്തരീയോപനിഷത്ത്** | 1 | 4 | 0 |
| **ഐതരേയോപനിഷത്ത്** | 0 | 10 | 0 |
| **ഛാന്ദോഗ്യോപനിഷത്ത്** | 5 | 0 | 0 |

## ഇതിഹാസപുരാണാദി.

| | ക. | ണ. | സ. |
|---|---|---|---|
| അദ്ധ്യാത്മരാമായണം (സവ്യാഖ്യാനം) | 1 | 8 | 0 |
| ടി (വലിയ അക്ഷരം) ഒന്നാംതരം | 1 | 8 | 0 |
| ടി (പത്തിതിരിച്ചു അച്ചടിച്ചതു്) ടി | 1 | 8 | 0 |
| ടി (ആറുകാണ്ഡം മാത്രം.) | 0 | 6 | 0 |
| ടി (ഉത്തരയോടുകൂടിയതു) | 0 | 8 | 0 |
| ശ്രീമഹാഭാരതം (കിളിപ്പാട്ട്) | 0 | 8 | 0 |
| ശ്രീമഹാഭാഗവതം (കിളിപ്പാട്ട്) | 1 | 0 | 0 |
| ടി (കട്ടിക്കടലാസിൽ) | 1 | 12 | 0 |
| ടി മേനിക്കടലാസിൽ (തോൽബയന്റ്) | 3 | 0 | 0 |
| തുളസീദാസരാമായണം (ഭാഷാഗദ്യം) | | | |
| ഒന്നാംഭാഗം | 1 | 4 | 0 |
| രണ്ടാംഭാഗം | 1 | 4 | 0 |
| ജ്ഞാനവാസിഷ്ഠം (കിളിപ്പാട്ട്) | 2 | 0 | 0 |
| ശ്രീമഹാദേവീഭാഗവതം(സമ്പൂർണ്ണഗദ്യഗ്രന്ഥം) | 1 | 8 | 0 |
| കണ്ണശ്ശരാമായണം (ഉത്തരകാണ്ഡം) | 0 | 12 | 0 |
| രുഗ്മാംഗദചരിതം. | 0 | 4 | 0 |
| കിരാതാർജ്ജുനീയം കിളിപ്പാട്ട്. | 0 | 4 | 0 |
| അഘനാശപദ്ധതി. | 0 | 2 | 0 |
| ഹരിഹരപുത്രചരിത്രം | 0 | 3 | 0 |

## വേദാന്തഗ്രന്ഥങ്ങൾ.

| | ക. | ണ. | സ. |
|---|---|---|---|
| ശ്രീമദ് ഭഗവദ്ഗീത | 0 | 8 | 0 |
| സ്വാമി രാമതീർത്ഥൻ (ഒന്നാം ഭാഗം) | 0 | 12 | 0 |
| സ്വാമി രാമതീർത്ഥൻ (൨-ം ൩-ം ഭാഗങ്ങൾ) | 1 | 4 | 0 |
| സ്വാമി വിവേകാനന്ദന്റെ 1004 ഉപദേശങ്ങൾ അഥവാ അദ്ധ്യാത്മചിന്താമണി | 1 | 0 | 0 |
| ജീവോൽപത്തിചിന്താമണി | 0 | 2 | 0 |
| നാരദഗീത | 0 | 1 | 0 |
| പുനർജ്ജന്മസിദ്ധാന്തം | 0 | 4 | 0 |
| മോക്ഷപ്രദീപവിമർശം അഥവാ അന്ധവിശ്വാസങ്ങൾ | 0 | 6 | 0 |
| ദിവ്യരഹസ്യപ്രകാശിക | 1 | 4 | 0 |
| ദിവ്യരഹസ്യപ്രകാശിക രണ്ടാംഭാഗം | 0 | 12 | 0 |
| ഹഠയോഗപ്രദീപിക. | 0 | 8 | 0 |
| കേരളാചാരനാഡീപരീക്ഷ അഥവാ ക്ഷേത്രപ്രവേശവാദം | 0 | 4 | 0 |
| ഏകാദശിമാഹാത്മ്യം | 0 | 4 | 0 |

## സ്തോത്രഗ്രന്ഥങ്ങൾ.

| | ക. | ണ. | സ. |
|---|---|---|---|
| നാരായണീയം ഭാഷാവ്യാഖ്യാനസഹിതം | 0 | 12 | 0 |
| നാരായണീയം പാക്കറ്റുബുക്ക് | 0 | 4 | 0 |
| സംക്ഷിപ്തഭാരതം | 0 | 8 | 0 |
| ദേവീമാഹാത്മ്യസംഗ്രഹം സവ്യാഖ്യാനം | 0 | 2 | 0 |
| ശ്രീഗുരുഗീത. | 0 | 4 | 0 |
| സ്തോത്രരത്നാകരം വ്യാഖ്യാനസഹിതം. | 1 | 0 | 0 |
| സൌന്ദര്യലഹരി. | 0 | 6 | 0 |
| ശ്രീകൃഷ്ണലീലകൾ. | 0 | 2 | 0 |
| സംഗീതസ്തവാമൃതതരംഗിണി | 0 | 2 | 0 |
| ശ്രീവിഷ്ണുപാദാദികേശാന്തവർണ്ണനസ്തോത്രം | 0 | 8 | 0 |

## സാഹിത്യഗ്രന്ഥങ്ങൾ.

| | ക. | ണ. | സ. |
|---|---|---|---|
| കൃഷ്ണഗാഥ പി. കെ നാരായണപിള്ളയുടെ അവതാരികയോടുകൂടിയതു് | 1 | 4 | |
| 111-ആട്ടക്കഥകൾ സാധാരണബയന്റ്. | 3 | 0 | 0 |
| തോൽ, കാലിക്കോ. | 3 | 8 | 0 |
| 60-തുള്ളൽകഥകൾ സാധാരണ | 2 | 8 | 0 |
| തോൽബയന്റ് | 3 | 0 | 0 |
| ശ്രീകൃഷ്ണചരിതം മണിപ്രവാളം(സവ്യാഖ്യാനം) | 0 | 12 | 0 |
| മേഘദൂതം ഖണ്ഡകാവ്യം. | 0 | 8 | 0 |
| അഭിജ്ഞാനശാകുന്തളം സവ്യാഖ്യാനം. | 1 | 0 | 0 |
| ഭർത്തൃഹരി വ്യാഖ്യാനസഹിതം | 0 | 8 | 0 |
| വടക്കൻപാട്ടുകൾ. | 0 | 8 | 0 |
| എഴുത്തച്ഛൻ. | 0 | 9 | 0 |
| പദ്യമഞ്ജുഷ. | 0 | 6 | 0 |
| വേലുത്തമ്പിദളവാ | 0 | 8 | 0 |
| വ്യാസഭാരതം (ഗദ്യം) | 1 | 0 | 0 |
| വിജ്ഞാനരഞ്ജിനി (പരിഷ്കരിച്ചപതിപ്പ്) | 0 | 12 | 0 |
| പ്രബന്ധരത്നാവലി വ്യാഖ്യാനസഹിതം | 1 | 0 | 0 |
| ഗദ്യരത്നാവലി. | 0 | 12 | 0 |
| ഗദ്യമുക്താവലി. | 0 | 12 | 0 |
| ഉപന്യാസമാല ഒന്നാം ഭാഗം. | 0 | 10 | 0 |
| രണ്ടാം ഭാഗം. | 0 | 12 | 0 |
| കർണ്ണപർവ്വം സവ്യാഖ്യാനം | 0 | 4 | 0 |
| ചില കവിതാപ്രതിധ്വനികൾ | 0 | 13 | 6 |
| പ്രബന്ധമാല്യം. | 0 | 8 | 0 |
| പ്രസംഗതരംഗിണി രണ്ടാംഭാഗം | 0 | 8 | 0 |
| ശ്രീകൃഷ്ണകഥാനുവർണ്ണനം | 0 | 8 | 0 |
| ശ്രീപത്മനാഭദാസൻ. | 0 | 4 | 0 |
| ഭാരതീയമഹതികൾ. | 0 | 6 | 0 |
| പുഷ്പമാല. | 0 | 6 | 0 |
| സീതാദേവി | 0 | 6 | 0 |

# മലയാളരാജ്യം

## ചിത്രവാരിക.

പുസ്തകം ൧ | ൧൧൧൦ മകരം ൨൯-ാംനു- തിങ്കളാഴ്ച. | ലക്കം ൨൩.



സംഗീതഫിലിം കമ്പനി എന്ന ടാക്കി സ്ഥാപനത്തിന്റെ അധിപയായ പ്രശസ്ത സാംഗീത വിദുഷി മിസ്സ് ജാദ്ദനബായി 'സത്യാന്വേഷണം' എന്ന കഥയിൽ നായികയായി അഭിനയം പൂർത്തിയാക്കിയിരിക്കുന്നു.

# ഭക്ഷണവും ഓജസ്സും.

വെണ്മണി കെ. രാമവാര്യർ ബി. എ. ബി. എൽ.

നമ്മുടെ ശരീരത്തിന്റെ ഓജസ്സും ബലവും നാം കഴിക്കുന്ന ഭക്ഷണസാധനങ്ങളെ ആശ്രയിച്ചാണ് ഇരിക്കുന്നത് എന്നുള്ള ധാരണ വെറും അബദ്ധമാണ്. കൂടുതൽ പോഷകാംശമുള്ളതെന്നു വിശ്വസിക്കപ്പെട്ടുവരുന്ന വിലപിടിച്ച ഭക്ഷണസാധനങ്ങൾ ധാരാളം കഴിക്കുന്നതു കുബേരന്മാരും മുതലാളികളുമാണ്. അവർക്ക് ഒരുത്തർക്കും സാധാരണകൂലിക്കാരുടെ ആരോഗ്യവും ബലവും കാണുന്നില്ല. നേരേമറിച്ചു കൊള്ളരുതാത്തതെന്നു വിചാരിക്കപ്പെട്ടുവരുന്ന സാധനങ്ങൾമാത്രംകൊണ്ടു ജീവിതം നയിക്കുന്ന പുലയർമുതലായ അധഃകൃതർ വളരെബലവാന്മാരായി കാണപ്പെടുന്നുമുണ്ട്. കാഴ്ചയിൽ വളരെ മെലിഞ്ഞവനായ ഒരു കൂലിക്കാരന്റെബലം ഒരവസരത്തിൽ എന്നെ അത്ഭുതപരതന്ത്രനാക്കി. ശ്രീപത്മനാഭസ്വാമിക്ഷേത്രത്തിൽവച്ച് പഞ്ചസാരച്ചാക്കുതൂക്കിച്ചുനോക്കുന്നയവസരത്തിലാണു ആ സംഭവംഉണ്ടായത് അഞ്ചുതുലാക്കട്ടിരണ്ടെണ്ണംഎടുത്തുകൊണ്ടുവരാൻ ഞാൻ പറഞ്ഞ സമയം ആ കൂലിക്കാരൻ ഒരേനടയ്ക്കു രണ്ടു അഞ്ചുതുലാക്കട്ടി യാതൊരു പ്രയാസവുംകൂടാതെ എടുത്തുകൊണ്ടുവന്നു രണ്ടുകയ്യിലും ഓരോ അഞ്ചുതുലാക്കട്ടിവീതം തൂക്കിക്കൊണ്ടുവന്ന ആ കൃശഗാത്രന്റെ കൈകൾക്കു വലിയ ശ്രമം ഉണ്ടായതായ യാതൊരു ലക്ഷ്യവും കാണ്മാനില്ലായിരുന്നു. എന്നാൽ കാഴ്ചയിൽ അതിബലവാനെന്നു തോന്നിച്ചവനും കായികാഭ്യാസികളെ ലജ്ജിപ്പിക്കുന്ന മാംസപേശികളുള്ളവനുമായ വേറെ ഒരു കൂലിക്കാരൻ ആസമയം അവിടെ ഉണ്ടായിരുന്നു. പഞ്ചസാരച്ചാക്കുകൾ മുഴുവനും തൂക്കിക്കഴിഞ്ഞശേഷം ഈ കട്ടികൾ രണ്ടും തിരിച്ചു എടുത്തുകൊണ്ടുവെയ്ക്കുന്നതിനു ആ കൂലിക്കാരനോടു ഞാൻ പറഞ്ഞു. അയാൾ വളരെ ശ്രമപ്പെട്ടാണു അവ തിരിച്ചുകൊണ്ടുവെച്ചതു്. കൂലിക്കാരെ അയച്ചതിനുശേഷം കട്ടികൾ സൂക്ഷിക്കുന്ന അറയ്ക്കകത്തു കയറി ആ രണ്ടു കട്ടികളും ഞാൻ ഒരേസമയം പൊക്കിപ്പിടിച്ചു പരിശോധിച്ചതിൽ അവ വഹിച്ചുകൊണ്ടു നടക്കുന്നതു അത്ര സുകരമല്ലെന്നു എനിക്കു ബോദ്ധ്യപ്പെട്ടു. ഇതിൽനിന്നു തെളിയുന്നതു് ദേഹപുഷ്ടിയോ മാംസപേശികളുടേ മുഴുപ്പോ ബലത്തിന്റെ അടയാളമായി എല്ലായ്പ്പോഴും ഗണിക്കാൻ പാടില്ലാ എന്നാണ്. ഓജസ്സു സ്വതസ്സിദ്ധവും അതിനെ അന്തരീക്ഷത്തിൽനിന്നു സംഭരിക്കുന്നതിനു ശരീരത്തിനുള്ള ശക്തി അനുസരിച്ചു വർദ്ധിപ്പിക്കപ്പെടാവുന്നതുമാകുന്നു. ഓജസ്സു സംഭരിക്കുന്നതിനു ശരീരത്തിനു ആരോഗ്യം അത്യാവശ്യമാണ്. ആരോഗ്യത്തിന്റെനിലയനുസരിച്ചാണ് ശരീരത്തിനു ഓജസ്സിനേ പകർന്നുകൊടുക്കാനുള്ളശക്തി ഉണ്ടാകുന്നതു്. ഇതാണ് രോഗികൾക്കു ഓജസ്സു ഒന്നിനൊന്നുകുറഞ്ഞുവരുന്നതു്. ശരീരത്തിൽ ദുഷ്ട് എത്ര കൂടുതൽ വർദ്ധിക്കുന്നുവൊ അത്രയും കൂടുതൽ ഓജസ്സു നശിക്കയും ഓജസ്സിനെ പകർന്നുകൊടുക്കാനുള്ള ശക്തി ക്ഷയിക്കയുംചെയ്യും. ഇതുകൊണ്ടാണു കൊഴുത്തുതടിച്ച ആളുകൾക്കു സ്വല്പം അദ്ധ്വാനംകൊണ്ടു വലിയ ക്ഷീണം ഉണ്ടാകുന്നതു്. ദേഹത്തിൽ ഉള്ള ദുർമ്മേദസ്സുകൾമുഴുവനും പോകുമ്പോൾ അതേ ആളുകളുടെ ഓജസ്സും ബലവും വർദ്ധിച്ചുവരും. ദേഹത്തിൽ അനാവശ്യമായി ദുർമ്മേദസ്സു സമ്പാദിച്ചു കൂലിയില്ലാത്തചുമടും വഹിച്ചുസദാ കഷ്ടപ്പെടുകയുംരോഗാണുക്കളേ തങ്ങളറിയാതെശ്രദ്ധയായിപോററിവരികയുംചെയ്യുന്ന കുബേരസഹോദരങ്ങളെകാണുമ്പോൾ മനുഷ്യസ്നേഹികൾക്കു ഹൃദയവ്യഥ ഉണ്ടാകാതെ ഇരിക്കയില്ല ഇവരുടെ ഈ പരിതാപകരമായഅവസ്ഥക്കു ഉത്തരവാദികൾ ഇവർതന്നെയാണ്. പ്രകൃതിനിയമത്തിനു വിപരീതമായി അമിതഭക്ഷണംകഴിച്ച കുററത്തിനു പരിഹാരമായി കുറേദിവസം ഉപവാസവ്രതം നടത്തുന്നപക്ഷം ആരോഗ്യവും ഓജസ്സും ബലവും ഇവർക്കെല്ലാം ലഭിക്കും. യാതൊരു സ്വാധീനതയുംഇല്ലാതെ കിടപ്പിൽതന്നെ കഴിച്ചുകൂട്ടുന്ന രോഗികൾ കുറേദിവസം ഉപവസിച്ചുനോക്കട്ടെ. ബലവും ഓജസ്സും ഒന്നിനൊന്നിനു വർദ്ധിച്ചു അവർക്കു എഴുന്നേററു ഓടുന്നതിനും ചാടുന്നതിനും സാധിക്കും. ഈ സംഗതി ഓർത്താൽ ശരീരത്തിനു ഓജസ്സും ബലവും ഭക്ഷണസാധനങ്ങളിൽ നിന്നല്ല ലഭിക്കുന്നതു എന്നും പ്രകൃതിമാതാവു അന്തരീക്ഷത്തിൽ സംഭരിച്ചുവെച്ചിട്ടുള്ള ഓജഃകോശത്തിൽനിന്നു അതിനേ എടുത്തുപയോഗിക്കുന്നതിനു ശരീരത്തേ യോഗ്യമാക്കിവെയ്ക്കുന്നതുമാത്രമാണ് ഓജസ്സിനേ വർദ്ധിപ്പിക്കാനുള്ള മാർഗ്ഗം എന്നും ആർക്കും ബോദ്ധ്യപ്പെടും. ആരോഗ്യം വർദ്ധിക്കുന്തോറും ഓജസ്സിനേ ശേഖരിക്കാനുള്ള ശക്തിയും വർദ്ധിക്കുന്നതു ഈ കാരണംകൊണ്ടാണ്. ജലവിതരണപദ്ധതിയിലേ കുഴലുകളിൽ അഴുക്കു കയറി അവ അടഞ്ഞുപോയാലുണ്ടാകുന്നതുപോലേയുള്ള കുഴപ്പമാണ് ശരീരത്തിലേ രക്തക്കുഴലുകളിൽ ദുർമ്മേദസ്സു കയറിനിറഞ്ഞാലുണ്ടാകുന്നതു്. നാമ്പുകളിൽ ദുർമ്മേദസ്സുനിറഞ്ഞാൽ അവയ്ക്കു ഓജസ്സിനേ പകർന്നുകൊടുക്കുന്നതിനുള്ളശക്തി കുറയുകയും തീരേ നശിച്ചുപോകുകതന്നെയുംചെയ്യും. ഇതാണ് നാമ്പുസംബന്ധിച്ച രോഗം പിടിപെട്ടവർക്കു ഓജസ്സും ബലവും നശിച്ചു സദാക്ഷീണം തോന്നുന്നതു്. ശരീരത്തിനു ആവശ്യമുള്ളതിൽ കൂടുതലായി നാം കഴിയ്ക്കുന്ന ഭക്ഷണസാധനം വിഷമായി പരിണമിച്ചു രോഗത്തേ ഉണ്ടാക്കും. മനുഷ്യശരീരത്തിന്റേ നിർമ്മാണത്തിൽ പ്രകൃതിമാതാവു പ്രത്യേകം ശ്രദ്ധവെച്ചിട്ടുള്ളതുകൊണ്ടാണ്. പ്രകൃതിക്കുവിപരീതമായി ഇത്രവളരെക്കാലം പ്രവൃത്തിച്ചിട്ടും മനുഷ്യകുലം നാമാവശേഷമായി തീരാഞ്ഞതു എന്നു ഒരു ശാസ്ത്രജ്ഞൻ അഭിപ്രായപ്പെട്ടിട്ടുള്ളതു് ശരിയാണ്. പരിഷ്കൃതമനുഷ്യൻ കഴിക്കുന്ന ഭക്ഷണസാധനങ്ങൾ ഒരു വാലില്ലാക്കുരങ്ങിനു കൊടുത്തു ശീലിപ്പിച്ചുനോക്കിയതിൽ ഏതാനുംവർഷംകൊണ്ടു അതിനു ക്ഷയംപിടിപെട്ട് അതു മരിച്ചുപോയി. രാജയോഗ്യമായ സുഖാനുഭവങ്ങൾനിമിത്തം സർവ്വരോഗങ്ങൾക്കും അഭയസ്ഥാനമായിതീർന്നു സകലവൈദ്യന്മാരാലും അൻപതാമത്തേവയസ്സിൽ കൈവെടിയപ്പെട്ട പ്രസിദ്ധനായ ലൂയികർനാറോ എന്നയാളിന്റേ ജീവചരിത്രം മിതഭക്ഷണത്തിന്റേ മാഹാത്മ്യത്തിനു മകുടോദാഹരണമാണു. ദിവസം ഒന്നിനു 12 ഔൺസുവീതം ഭക്ഷണംകഴിച്ച് അദ്ദേഹം ആരോഗ്യം വീണ്ടെടുത്തുവെന്നു മാത്രമല്ല ദീർഘായുസ്സിനുള്ള മാർഗ്ഗങ്ങളേപ്പററി ഒരു ഗ്രന്ഥം രചിച്ചു തന്റെ നൂറാമത്തേ ജന്മനാളിൽ പ്രസിദ്ധപ്പെടുത്തുകകൂടിച്ചെയ്തു. അദ്ദേഹം നൂററിമൂന്നാമത്തേവയസ്സിൽ അനായാസേന ശരീരത്തേ ത്യജിച്ചു. സുപ്രസിദ്ധനായ പ്ലെച്ചർ എന്നയാളിന്റെകാര്യം എടുത്തുനോക്കാം. അദ്ദേഹം ദിവസം ഒരു പ്രാവശ്യംമാത്രമേ ഭക്ഷണംകഴിക്കു. ഓരോകബളവും നൂററിഅൻപതു പ്രാവശ്യംവീതം ചവച്ചു 20 മിനിട്ടുനേരംകൊണ്ടു എത്രഭക്ഷണംകഴിക്കാമോ അത്രയുംമാത്രമാണ് അദ്ദേഹം കഴിക്കുന്നതു്. വയോവൃദ്ധനായ അദ്ദേഹം ഭാരംപൊക്കുന്ന കാര്യത്തിൽ യുവകായികാഭ്യാസികളേ ലജ്ജിപ്പിച്ചിട്ടുണ്ട്. ശരീരത്തിനാവശ്യമുള്ളിടത്തോളംമാത്രം ഭക്ഷണം കഴിക്കുന്നതുകൊണ്ടാണ് അദ്ദേഹത്തിനു ഈവിധം ആരോഗ്യവും ബലവും ലഭിച്ചതു്. പാശ്ചാത്യരീതിയിലുള്ള കായികാഭ്യാസംകൊണ്ടു ലോകപ്രസിദ്ധരായിത്തീർന്നവരിൽ ഒരാളെങ്കിലും ദീർഘായുസ്സു അനുഭവിച്ചിട്ടുണ്ടോ? ദിഗന്തവിശ്രാന്തകീർത്തിമാന്മാരായിരുന്ന സാൻഡോയും ആർതർ സാക്സണും എത്ര വയസ്സുവരേ ജീവിച്ചിരുന്നു? തങ്ങളുടെ ബലപ്രദർശനങ്ങൾ എത്രാമത്തേ വയസ്സുവരേനടത്തി? സാൻഫോർഡ് ബെന്നററു പറയുന്നതുപോലെ കായികാഭ്യാസികളെല്ലാം ക്ഷയം പിടിച്ചു അകാലമരണമേ പ്രാപിച്ചിട്ടുള്ളു. ഇതിന്റെ കാരണം പ്രകൃതിക്കുവിപരീതമായ അവരുടെ ഭക്ഷണരീതിയും ശരീരപുഷ്ടി വരുത്തുന്നതിലുള്ള അത്യാസക്തിനിമിത്തം ചെയ്യാനിടവരുന്ന അതിവ്യായാമവുമാണ്. നേരേമറിച്ചു, പ്രകൃതിക്കു യോജിച്ച ജീവിതരീതിയും ആവശ്യമുള്ള വ്യായാമവും ചെയ്യുന്നപക്ഷം ദീർഘായുസ്സും പൂർണ്ണാരോഗ്യവും അത്ഭുതകരമായ ബലവും ആർക്കും ഉണ്ടാകുമെന്നുള്ളതിനു പ്ലെച്ചറും, ബെന്നററും, മുള്ളറും മററും ഉദാഹരണങ്ങളാണ്. എന്തെങ്കിലും ഒരത്ഭുതപ്രവൃത്തി ചെയ്തു ലോകത്തേ പരിഭ്രമിപ്പിച്ചു അധികം താമസിയാതേ മരിക്കുന്നതുകൊണ്ടു എന്താണ് പ്രയോജനം എന്നു ബെർനാർ മക്ഫാഡൻ ചോദിക്കുന്നതു വളരെ യുക്തമാണ്. എനിക്കു നേരിട്ടറിവുള്ള ഒരു കായികാഭ്യാസിയുടെ കാര്യം എടുത്തു പറയാം. 1097-ാമാണ്ടു ഞാൻ മീനച്ചിൽ താമസി

ക്കുന്ന കാലത്തു അവിടെ ഒരു സർക്കസ്സ്കമ്പനി വന്നുചേൻ്നു. അതിൽ തങ്കവേലു എന്നു പേരായി 22 വയസ്സുമാത്രം പ്രായമുള്ള ഒരുവനുണ്ടായിരുന്നു. അവൻ മോട്ടോർപിടിച്ചു നിറുത്തുക, നെഞ്ചത്തു കരിങ്കല്ലു കയററുക മുതലായ അഭ്യാസങ്ങൾ കാണിച്ചു. അയാളോടു ആനയേ നെഞ്ചത്തു കയററാമോ എന്നു ചിലർ ചോദിച്ചു. ആനയുണ്ടെങ്കിൽ കയററാം എന്നയാൾ പറഞ്ഞു. അടുത്ത ദിവസം ഏഴടിപൊക്കമുള്ള ഒരാനയെ അവർ ഏപ്പാടുചെയ്തു തങ്കവേലു അന്നു പകൽസമയംകൊണ്ടു ആ ആനയേ പഴക്കി അന്നുരാത്രിയിൽതന്നെ അതിനേ നെഞ്ചത്തു കയററി. ഇത്ര ബലവാനായ തങ്കവേലു അതിനുശേഷം മൂന്നുമാസം കഴിഞ്ഞു ഒരു പനിപിടിപെട്ടു മരിച്ചുപോയി. അയാളുടെ മാംസപേശികൾ ഉരുക്കുപോലെ ബലമുള്ളവയായിരുന്നു. നെഞ്ചിനു ചുററും ചങ്ങല കെട്ടി ശ്വാസംപിടിച്ചു നെഞ്ചുവീപ്പിച്ചു അയാൾ ചങ്ങല പൊട്ടിക്കാറുണ്ടായിരുന്നു. ഇങ്ങിനേയുള്ള ലോഹകായൻ ഒരു വെറും പനികൊണ്ടു എങ്ങിനേ മരിച്ചു?

അയാളുടേ ഉള്ളിലുള്ള അവയവങ്ങൾക്കു ആരോഗ്യം ലേശമില്ലാതിരുന്നതുകൊണ്ടാണു അയാളെ പനി കൊന്നതു്. സാൻഡോയുടെ ശിഷ്യനായ ഈ കായികാഭ്യാസിയുടേ മാംസപേശികൾമാത്രം വളൎന്നിരുന്നു; ഉള്ളിലുള്ള അവയവങ്ങൾക്കു അതിനനുരൂപമായ വളർച്ചയുണ്ടാകുന്നതിനു വേണ്ട കായ്യം ഒന്നും അയാൾ ചെയ്തിരുന്നില്ല. ഈ കാരണത്താലാണു കായികാഭ്യാസികൾ പൊതുവേ അല്പായുസ്സുകളായിതീരുന്നതു്. പ്രസിദ്ധ കായികാഭ്യാസിയായിരുന്ന ഹരിപ്പാട്ടു അമ്പിയിൽ കിട്ടുപിള്ളയ്ക്കു മരിക്കുമ്പോൾ വയസ്സു എത്ര കുറവായിരുന്നു? പ്രകൃതിദേവിയുടെ നിയമങ്ങളെ ലംഘിക്കുന്നവൎക്കു അതിനു ശിക്ഷ നിശ്ചയമായി കിട്ടും. ആളിൻെറ സ്ഥാനവലിപ്പമോ, സ്വത്തോ അയാളേ സഹായിക്കയില്ല. കായികാഭ്യാസംകൊണ്ടു കീർത്തിനേടണമെന്നു മോഹിക്കുന്നവരിൽ അധികംപേരും പ്രകൃതിനിയമങ്ങളേ ലംഘിച്ചുപോകുന്നു, ഇതിൻെറ ശിക്ഷയാണു അവരുടെ ആയുസ്സ് വേഗത്തിൽ അവസാനിച്ചു പോകുന്നതു്.

ഭക്ഷണം കഴിച്ചാൽ കൂടുതൽ ഊൎജ്ജിതം കാണുന്നതു എന്തുകൊണ്ടാണെന്നു ഇവിടെ ഒരു ചോദ്യമുണ്ടാകാം. അതിനുത്തരമായി ഒരു ചോദ്യംതന്നേ ഞാൻ ചോദിക്കാം. ചാരായം മുതലായ ലഹരിസാധനങ്ങൾ കഴിച്ചാൽ ഊൎജ്ജിതം ഉണ്ടാകുന്നതു എന്തുകൊണ്ടാണു്? ഈ രണ്ടു അനുഭവങ്ങളുടേയും കാരണം ഒന്നുതന്നേയാണു് കഴിച്ച സാധനത്തിൻെറ ലഹരികൊണ്ടുണ്ടാകുന്ന ഊൎജ്ജിതം മാത്രമാണു ഇങ്ങിനേ കാണപ്പെടുന്നതു്. മടിയനായ കുതിരയ്ക്കു ചാട്ടകൊണ്ടുള്ള പ്രഹരം ഏൾക്കുമ്പോൾ ഉണ്ടാകുന്ന ഊൎജ്ജിതംപോലേയാണു ഈ ഊൎജ്ജിതം. കഴിച്ച സാധനം ശരീരത്തിനു ഉപയോഗിക്കുന്നതിനു അതു ദഹിച്ചു രക്തമായി പരിണമിക്കണം. ഇതിനു വളരേ സമയം വേണം. ഭക്ഷണം കഴിച്ച ഉടനേ പ്രത്യക്ഷപ്പെടുന്ന ഊൎജ്ജിതം ഇങ്ങിനെ ഉണ്ടാകാൻ ഇടയില്ല. അതുകൊണ്ടു ഭക്ഷണം കഴിച്ചാലുടനേ കാണുന്ന ഊൎജ്ജിതം ഭക്ഷണസാധനത്തിൻെറ ലഹരികൊണ്ടുമാത്രം ഉണ്ടാകുന്നതാണു്. കഴിക്കുന്ന സാധനത്തിൻെറസ്വഭാവമനുസരിച്ചാണു ഈ ഊൎജ്ജിതത്തിൻെറ കൂടുതൽ കുറവു സ്ഥിതിചെയ്യുന്നതു്. ലഹരിനിമിത്തം ഉണ്ടാകുന്ന ഊൎജ്ജിതം കുറേ കഴിഞ്ഞു മാറുകയും പിന്നീടു കൂടുതൽ ക്ഷീണം ഉണ്ടാകുകയും ചെയ്യും. ഭക്ഷണസാധനങ്ങളുടേ ലഹരിക്കു വേറൊരു തെളിവു മൃഷ്ടാന്നഭോജനം കഴിഞ്ഞാൽ മനസ്സിനു കൃമ്മത കുറഞ്ഞുകാണുന്നതുതന്നേയാണു്. വ്രതമാചരിക്കുന്നവർ ഉപവാസം നടത്തുന്നതു മനസ്സിനു ഏകാഗ്രതയും ശാന്തിയും ലഭിക്കുന്നതിനാണു്. ഭക്ഷണസാധനങ്ങൾ ലഹരിഉണ്ടാക്കുന്നു എന്നു മാത്രമല്ല, സ്ഥായിയായ വ്യത്യാസം സ്വഭാവത്തിനുകൂടി ഉണ്ടാക്കും. മാംസഭക്ഷകന്മാർ കാലക്രമേണ ക്രൂരസ്വഭാവികളായിത്തീരുന്നു. ക്രൂരജന്തുക്കളായ സിംഹം കടുവാ മുതലായവയേ വേറേ ഭക്ഷണസാധനങ്ങൾ കൊടുത്തു വളത്തി ചിലർ ശാന്തസ്വഭാവികളാക്കാറുണ്ടു്. ഇതിൽനിന്നു തെളിയുന്നതു ഭക്ഷണസാധനങ്ങൾ തിരഞ്ഞെടുക്കുന്നതിൽ നമുക്കു പ്രത്യേകശ്രദ്ധയുണ്ടായിരിക്കേണ്ടതാണു് എന്നാകുന്നു.

ഭക്ഷണം ദഹിപ്പിക്കുന്നതിനു ശരീരത്തിൻെറ ഓജസ്സിൽ ഒരു ഭാഗം ചിലവാകുന്നുണ്ടു്. അനാവശ്യമായി കൂടുതൽ സാധനങ്ങൾ ഉള്ളിൽ തള്ളിക്കയറുന്ന ആളുകൾ തങ്ങൾക്കു വളരെ ദോഷമാണു ചെയ്യുന്നതു്. ഇങ്ങിനെ ചെയ്യുന്നതു ശരീരപുഷ്ടിയും ബലവും വർദ്ധിക്കുമെന്നുള്ള വിശ്വാസംകൊണ്ടാണു്. എന്നാൽ അവൎക്കു ലഭിക്കുന്നതു ക്ഷീണവും രോഗവും മാത്രമാകുന്നു. നല്ല പ്രവൃത്തികൾക്കായി ഉപയോഗിക്കുന്നതിനുവേണ്ടി നാം സംഭരിച്ചു സൂക്ഷിക്കേണ്ട ഓജസ്സിൻെറ ഒരു വലിയ അംശം ദഹനക്രിയക്കായി നാം വൃഥാ നഷ്ടപ്പെടുന്നു. അമിതഭക്ഷകന്മാർ തങ്ങളുടെ ഓജോഭണ്ഡാരത്തെ ശോഷിപ്പിക്കുകയും മിതഭക്ഷകന്മാർ അതിനെ പോഷിപ്പിക്കുകയുമാണു ചെയ്യുന്നതു. ഓജസ്സു ഭക്ഷണത്തിൽനിന്നോ സിദ്ധൌഷധങ്ങളെന്നു പേർ ചുമക്കുന്ന സാധനങ്ങളിൽനിന്നോ നമുക്കു ലഭിക്കുന്നില്ല, ലഭിക്കുകയുമില്ല. നാം വേലചെയ്തു വളരെ ക്ഷീണിക്കുന്ന അവസരങ്ങളിൽ തുറന്ന സ്ഥലത്തു ഈൎപ്പമുള്ള മണ്ണിൽ കുറേസമയം മലൎന്നും കമഴ്ന്നും ചരിഞ്ഞും കിടന്നാൽ നമ്മുടെ ആ ക്ഷീണം നിശ്ശേഷം മാറും. ക്ഷീണിച്ചു തളൎന്നുപോയ കുതിരയെ നാം അഴിച്ചുവിട്ടാൽ അതു മണ്ണിൽകിടന്നുരുണ്ടാണു ക്ഷീണംതീക്കുന്നതു. ഇങ്ങനെ ചെയ്യുമ്പോൾ അന്തരിക്ഷത്തിൽ നിന്നും ഭൂമിയിൽനിന്നും ഓജസ്സ് അതിൻെറ ശരീരത്തിലേക്കു ഒഴുകിക്കയറും. മാസ്മരവിദ്യാവിശാരദന്മാർ പറയുന്നതു ക്ഷീണംമാറുന്നതിനു ശരീരം മുഴവനും അയച്ചുവെച്ചാൽ (passive condition)മതി എന്നാണു്. ഇങ്ങനെ അയച്ചുവെച്ചാൽ ക്ഷീണം മാറുന്നതു എന്തുകൊണ്ടാണെന്നു അവർ പറയുന്നില്ല. എന്നാൽ ശരീരത്തെ ഈ സ്ഥിതിയിൽ നാം വയ്ക്കുന്നപക്ഷം അന്തരിക്ഷത്തിൽനിന്നും ഓജസ്സു ശരീരത്തിൽ കൂടുതൽ പ്രവഹിക്കും. ഇതാണു സുഖനിദ്രകൊണ്ടു ക്ഷീണം മാറി ഉന്മേഷം ഉണ്ടാകുന്നതു്. പ്രാണായാമം ചെയ്യുന്ന അവസരത്തിലും കൂടുതൽ ഓജസ്സു ശരീരത്തിൽ കയറും. തുറന്ന സ്ഥലത്തു നഗ്നമായിനിന്നു കാററും വെളിച്ചവും ശരീരത്തിലേററാൽ ഓജസ്സ് വർദ്ധിക്കും. ശരീരം എത്രമാത്രം ശുദ്ധമായിരിക്കുന്നുവോ അത്രമാത്രം ഓജസ്സു അതിൽ പ്രവഹിക്കും. ഇതാണു് ആരോഗ്യസമ്പന്നന്മാരായ ആളുകൾ സദാ സന്തുഷ്ടന്മാരും ഊർജ്ജസ്വലന്മാരുമായി കാണപ്പെടുന്നതു്. ആനന്ദസമ്പാദനമാണു സകല ജീവജാലങ്ങളുടെയും ലക്ഷ്യം. മനുഷ്യൎക്കു ഈ ശതാബ്ദത്തിൽ വിശേഷിച്ചും ധനലോഭം വർദ്ധിക്കാനുള്ള കാരണം ധനത്തിനു സുഖത്തേയും ആനന്ദത്തേയും തരുന്നതിനുള്ള ശക്തിയുണ്ടെന്നുള്ള വിചാരമാണു്. എന്നാൽ ധനത്തിനു ആനന്ദത്തെ തരാനുള്ള ശക്തിയില്ല എന്നുള്ളതു ഏതു കോടീശ്വരൻെറ ജീവചരിത്രം വായിച്ചാലും ആൎക്കും ബോദ്ധ്യമാകും. ആനന്ദത്തെ തരുന്നതും നശിപ്പിക്കുന്നതും മനസ്സാണു്. മനസ്സിനു ആരോഗ്യം ലഭിച്ചാൽ മാത്രമേ ആനന്ദം കരസ്ഥമാകൂ. രാഗാദി മഹാരോഗങ്ങളാൽ ക്ഷീണമായ മനസ്സ് എങ്ങിനെ യഥാൎത്ഥമായ ആനന്ദത്തെ നൾകും? ഉപവാസമനുഷ്ഠിക്കാത്തവനു യഥാൎത്ഥമായ വിശപ്പിൻെറ സ്വഭാവവും യഥാൎത്ഥ വിശപ്പുവരുമ്പോൾ ഭക്ഷണംകഴിച്ചാൽ അനുഭവപ്പെടുന്ന ആ അവാച്യമായ ആസ്വാദ്യതയും എങ്ങിനെ അറിയാൻ സാധിക്കും? നാദാനുസന്ധാനം ചെയ്തു സമാധിയിൽ ലയിക്കുമ്പോൾ ഉണ്ടാകുന്ന നിർവൃതി യോഗപരിശീലനംചെയ്യാത്തവർ എങ്ങിനെ അനുഭവിക്കും? പരിപൂൎണ്ണാരോഗ്യം ലഭിച്ചാൽ ഉണ്ടാകുന്ന സുഖവും ഊൎജ്ജിതവും പരമാനന്ദവും ഇന്നത്തെ പരിഷ്കൃതലോകം എങ്ങനെ അനുഭവിച്ചറിയും? ആരോഗ്യപൂൎണ്ണമായ ശരീരത്തിൽ ആരോഗ്യപൂൎണ്ണമനസ്സു സമ്പാദിക്കുന്നയാൾ പരമാനന്ദംതന്നെ അനുഭവിക്കും. യോഗികൾ ചെയ്യുന്നതും ഇതുതന്നെയാണു്. അവർ കായസിദ്ധിവരുത്തീട്ടാണു മനഃസിദ്ധിവരുത്തുന്നതു്. കായസിദ്ധിവന്ന യോഗിയുടേ ശരീരസ്ഥിതി വൎണ്ണിച്ചിരിക്കുന്നതു ഇങ്ങിനെയാണു്

> "വപുഃ കൃശത്വം, വദനേപ്രസന്നത,
> നാദസ്ഫുടത്വം,നയനേസുനിൎമ്മലേ,
> അരോഗതാ,മൂത്രപുരിഷമല്പം,
> നാഡീവിശുദ്ധിഃ..............."

പ്രകൃതിജീവിതമനുസരിച്ചു പ്രവൎത്തിച്ചു പൂൎണ്ണാരോഗ്യം വീണ്ടെടുത്ത ഒരാളിനു മേൽ വിവരിച്ച സകല ലക്ഷണങ്ങളും പൂൎണ്ണമായി തെളിഞ്ഞുകാണും. ധൌതി വസ്തി മുതലായ ഷൾകർമ്മങ്ങൾകൊണ്ടുണ്ടാകുന്ന സിദ്ധി ഉപവാസം, വ്യായാമം, സ്നാനം, വസ്തി, ഫലഭക്ഷണം ഇവകൊണ്ടും ഉണ്ടായിക്കാണുന്നുണ്ടു്. പൂൎണ്ണാരോഗ്യത്തിൽ എത്തിയാൽ ഒരു യോഗിയുടെ മനഃസിദ്ധി തനിയേ വന്നുകാണുന്നുണ്ടു്. പിന്നീടു സാത്വികമായ ഭക്ഷണംതന്നെ തുടൎന്നുകൊണ്ടു പോകുന്നവൎക്കു ആ സിദ്ധി സ്ഥായിയായിതന്നെ ഇരിക്കുന്നു. രാജയോഗം പരിശീലിക്കുന്ന അനേകംപേൎക്കു പ്രകൃതിജീവിതംകൊണ്ടു യോഗമാർഗ്ഗത്തിലെ ഗതിക്കു വള

രെ കൂടുതൽ ലാഘവവും ശീഘ്രതയും ലഭിച്ചിട്ടുള്ളതു എനിക്കു നേരിട്ടറിയാം. രാജയോഗപരിശീലനത്തിന്റെ ഉദ്ദേശവും ആനന്ദാനുഭൂതിയാണല്ലോ. സകല ജീവജാലങ്ങളും കാംക്ഷിക്കുന്ന ആനന്ദം സ്ഥിതിചെയ്യുന്നതു മനസ്സിലായതുകൊണ്ടും ആ മനസ്സു വേണ്ടവിധം പ്രവർത്തിക്കണമെങ്കിൽ ആരോഗ്യം അത്യാവശ്യമായതുകൊണ്ടും ആനന്ദകാംക്ഷികൾ ചെയ്യേണ്ടതു ആരോഗ്യത്തെ സമ്പാദിക്കുകയാകുന്നു എന്നു സ്പഷ്ടമായി.

ഭക്ഷണത്തിൽനിന്നല്ലാ ഓജസ്സു ലഭിക്കുന്നതു എന്നുള്ളതിനു ബലമായ വേറൊരു തെളിവു സമാധിയിൽ ലയിച്ചിരിക്കുന്ന യോഗികളുടെ ദേഹത്തിനു എത്രകാലംചെന്നാലും യാതൊരു വാട്ടവും വരുന്നില്ലാ എന്നുള്ളതാണു്. ജീവനുള്ള ശരീരം പ്രവർത്തിച്ചുകൊണ്ടാണു ഇരിക്കുന്നതു്. എന്നാൽ ജീവനെ ബ്രഹ്മരന്ധ്രത്തിനു സമീപംകൊണ്ടുചെന്നു നിറുത്തിയാൽ ശരീരത്തിലെ കലകൾക്കു പൂർണ്ണവിശ്രമം കിട്ടുന്നു. ആ സമയം ശരീരത്തിന്റെ അംശങ്ങൾ ഒന്നും നശിക്കുന്നില്ല അതുകൊണ്ടു ഭക്ഷണത്തിന്റെ ആവശ്യം നേരിടുന്നില്ല. ഖേചരീമുദ്രകൊണ്ടു പ്രാണവായുവിന്റെ ഗതിയെ തടഞ്ഞാൽ ജീവൻ തനിയേ ബ്രഹ്മരന്ധ്ര (Pituitary gland)ത്തിനടുത്തുചെന്നു നിന്നുകൊള്ളും പിന്നീടു സമാധിയിൽ ലയിച്ചു ഇരിക്കാം. എന്നാൽ അതിനുമുമ്പു ദഹനയന്ത്രം മുഴുവനും ധൌതിക്രിയകൊണ്ടു വൃത്തിയാക്കണം. അല്ലാത്തപക്ഷം ഭക്ഷണസാധനത്തിന്റെ അംശം വല്ലതും കുടലിൽ കിടന്നു കൃമിച്ചു ആ കൃമികൾ കുടലിനെ തിന്നു കേടുണ്ടാക്കും. ധൌതിയും ഖേചരീമുദ്രയും ശ്രമം വളരെ ചെയ്തു സ്വാധീനമാക്കേണ്ട വിദ്യകളാണു്. എല്ലാവക്കും ഇതു സാദ്ധ്യമല്ല. എന്നാൽ അകം മുഴുവനും ശുദ്ധമാകുന്നതുവരെ ഉപവാസവും ജലപാനവും വസ്തിയും നടത്താൻ ദൃഢനിശ്ചയമുള്ളവക്കെല്ലാം സാധിക്കും. ഇങ്ങിനെ ചെയ്യുന്നതോടുകൂടി മനസ്സിനെ ഏകാഗ്രമാക്കി അന്തർമ്മുഖമാക്കാൻ ശീലിച്ചാൽ കാലക്രമംകൊണ്ടു മനോജയം ലഭിക്കും. മനോജയം ലഭിച്ചാൽ ശ്വാസം താനേ നില്ക്കും ഹൃദയവും നില്ക്കും. ഇങ്ങിനെ സ്വല്പനേരം സാധിച്ചാൽ ഹൃദയത്തിനും ശ്വാസകോശത്തിനും ഓജസ്സു വർദ്ധിക്കും. സ്ഥിരപരിശീലനംകൊണ്ടു ഈ നിലയുടെ സമയം അരമണിക്കൂർവരെ വർദ്ധിപ്പിക്കാം. അത്രയും സിദ്ധി ലഭിച്ചാൽ ആയുസ്സും ആരോഗ്യവും യഥേഷ്ടം വർദ്ധിപ്പിക്കാം, പരമാനന്ദമനുഭവിക്കാം, ജീവിതം നിഷ്കളങ്കമായ സുഖംതന്നെ ആയിത്തീരും, മനസ്സിന്റെ ദിവ്യശക്തി പ്രത്യക്ഷപ്പെടും, തനിക്കു സവ്വവും സാദ്ധ്യമാണെന്നുള്ള ബോധം ഉദിക്കും ഈ അവസ്ഥയാണു സമ്പാദിക്കേണ്ടതു്. ഇതിന്റെ ലാഭമാണു മനുഷ്യനെ സിദ്ധനാക്കുന്നതു്.

---


## അമരസിംഹൻ.

രജപുത്രരാജാക്കന്മാരുടേയും, രാജ്ഞികളുടെയും വീരകൃത്യങ്ങളെക്കൊണ്ടു നിബിഡമായ ഒരു നോവൽ. വില അണ 12.

ശ്രീരാമവിലാസം പ്രസ്സ്, കൊല്ലം.


# സറവാക്കു് രാജാക്കന്മാർ.

(കെ. സി. ഫിലിപ്പ് എം. എ.)

ഇംഗ്ലണ്ടിലെ രാജാവായ ജോർജ്ജ് അഞ്ചാമൻ കൂടാതെ ലോകത്തിൽ വേറൊരു ഇംഗ്ലീഷ്‌രാജാവും ഒരു രാജകുടുംബവും ഉണ്ടെന്നു പലരും അറിഞ്ഞിരിക്കയില്ലല്ലോ. ഇദ്ദേഹം സറവാക്കിലെ രാജാവായ സർ വൈനർബ്രൂക്കു് ആകുന്നു. സറവാക്കു് ബോർണിയോ ദ്വീപിന്റെ ഉത്തരപശ്ചിമഭാഗത്തു സ്ഥിതിചെയ്യുന്ന ഒരു രാജ്യമാകുന്നു. ഇതിന്റെ വിസ്തൃതി ഏകദേശം 42,000 ചതുരശ്രമൈലും ജനസംഖ്യ 00,000-ത്തിൽ കൂടുതലും ആകുന്നു.

ഏകദേശം ഒരു നൂററാണ്ടിനുമുമ്പു ഈ പ്രദേശം ഏററവും നിഷ്ഠൂരന്മാരായ കാട്ടുജാതിക്കാരാൽ അധിവസിക്കപ്പെട്ടിരുന്നു. അവരുടെ പ്രധാന വിനോദം അഥവാ തൊഴിൽ മററുള്ളവരുടെ കഴുത്തു കണ്ടിക്കമാത്രമായിരുന്നു. തീരപ്രദേശങ്ങളിൽ കടൽകള്ളന്മാർ അവരുടെ സങ്കേതം ഉറപ്പിച്ചിരുന്നു. ചൈനാ, ജപ്പാൻ മുതലായ രാജ്യങ്ങളിലേക്കു യാത്രചെയ്യുന്ന കപ്പൽക്കാർ ഈ പ്രദേശങ്ങളിൽനിന്നു രക്ഷപെടുന്നതുവരെ തങ്ങളുടെ ജീവൻ കൈയ്യിൽ വഹിച്ചുകൊണ്ടുതന്നെ കരുതിനിന്നിരുന്നു ചില കപ്പലുകൾ യാതൊരു കാരണവുംകൂടാതെ തന്നെ ചിലപ്പോൾ അപ്രത്യക്ഷമായി. ചുരുക്കിപ്പറഞ്ഞാൽ ഈ ദ്വീപും അതിന്റെ പരിസരപ്രദേശങ്ങളും മനുഷ്യക്കു ഏററവും വലിയ ഭയത്തെ ഉളവാക്കിയിരുന്നു.

ഇപ്രകാരമുള്ള ഒരു രാജ്യത്തിന്റെ ആദ്യത്തെ രാജാവായി ജെയിംസ് ബ്രൂക്ക് (Janes Brooke) എന്ന ഇംഗ്ലീഷ്കാരൻ 1835-ാമാണ്ടിൽ സ്ഥാനം കൈയ്യേററു. അതോടുകൂടി ആ ഭൂഭാഗത്തിന്റെ ചരിത്രം ആകമാനം ഒന്നു വ്യത്യാസപ്പെടുന്നതിനും കാരണമായി. ജെയിംസ ബ്രൂക്ക് 1803-ാമാണ്ടു ഇൻഡ്യയിൽ ജാതനായി. തന്റെ ബാല്യകാലത്തുതന്നെ പൂർവ്വപ്രദേശങ്ങളിലെ ആഡംബരകോലാഹലങ്ങളിൽ അദ്ദേഹത്തിനു എന്തെന്നില്ലാത്ത ഒരു ആകർഷണമുണ്ടായിരുന്നു. മുഗൾചക്രവർത്തിമാരുടെ രാജപദവികളും അവരുടെ കൊട്ടാരങ്ങളിലെ പ്രതാപപ്രൗഢികളും അദ്ദേഹം സശ്രദ്ധം പഠിച്ചു, തനിക്കും പ്രായമാകുമ്പോൾ ഇപ്രകാരമുള്ള ഒരു വലിയ രാജാവായിട്ടു സകല ആഡംബരങ്ങളോടുംകൂടി വാഴണമെന്നു ചെറുപ്പത്തിൽതന്നെ ആഗ്രഹിക്കയും ചെയ്തിരുന്നു. എന്നാൽ ഇതു നിറവേററുന്നതു എങ്ങിനെ എന്നു അദ്ദേഹം അറിഞ്ഞിരുന്നില്ല. ബാല്യം കഴിഞ്ഞു യൌവ്വനദശ പ്രാപിച്ചപ്പോൾ ഈ ആഗ്രഹം കൂടിക്കൂടി വന്നതല്ലാതെ വേറെ വ്യത്യാസമൊന്നും ഉണ്ടായില്ല.

ജെയിംസ്ബ്രൂക്കിന്റെ 32-ാമത്തെ വയസ്സിൽ തന്റെ കുടുംബാവകാശമായി ഒരു ചെറിയ തുക അദ്ദേഹത്തിനു സിദ്ധിച്ചു. ഈ പണം കിട്ടിയപ്പോൾതന്നെ ഇതു എങ്ങിനെയാണു ചിലവാക്കേണ്ടതെന്നു അദ്ദേഹം നിശ്ചയിച്ചുകഴിഞ്ഞു. തന്റെ ബാല്യകാലങ്ങളിലെ ആഗ്രഹങ്ങൾ നിറവേററുന്നതിനു പററിയ അവസരം ഇതുതന്നെയെന്നു നിശ്ചയിച്ചു ഭാഗ്യം ഒന്നു പരീക്ഷിക്കാൻ ഒരുമ്പെട്ടു ഒരു കപ്പൽ വാങ്ങുന്നതിനും ഒരു വലിയ യാത്രയ്ക്കാവശ്യമുള്ള സാധനസാമഗ്രികൾ സജ്ജീകരിക്കുന്നതിനുംമററും പിന്നീടു അധികം താമസമുണ്ടായില്ല. കപ്പലിനു 'റോയലിസ്റ്റു്' എന്നു നാമകരണവും ചെയ്തു.

ഇൻഡ്യാമഹാസമുദ്രത്തിന്റെ കിഴക്കേ ഭാഗങ്ങളിൽ – അതായതു കാട്ടാളന്മാർ അധിവസിക്കുന്ന മലേദ്വീപസഞ്ചയത്തിൽ —ആണു തന്റെ ആഗ്രഹലബ്ധിക്കു് പററിയ സ്ഥലങ്ങൾ എന്നു ബ്രൂക്കിനു നല്ലവണ്ണം അറിയാമായിരുന്നു 'റോയലിസ്റ്റ്' സിംഗപ്പൂർത്തുറമുഖത്തു് എത്തിയപ്പോൾ തന്റെ പ്രതീക്ഷകൾ ഏററവും ശരിതന്നെ എന്നു അദ്ദേഹത്തിനു ബോദ്ധ്യമായി. ബോർണിയോദ്വീപിന്റെ അവസ്ഥ ഏററവും അരാജകനിലയിൽ എത്തിയിരിക്കുന്നു എന്നു ബ്രൂക്കിനു മനസ്സിലായി. കടൽകള്ളന്മാരും അടിമക്കച്ചവടക്കാരും ദ്വീപിന്റെ നാനാഭാഗങ്ങളും എപ്പോഴും ആക്രമിച്ചുകൊണ്ടിരിക്കുന്നു എന്നും സ്ഥലവാസികൾ മലേരാജാക്കന്മാരോടു ക്ഷുദ്രത്തിൽ കഴിച്ചുകൂട്ടുന്നു എന്നുംമററും അദ്ദേഹത്തിനു അറിവുകിട്ടി. ഇതുതന്നെ തന്റെ ഭാഗ്യം പരീക്ഷിക്കേണ്ട സ്ഥലം എന്നു അദ്ദേഹം തീരുമാനിച്ചു കപ്പൽ ബോർണിയോയിലേക്കു നയിച്ചു. അധികം താമസിക്കാതെ കപ്പൽ ബോർണിയോവിലെത്തുകയും വിസ്തീർണ്ണമായ ഒരു നദിയിൽകൂടി ഏകദേശം 20 മൈൽ ഉള്ളിലേയ്ക്കു കയറി നംകൂരം ഉറപ്പിക്കയും ചെയ്തു.

കരയിൽപോയി സ്ഥലത്തെ സ്ഥിതിഗതികൾ ശരിക്കറിയുന്നതിനു ബ്രൂക്കു് ആയുധപാണികളായ അനുചരന്മാരോടുകൂടി ഉടനെ പുറപ്പെട്ടു. രാജ്യത്തെ അവസ്ഥ അദ്ദേഹം സിംഗപ്പൂരിൽവെച്ചു കേട്ടതിൽനിന്നു ഒട്ടും ഭിന്നമല്ലായിരുന്നു. രാജ്യവാസികൾ സകല ബുദ്ധിമുട്ടുകളും സഹിച്ചു തങ്ങളുടെ രാജാവായിരുന്ന ബ്രൂണിസുൽത്താനോടു മത്സരിച്ചുനില്ക്കുന്ന ഒരു കാലമായിരുന്നു അതു്. സുൽത്താന്റെ അധിവാസം കടൽക്കരയിൽനിന്നു വളരെ ഉള്ളിലോട്ടു കേറിആയിരുന്നു. ബ്രൂക്കിനേയും അദ്ദേഹത്തിന്റെ ആയുധപാണികളായ സഹചരന്മാരേയും കണ്ടപ്പോൾ ജനങ്ങൾക്കു ഭീതിതോന്നിത്തുടങ്ങി തങ്ങളുടെ സുൽത്താനോടുള്ളമത്സരത്തിൽ അവർ ബ്രൂക്കിന്റെ സഹായം ആവശ്യപ്പെട്ടു ബ്രൂക്കു സന്തോഷസമേതം സമ്മതിക്കയും അധികം താമ

സിയാതെ ബ്രൂണിസൽത്താന്റെ മേൽകോയ്മ അമൎച്ചവരുത്തുകയും ചെയ്തു. നാട്ടുവാസികൾ ആഹ്ലാദഭരിതരായി അദ്ദേഹത്തിനോടു തങ്ങളുടെ രാജാവാകണമെന്നു ആവശ്യപ്പെട്ടു ബ്രൂക്ക ഇതിൽ കൂടുതൽ ഒന്നും ആഗ്രഹിച്ചിരുന്നില്ല, വിചാരിച്ചിരുന്നതുമില്ല. രാജ്യഭാരം കയ്യേററതിനോടുകൂടി ബ്രൂണിസൽത്താൻ ബ്രൂക്കിനെ രാജാവായി സ്വീകരിക്കുകയും ചെയ്തു. ഇപ്രകാരം ജെയിംസ്ബ്രൂക്ക് 1835-ൽ ഏകദേശം 7000 ചതുരശ്രമൈൽ വിസ്താരമുള്ള ഒരു രാജ്യത്തിന്റെ അധിപനായി. അതോടുകൂടി പുതിയ രാജാവു രാജ്യഭരണപരിഷ്കാരങ്ങളിൽ ശ്രദ്ധപതിച്ചു. തന്നെ രാജ്യഭരണത്തിൽ സഹായിക്കുന്നതിനു ഒരു ചെറിയ നിയമസഭ രൂപീകരിച്ചു. പുതിയ നീതിന്യായചട്ടങ്ങൾ നടപ്പിലാക്കി. ശക്തിമത്തായ ഒരു ചെറിയ പട്ടാളത്തെ തിരഞ്ഞെടുത്തു. തലസ്ഥാനനഗരിയായ കച്ചിംഗിൽ തനിക്കു താമസിക്കുന്നതിനു പുതിയ ഒരു കൊട്ടാരം പണികഴിപ്പിച്ചു. അവസാനമായി തന്റെ രാജ്യത്തെ ധറവാക്ക് എന്നു നാമകരണവും ചെയ്തു.

എന്നാൽ ബ്രൂക്കിന്റെ ബുദ്ധിമുട്ടുകൾ അവസാനിച്ചിരുന്നില്ല. ഒരു പുതിയ ഇംഗ്ലീഷുരാജാവു ഇന്ത്യയോടു ഇത്ര സമീപിച്ചു സ്ഥിതിചെയ്യുന്നതു ഇന്ത്യയുടെ രക്ഷയ്ക്കൊട്ടും യോജിച്ചതല്ല എന്നു ഇംഗ്ലീഷുഗവണ്മെന്റു ഭയപ്പെട്ടു. ബ്രൂക്കിനെ സറവാക്കിൽനിന്നു ഓടിക്കാൻ വട്ടംകൂട്ടി. ബ്രൂണിസൽത്താൻ ബ്രൂക്കിനെ രാജാവായി സ്വീകരിച്ചിരുന്നു എങ്കിലും അദ്ദേഹത്തെ ഏതുവിധത്തിലെങ്കിലും അമൎച്ചവരുത്താൻ ലാക്കുനോക്കിക്കൊണ്ടിരുന്നു. അടിമക്കച്ചവടക്കാൎക്ക ഇപ്രകാരം പരിഷ്കൃതനായ ഒരു രാജാവു അവരുടെ പ്രദേശങ്ങളിൽ ജീവിച്ചിരിക്കുന്നതു ഒട്ടും ഇഷ്ടമായില്ല; അവരുടെ കച്ചവടം കാലക്രമേണ അധോഗതിയെ പ്രാപിക്കുമെന്നു അവർ ന്യായമായി ഭയപ്പെട്ടു. ബ്രൂക്കിന്റെ പ്രജകൾക്കുതന്നെ നീരസംതോന്നിത്തുടങ്ങി. അവരുടെ പാരമ്പൎയ്യമായിട്ടുള്ള തലവേട്ടനടത്തുന്നതിനെ അദ്ദേഹം കൂടുതൽകൂടുതൽ വിരോധിച്ചു അങ്ങിനെ എങ്കിൽ രാജാവിന്റെ തലതന്നെ എടുക്കണമെന്നു അവർ തീരുമാനിക്കുകയുംചെയ്തു: എല്ലാംകൂടി ഒടുക്കം വിപ്ലവത്തിൽ കലാശിച്ചു. തന്റെ പുതിയ കൊട്ടാരം വിപ്ലവക്കാർ ആക്രമിച്ചു അഗ്നിക്കിരയാക്കി. ബ്രൂക്ക ഒരു നദിയിൽചാടി നീന്തി രക്ഷപ്പെട്ടു-തന്റെ തലസ്ഥാനമായ കച്ചിംഗു മുഴുവനും വിപ്ലവക്കാർ ദഹിപ്പിച്ചു തന്റെ ചെറിയ പട്ടാളത്തെ ഒന്നില്ലാതെ കൊന്നൊടുക്കി. എന്നാൽ ഇതുകൊണ്ടൊന്നും ബ്രൂക്ക നിരാശപ്പെട്ടില്ല. വേറെ ഒരു സൈന്യം എവിടുന്നൊക്കെയോ അദ്ദേഹം ശേഖരിച്ചു വിപ്ലവം അമൎച്ചവരുത്തി. കച്ചിംഗു രണ്ടാമതു പണികഴിച്ചു. തന്നെ ഉപദ്രവിച്ചിരുന്ന കടൽകള്ളന്മാരെ എല്ലാം സൈന്യത്തിന്റെ സഹായത്തോടുകൂടി രാജ്യാതിൎത്തിക്കു പുറത്താക്കി. ബ്രൂണിസൽത്താനേയും അതുപോലെതന്നെ യുദ്ധത്തിൽ തോല്പിച്ചു കാട്ടിലേക്കു ഓടിക്കുകയുംചെയ്തു. രാജ്യത്തിൽ സമാധാനം പുനഃസ്ഥാപിച്ചു. ഈ വിപ്ലവത്തിനുശേഷം ഏകദേശം 24 കൊല്ലം ബ്രൂക്ക രാജാവായി വളരെശ്രേയസ്സോടുകൂടി വാണു- 1864-ാമാണ്ടു ഇംഗ്ലീഷുഗവൎമ്മെന്റു ബ്രൂക്കിന്റെ സ്ഥാനത്തെ സമ്മതിക്കയും ഒരു ബ്രിട്ടീഷ്പ്രതിനിധിയെ തലസ്ഥാനനഗരിയായ കച്ചിംഗിലേക്കു അയക്കുകയും ചെയ്തു.

ജെയിംസ്ബ്രൂക്ക് 1868-ൽ മരിച്ചു. തന്റെ സഹോദരപുത്രനായ ചാറൽസ്ബ്രൂക്ക് പകരം രാജാവായി ഉടൻതന്നെ അദ്ദേഹം തന്റെ രാജ്യത്തിന്റെ വിസ്തീൎണ്ണത കൂട്ടാൻ സന്നാഹങ്ങൾ തുടങ്ങി അടുത്തുണ്ടായിരുന്ന പല ചെറിയ രാജ്യങ്ങളും സറവാക്കിനു കീഴ്പ്പെടുത്തി. സറവാക്കിന്റെ ശക്തികണ്ടു വേറെ പല ചെറിയ സമ്രാട്ടുകളും രാജാവിന്റെ രക്ഷ അപേക്ഷിച്ചു. ഒടുക്കം സറവാക്ക വിസ്തീൎണ്ണതയിൽ ഇംഗ്ലണ്ടിനേക്കാളും വലിയ ഒരു രാജ്യമായി പരിണമിച്ചു. അതോടുകൂടി സറവാക്കിന്റെ സകലസ്വാതന്ത്ര്യങ്ങളും ബ്രിട്ടീഷുഗവൎമ്മെന്റു സ്വീകരിച്ചു ഒരുടമ്പടി ഉണ്ടാക്കുകയും ചെയ്തു. പ്രതിഫലമായിട്ടു സറവാക്ക വേറെ ഏതുരാജ്യത്തിനോടെങ്കിലും ഉണ്ടാക്കുന്ന ഉടമ്പടികളിൽ ബ്രിട്ടീഷുഗവമ്മെന്റിനു ഒരു അഭിപ്രായാവകാശമുണ്ടായിരിക്കണമെന്നും തീൎച്ചപ്പെടുത്തി.

ചാറൽസ്ബ്രൂക്ക ഏകദേശം 50-കൊല്ലത്തോളം രാജ്യം ഭരിച്ചു. ഇദ്ദേഹത്തിന്റെ ഭരണകാലത്തു സറവാക്കിൽ അഭൂതപൂൎവ്വമായ ഒരുണൎച്ചയും ശ്രേയസ്സും ഉണ്ടായി. കൃഷി കച്ചവടംമുതലായവ പതിന്മടങ്ങു വൎദ്ധിച്ചു. പണ്ടത്തെ തലനായാട്ടുകാർ തങ്ങളുടെ പൂൎവ്വജിവിതംമറന്നു കൃഷിമുതലായ സമാധാനതൊഴിലുകളിൽ ശ്രദ്ധപതിച്ചുതുടങ്ങി. അടിമക്കച്ചവടം നിഷ്കാസനംചെയ്തു. രാജ്യത്തിൽ സമാധാനം എല്ലായിടത്തും സ്ഥാപിച്ചു.

ചാറൽസ്ബ്രൂക്ക 1917-ൽ നിൎയ്യാതനായി. അദ്ദേഹത്തിന്റെ പുത്രൻ വൈനർബ്രൂക്ക ആതേആണ്ടിൽ രാജ്യഭാരം കയ്യേററു. ആ പുത്രൻ കേംബ്രിഡ്ജ് സൎവ്വകലാശാലയിൽ വിദ്യാഭ്യാസംപൂൎത്തികരിച്ചിരുന്ന ഒരു യുവാവായിരുന്നു. തന്റെ അച്ഛന്റെ ജിവിതകാലത്തുതന്നെ അദ്ദേഹം രാജ്യഭാരകാൎയ്യങ്ങളിൽഏൎപ്പെട്ടുകൊണ്ടിരുന്നു. അതിന്റെഫലമായി താൻ രാജാവായപ്പോൾ രാജ്യഭരണത്തിൽ നല്ല പരിചയം കാണിക്കുന്നതിനു സാധിച്ചു. അതിനാൽ സറവാക്കിന്റെ സന്തുഷ്ടി കൂടിക്കൂടി വന്നു രാജാവിനേയും റാണിയേയും അവരുടെ കുടുംബത്തേയും പ്രജകൾ എല്ലാവരും സ്നേഹബഹുമാനപുരസ്സരം കരുതിവരുന്നു. ഏതു പ്രജയ്ക്കും രാജധാനിയിൽചെന്നു രാജാവിനോടു നേരിട്ടു തന്റെ സങ്കടങ്ങൾഅറിയിച്ചു പരിഹാരം നേടുന്നതിനവകാശമുണ്ടു. രാജ്യത്തിലെ സമാധാനംമൂലം പ്രജകൾക്കു നാൾക്കുനാൾ ശ്രേയസ്സും വൎദ്ധിച്ചുവരുന്നു.

# അന്വേഷണം:

പി. പത്മനാഭപിള്ള അമ്പലപ്പുഴ.

തപ്തബാഷ്പകണങ്ങളാലീവിധ-
മെത്രവാസരവല്ലിനനച്ചുഞാൻ?
ഹന്ത,യെന്നിട്ടുമെന്തുഫലം,മൊരു
ചെന്തളിരുംപൊടിച്ചില്ലതുകളിൽ!
താന്തനായ്,പരിഭ്രാന്തനാ,യേകനായ്
താണ്ടിഞാനെത്ര പാഴ്മണൽക്കാടുകൾ?
എത്തിയില്ലഞാനാളുമൽക്കണ്ടെയാ-
ലെത്രയെത്രഹിമഗഹ്വരങ്ങളിൽ!
കണ്ടുഞാനൊരരുതിയററായിരം
കണ്ടകാകുലകാനനവീഥികൾ
എത്രശാരദാചന്ദ്രന്റെമുന്നിലെ-
നാൎത്ഥനകൾവനരോദനങ്ങളായ്?
നന്ദനാരാമമഞ്ജുകുഞ്ജങ്ങളി-
ലൊന്നൊഴിയാതെകേറിയിറങ്ങിഞാൻ
എന്തൊരുഫലം?—എങ്ങുമില്ലെങ്ങുമി-
ല്ലെന്നിൽനിന്നുംമറഞ്ഞൊരാമൎമ്മരം।

കോമളചൂതപല്ലവാസ്വാദിത-
കോകിലാലാപകല്ലോലകങ്ങളിൽ;
സന്ധ്യതോറുമദ്ദേവാലയങ്ങളിൽ
സംക്രമിക്കുന്നശംഖനാദങ്ങളിൽ;
പേത്തുമാഴിയിൽനിന്നുമനാരത-
മാൎത്തുപൊങ്ങുംപെരുമ്പറകൊട്ടലിൽ
പച്ചിലക്കാട്ടിൽനിന്നുംപുറപ്പെടും
പക്ഷികൾതൻകളകളധാരയിൽ;
എന്തി,നെന്തിലുമാരാഞ്ഞുപോയിഞാ-
നെന്നിൽനിന്നുംമറഞ്ഞൊരാമൎമ്മരം
ഒന്നിലുമില്ല,ശൂന്യംസമസ്തവും
നിന്നെയെങ്ങിനിക്കണ്ടെത്തിടുന്നുഞാൻ?

* * *

മന്ദമെന്നെത്തടുത്തുകൊണ്ടിവിധം
മൗനമെന്നോടുചൊൽകയാണത്തരം:—
"നിന്നിൽനിന്നുമകന്നുനീതെല്ലിട
നിന്നു,മുന്നിലേയ്ക്കൊന്നുനോക്കീടുമോ?
അങ്ങകലെയായ്കാണാംനിനക്കൊരു
മംഗളമലർവാടംമനോഹരം
നിന്നെയുംകാത്തിരിപ്പതുണ്ടങ്ങൊരു
ദിവ്യസംഗീത,മങ്ങോട്ടുപോകനീ!
ഇത്രനാൾംപ്രതീതിരഞ്ഞൊരാമൎമ്മര-
മെത്രനാളായ്ഭജിപ്പൂനിന്നെസ്വയം!!"
..................................

പ്രാണനായികേ!പോരുന്നുഞാൻതവ
വേണുഗാനത്തിൽവീണലയിക്കുവാൻ!
ഈവെറുംമൺകുടത്തിലൊതുങ്ങി,യെൻ
ദേവിനിന്നെത്തിരക്കിഞാൻവ്യൎത്ഥമായ്
ഇന്നിതുവിട്ടുപാരതന്ത്ര്യങ്കലു-
ടങ്ങുനിന്നോടുത്തൊന്നാണഞ്ഞാവുഞാൻ!!

# പ്രകൃതിയിൽ മനുഷ്യന്റെ നില

(കെ. ജി. രാഘവൻനായർ ബി. ഏ)

മനുഷ്യന്റെ ജന്മസിദ്ധമായ രോഗമാകുന്നു അഹംഭാവം. ജന്തുലോകത്തിൽ ഏററവും ദൗർബ്ബലനും ക്ലേശഭൂയിഷ്ഠമായി ജീവിതംനയിക്കുന്നവനുമാണു മനുഷ്യൻ. എന്നാൽ ഇത്ര അഹംഭാവിയായി ഒരു ജീവി മററില്ലതന്നെ. അഗണ്യകോടിയിൽ താൻ തള്ളിയിരിക്കുന്ന പറവക്കൂട്ടങ്ങൾപോലും ആകാശവീഥിയിൽ സ്വച്ഛന്ദം വിഹരിക്കുമ്പോൾ മനുഷ്യൻ ദുർഗ്ഗന്ധപരിപൂർണ്ണവും മലിനവുമായ ലോകത്തിന്റെ ഏററവും താഴ്ന്നനിലയിൽ ആജീവനാന്തം കഴിച്ചുകൂട്ടുന്നു. എന്നാൽ മനോരാജ്യത്തിൽ സ്വർഗ്ഗപാതാളങ്ങൾ അവന്റെ കാലടികൾക്കു കീഴിലായും തന്റെസ്ഥാനം ചന്ദ്രമണ്ഡലത്തെയും അതിലംഘിക്കുന്നതായും അവൻ ദർശിക്കുന്നു.

തന്നിൽ ഈശ്വരത്വത്തെക്കൂടി ആരോപിക്കുമ്പോഴാണ് അവന്റെ അന്തഃസാരശൂന്യത പ്രത്യക്ഷമാകുന്നതു്- ദൈവീകശക്തികളോടുകൂടി വിധാതാവിന്റെ ശില്പകലാവൈദഗ്ദ്ധ്യത്തിനു സാക്ഷ്യംവഹിക്കുന്ന ഒരു പ്രത്യേക സൃഷ്ടിവിഭാഗമാണു മനുഷ്യൻ എന്നു അവൻ അഭിമാനിക്കുന്നു. തന്റെ സഹജീവികളായ ജന്തുക്കൾക്കു സ്വേച്ഛാനുസരണം അവൻ ഓരോ സ്ഥാനങ്ങൾ കല്പിക്കുന്നു. മററു ജീവികളുടെ മാനസികവ്യാപാരങ്ങളെപ്പററി അവനു എങ്ങനെ അറിവാൻകഴിയും? താരതമ്യവിവേചനചിന്തയുള്ള മനുഷ്യൻ എന്തുകാരണവശാലാണു ഇവക്കു "മൃഗീയത്വം" ആരോപിക്കുന്നതു്? നാം നമ്മുടെ പൂച്ചയുമായി കളിക്കുമ്പോൾ നാം അവയെ നോക്കിരസിക്കുംപോലെ അവ നമ്മെയുംനോക്കി രസിക്കുന്നുണ്ടാവാം. നാം ഗൗരവവും സന്തോഷവും അഭിനയിക്കുന്നുണ്ടെങ്കിൽ പൂച്ചയും അപ്രകാരം ചെയ്യുന്നില്ലേ?

പ്ലേറേറാ എന്ന ഗ്രീക്കുതത്വശാസ്ത്രജ്ഞൻ "സുവർണ്ണകാലം" എന്ന ചിത്രത്തിൽ മനുഷ്യൻ മററു ജീവജാലങ്ങളുമായി പരസ്പരം ആശയങ്ങൾ അറിയിക്കുന്നതായും തന്മൂലം സന്തോഷാവഹമായി ജീവിതം നയിക്കുന്നതായും പ്രതിപാദിക്കുന്നു. ജന്തുലോകത്തെ വിമർശിക്കുന്നതിനു നമുക്കുള്ള അനർഹതയേയും അപാടവത്തെയും പ്രസ്പഷ്ടമാക്കുന്ന ഒരു സാക്ഷ്യം ഇനി ആവശ്യമുണ്ടോ? ഈശാസ്ത്രജ്ഞൻ പ്രകൃതി മൃഗങ്ങളെസംബന്ധിച്ചിടത്തോളം പക്ഷപാതിയാണു് എന്നു അഭിപ്രായപ്പെടുന്നു. അവയ്ക്കു നമ്മെ അറിവാൻകഴിയുന്നതിൽ ഒട്ടും കൂടുതലായി നമുക്കു അവയെ അറിവാൻ കഴിയുന്നില്ല ഈ കാരണത്താൽ അവ നമ്മെ മൃഗീയരെന്നും അന്തഃസാരവിഹീനരെന്നും കല്പിക്കുന്നുണ്ടാവാം.

ജന്തുകൾക്കു ഇല്ലാത്ത എന്തൊരു അസാമാന്യവൈഭവമാണു മനുഷ്യനുള്ളതു്. തേനീച്ചകളുടെ ഭരണനൈപുണ്യത്തെയും പ്രവൃത്തിവൈദഗ്ദ്ധ്യത്തെയും അതിശയിക്കുന്ന ഒരു സമൂഹം ഈ പരിഷ്കൃതലോകത്തിൽപോലും കാണുകയില്ല. ഇത്ര ആകർഷകമായ സംഘടനയും ഉദ്യോഗവിതരണവും കാര്യകാരണചിന്ത, ബുദ്ധിവികാസം ഇവ ഇല്ലാതെ സാധിക്കുമോ?

പക്ഷികൾ തങ്ങൾക്കുഏററവും അനുയോജ്യമായ സ്ഥലങ്ങളെ തേടിപ്പിടിച്ചു തങ്ങളുടെ കൂടുകൾ ചമയ്ക്കുന്നതിൽ അവയുടെ വിവേചനശക്തിയല്ലാതെ എന്താണു ദൃശ്യമാകുന്നതു്. വൃത്തത്തിന്റെയും ചതുരത്തിന്റെയും ഗുണങ്ങൾ അറിയാതെയായിരിക്കുമോ പക്ഷികൾ ഈ രൂപങ്ങളിൽ കൂടുകൾ ചമക്കുന്നതു്? അവ ആദ്യം മണ്ണും പിന്നീടു വെള്ളവുംകൊണ്ടുവരുന്നതു് വെള്ളത്തിനു മണ്ണിനെ മാർദ്ദവമാക്കാൻ കഴിയുമെന്നു അറിയാതെയായിരിക്കുമോ? മൃദുലമായ സാധനങ്ങൾകൊണ്ടു കൂടിനകം നിർമ്മിക്കുന്നതു തങ്ങളുടെ കുഞ്ഞുങ്ങൾക്കു അതു കൂടുതൽ സുഖകരമാണെന്നു അറിയാതെയാണോ? കാററിൽനിന്നും മഴയിൽനിന്നും തങ്ങളുടെ ഭവനങ്ങളെ സുരക്ഷിതമാക്കുന്നതിനു കിഴക്കോട്ടേക്കു തിരിച്ചു കൂടുകൾകെട്ടുന്ന പക്ഷികൾക്കു പടിഞ്ഞാറൻകാററിന്റെ സ്വഭാവം അറിവില്ലാതിരിക്കുമോ? പരിതഃസ്ഥിതികൾക്കനുയോജ്യമായ വല നിർമ്മിക്കുന്ന എട്ടുകാലിക്കു ആലോചനാശക്തിയും ധിഷണാവിലാസവും ഇല്ലാതെവരുമോ?

ജന്തുക്കളുടെ ശില്പകലാവൈദഗ്ദ്ധ്യം നമ്മെ അതിശയിപ്പിക്കുന്നു. നമ്മുടെ സവ്പ്രവൃത്തികളിലും മാനസികവ്യാപാരങ്ങളുടെ പ്രതിഫലനംതന്നെയാണു കാണുന്നതു് അവയുടെ നിർമ്മാണചാതുര്യത്തിലും അവയുടെ കല്പനാശക്തിയും ബുദ്ധിവൈഭവവും അല്ലാതെ മറെറന്താണു് തെളിഞ്ഞുവിളങ്ങുന്നതു്. അവയുടെ മനോധർമ്മംകൊണ്ടും ധിഷണാശക്തികൊണ്ടും അവസാധിക്കുന്ന സംഗതികൾ വെറും പരിചയംകൊണ്ടും സ്വഭാവംകൊണ്ടും മാത്രമാണെന്നു നാം സമത്ഥിക്കുന്നതു എത്ര യുക്തിഹീനമാണു്. അങ്ങിനെ നാം സമത്ഥിക്കുന്നു എങ്കിൽതന്നെ പ്രകൃതി മാതൃസഹജമായ വാത്സല്യത്തോടെ അവയ്ക്കു നൾകിയിട്ടുള്ള സംഗതികൾപോലും നാം നിരന്തരപരിശ്രമഫലമായി അഭ്യസിക്കേണ്ടിയിരിക്കുന്നു എന്നു വന്നുകൂടുന്നു. അങ്ങിനെ അവയുടെ 'മൃഗീയത്വം' നമ്മുടെ കലാവിലാസത്തെ അതിശയിക്കുന്നു.

മനുഷ്യനെപ്പോലെ അവയ്ക്കു സംസാരിക്കാൻ കഴികയില്ലെന്നു പറയുമായിരിക്കാം. സങ്കടമുണ്ടാകുമ്പോൾ പുറപ്പെടുവിക്കുന്ന രോദനങ്ങളും സന്തോഷദ്യോതകങ്ങളായ കൂജനങ്ങളും സഹായത്തിനുള്ള വിളികളും സ്നേഹസൂചകമായ മുരുമുരുപ്പുകളും അവയുടെ സംസാരമല്ലെങ്കിൽ മറെറന്താണു്? അവയ്ക്കു തമ്മിൽ സംസാരിക്കാൻ കഴികയില്ലെന്നു നാം എങ്ങിനെ അനുമിക്കുന്നു? അവ നമ്മോടു സംസാരിക്കുന്നില്ലേ? നാം ഏതെല്ലാം വിധത്തിലാണു നമ്മുടെ പട്ടിയോടു സംസാരിക്കുന്നതും അതു നമ്മുടെ ആജ്ഞകളെ അനുസരിക്കുന്നതും? നാം നമ്മുടെ തത്തയേയൊ പശുവിനേയോ കുതിരയേയോ വിളിക്കുന്നതുപോലെയാണോ നമ്മുടെ ശ്വാവിനെ വിളിക്കുന്നതു്. Lactantius എന്ന സാഹിത്യകാരൻ "മൃഗങ്ങൾ സംസാരിക്കുക മാത്രമല്ല ചിരിക്കുകകൂടി ചെയ്യുന്നു" എന്നു അഭിപ്രായപ്പെടുന്നു. വർഗ്ഗവ്യത്യാസമനുസരിച്ചു നമ്മുടെ ഭാഷ വ്യത്യാസപ്പെടുന്നതുപോലെ അവയുടെ ഭാഷയും വ്യത്യാസപ്പെടുന്നതായി വിചാരിക്കാൻ കാരണമുണ്ടു്. അരിസ്റ്റോട്ടിൽ Aristotle എന്ന ചിന്തകൻ ഇതിനു പല ഉദാഹരണങ്ങളും കാണിക്കുന്നു.

ഞാൻ ഇത്രയും പറഞ്ഞതു മൃഗങ്ങൾക്കു മനുഷ്യനുമായുള്ള ചാർച്ചയേയും സാമ്യങ്ങളേയും ചൂണ്ടിക്കാണിക്കുന്നതിനാണു്. മനുഷ്യൻ വിധാതാവിന്റെ ഒരു പ്രത്യേക സൃഷ്ടിവിധാനമാണെന്നു പറയുന്നതു അസാധുവും ഭോഷത്വവുമത്രെ. നാം മററു ജീവികളെക്കാൾ ഉയന്നവരോ താഴ്ന്നവരോ അല്ല "ആകാശത്തിനു കീഴിലുള്ളതെല്ലാം ഏകജാതി ഏകമതം" എന്നത്രെ ജ്ഞാനി പറയുന്നതു്. മൂന്നു വഴികൾയോജിക്കുന്ന ഒരു സ്ഥലത്തു തന്റെ യജമാനനെ അന്വേഷിച്ചുവരുന്ന ഒരു ശ്വാവു് രണ്ടു പാതകളിൽ മണംപിടിച്ചശേഷം സംശയലേശംകൂടാതെ മൂന്നാമത്തെ പാതയിൽകൂടി ഓടപ്പോകുന്നതായി Chrysippus എന്ന ശാസ്ത്രജ്ഞൻ പറയുന്നു. "എന്റെ യജമാനനെ ഇവിടംവരെ ഞാൻ അനുഗമിച്ചു അദ്ദേഹം ഈ പാതകളിൽ ഒന്നിൽകൂടി പോയിരിക്കണം ഈ വഴിയല്ല; ഈ വഴിയുമല്ല പോയതു്. ആകയാൽ നിസ്സംശയമായി അദ്ദേഹം മൂന്നാമത്തെ പാതവഴി പോയിരിക്കണം" എന്നു താർക്കികബുദ്ധ്യാ ശ്വാനൻ അനുമിക്കുന്നു ഈ തർക്കശാസ്ത്രം നായ് ഒരു ഗുരുമുഖത്തുനിന്നും അഭ്യസിച്ചതല്ല. അവനു സ്വയമേ അറിവുള്ളതുതന്നെയാണു

അഭ്യസനവിഷയത്തിലും ജന്തുക്കൾ പിന്നോക്കമെന്നുപറഞ്ഞുകൂടാ നാം നമ്മുടെ തത്തകളേയും മററുംസംസാരിക്കാൻ ശീലിപ്പിക്കാറില്ലേ? കുരുടന്മാരേ നയിക്കുന്ന നായ്ക്കളാണു് നമ്മുടെ ശ്രദ്ധയേ സവിശേഷം ആകർഷിക്കുന്നതു്. അവ ഭിക്ഷ കിട്ടാറുള്ള പടിവാതിലുകളിൽ നിൽക്കുന്നു. തന്റെ യജമാനനു് വല്ല ആപത്തും ഉണ്ടായെങ്കിലോ എന്നു ശങ്കിച്ചു് തനിക്കു് അനായാസം പോകാവുന്ന ഒരുവഴിയേ ത്യജിച്ചു് ശ്വാവു് വളഞ്ഞവഴിയേപോകുന്നതുകാണാം. തന്റെ

# മേൽപ്പത്തൂരിൻെറ കൂട്ടിവായന.

ഇഞ്ചക്കാട്ട് എസ്സ്. വാസുപിള്ള.

പ്രശസ്തമഹാകവിയായ മേൽപ്പത്തൂർ നാരായണഭട്ടതിരിപ്പാടിനെപ്പററി കേട്ടിട്ടില്ലാത്തവരോ ആ വന്ദ്യപുരുഷൻെറ അനർഘകാവ്യപേടകക്കള്ളികളിൽ ചിലതെങ്കിലും കണ്ടിട്ടില്ലാത്തവരോ നമ്മുടെയിടയിൽ അതിദുർല്ലഭമെന്നുതന്നെ പറയേണ്ടിയിരിക്കുന്നു. ഈ മഹാത്മാവിൻെറ ജീവിതത്തെ ശാസ്ത്രത്തെ അതിശക്തിയോടെ സ്പർശിക്കുന്നതും തൻമൂലം സാഹിത്യോപാസകന്മാർക്ക് നിത്യദീപമായി ഭവിച്ചിരിക്കുന്ന ഒരു മഹാഗ്രന്ഥത്തിൻെറ ഉത്ഭവത്തിനു നിദാനമായിത്തീർന്നിട്ടുള്ളതുമായ ഒരു സംഭവത്തെ ചിത്രീകരിക്കുവാനാണ് ഞാനൊരുങ്ങുന്നത്.

സുഭദ്രാഹരണം, നാരായണീയംതുടങ്ങിയ ഗ്രന്ഥങ്ങൾചമച്ച് പ്രസിദ്ധനായിത്തീർന്ന ശേഷം മേല്പത്തൂർ, ഒരു പണ്ഡിതകേസരി ആയിരുന്ന അമ്പലപ്പുഴ പൂരാടംനാൾ തമ്പുരാനെ കാണുവാൻ പോയിരുന്നു. അമ്പലപ്പുഴചെന്നാളുടനെഇദ്ദേഹംകുളിയും നിത്യകർമ്മങ്ങളുംകഴിഞ്ഞു് ശ്രീകൃഷ്ണഭജനത്തിനായി ക്ഷേത്രമണ്ഡപത്തിൽ എത്തിക്കൂടി. മഹാരാജാവ് ഈ വിവരം അറിഞ്ഞിരുന്നില്ല. പാണ്ഡിത്യത്തിനൊപ്പം ഈശ്വരവിശ്വാസംകൂടി ഉണ്ടായിരുന്ന ഈ നൃപൻ നിത്യതഃപ്രാതലിനുമുമ്പ് ഭാരതവായനകേട്ടുവന്നിരുന്നു. പാരായണത്തിനു ഒരു ശാസ്ത്രിയെ പ്രത്യേകം നിയമിച്ചിട്ടുമുണ്ടായിരുന്നു. ഏതോ യാദൃശ്ചികകാരണംപ്രമാണിച്ച് അന്ന് സ്ഥലത്തില്ലാതിരുന്ന പതിവുശാസ്ത്രിക്കുപകരം ഭാരതം വായിക്കുവാൻ അമ്പലത്തിൽഉള്ള ഏതെങ്കിലും ഒരു നംപൂരിയെ വിളിച്ചുകൊണ്ടുവരുവാൻ കല്പനയായി. സേവകന്മാർക്ഷേത്രത്തിൽ എത്തിനോക്കുമ്പോളുണ്ട് ഒരു നംപൂരി മണ്ഡപത്തിൽഇരുന്ന് ജപിക്കുന്നു. സാധുക്കൾ അതു് മഹാപണ്ഡിതനായ മേല്പത്തൂർഭട്ടതിരിയാണെന്നറിഞ്ഞില്ല. കല്പന അറിയിച്ചു കൂടെ ചെല്ലാൻ നിർബന്ധിച്ചു. "കല്പനകല്ലംപിളക്കു"മല്ലോ. ഭട്ടതിരി രാജകിങ്കരന്മാരുമൊരുമിച്ചു കൊട്ടാരത്തിൽ എത്തി.

ശ്മശ്രുപൂർണ്ണവും സംപൂർണ്ണശാന്തവുമായവദനം. ഭയദ്യോതകമല്ലെങ്കിലും ഗംഭീരമല്ലാത്തവിക്ഷണം മലിനമല്ലെങ്കിലും അത്ര ശുഭ്രമല്ലാത്ത വസ്ത്രം. അവയുടെ അലക്ഷ്യരീതിയിലുള്ള ഉപയോഗം. ജിജ്ഞാസ തുടങ്ങിയ ഓലക്കുട ഈ വേഷവിധാനത്തിനനുരൂപമായ ഒരു ഭാണ്ഡം. ഇതെല്ലാംകൂടികണ്ടു് ഒരു ഹാസ്യസ്വരത്തിൽചെമ്പകശ്ശേരി പൂരാടംപിറന്നനൃപൻ ഹരിക്കാരനോടെന്നപോലെ ചോദിക്കയാണ്, "ഈ നംപൂരിക്കു കൂട്ടിവായിക്കാനറിയാമോ" എന്ന്. ഇതിനുത്തരംപറഞ്ഞതു് ഭട്ടതിരിപ്പാടാണ്. അതോ, അതിവിനീതഭാവത്തിൽ, ശാന്തസ്വരത്തിൽ 'കൂട്ടിവായിച്ചുനോക്കാം" എന്നുമാത്രം. കല്പനപോലെ സേവകൻ ഗ്രന്ഥവും പലകയും ഹാജരാക്കി. പണ്ഡിതവരേണ്യനായ മേല്പത്തൂർ നാരായണഭട്ടതിരി ഭാരതംവായിക്കാൻ ആരംഭിച്ചു. അതുകേൾക്കുവാൻ ജ്ഞാനവൃദ്ധനായ ചെമ്പകശ്ശേരിരാജാവ് ആസനസ്ഥനമായി. കഴിഞ്ഞദിവസം വായിച്ചുനിറുത്തിയതിൻെറ ബാക്കിയാണ് ഇന്നു വായിക്കേണ്ടതു്. ആ ബാക്കി കർണ്ണപർവ്വത്തിലെ ഒരു ഭാഗമായിരുന്നു. സന്ദർഭംസേനാവ്യൂഹത്തിലേക്കുള്ള ഭീമസേനൻെറ കയററമാണ് ഭട്ടതിരി ആ പദ്യംചൊല്ലി ഇപ്രകാരം അവസാനിപ്പിച്ചു.

ഭീമസേനഭയത്രസ്താ ദുര്യോധനവരൂഥിനീ
ശാഖാമൃഗാഖ്യാടകസ്യേവ കർണ്ണമൂലമുപാശ്രിതാ

ഭീമസേനനെ ഭയപ്പെട്ട ദുര്യോധനസൈന്യം കഷണ്ടിക്കാരൻെറ തലമുടിപോലെ കർണ്ണമൂലത്തെ അഭയംപ്രാപിച്ചു എന്നാണിതിൻെറ അർത്ഥം ഇതിലെ കർണ്ണമൂലം എന്ന വാക്കിൻെറ ശ്ലേഷാർത്ഥം സുഗ്രാഹ്യംതന്നെ. ഈ ഭാഗം ഭാരതത്തിലില്ലെന്നുള്ളതു പലവുരു ഭാരതം പൂർത്തിയായി വായിച്ചുകേട്ടിട്ടുള്ള മഹാരാജാവിനു സംശയലേശമില്ലാതെ അറിയാം എന്നുതന്നെയുമല്ല ഈ "കൂട്ടിവായന" കർണ്ണമൂലത്തിൽ മാത്രം അല്പം തലമുടിയുള്ള തന്നെ പരിഹസിക്കുവാൻ വേണ്ടി മനഃപൂർവ്വം ചൊല്ലിയതാണെന്നും അദ്ദേഹത്തിനു ബോദ്ധ്യപ്പെട്ടു. വായനക്കാരൻ അസാമാന്യപണ്ഡിതൻതന്നെ എന്നു തീർച്ചപ്പെടുത്തി പൂരാടം നാൾതമ്പുരാൻ സഹൃദയാഗ്രേസരനായിരുന്നതുകൊണ്ടു വായനക്കാരൻനംപൂരിയെ ഉടനെ മനസ്സിലാക്കി "മേല്പത്തൂർ നാരായണഭട്ടതിരി അങ്ങുതന്നെയാണ, അല്ലേ" എന്നു ചോദിക്കമാത്രമാണ ചെയ്തതു്. ഇതുകേട്ടു ഭട്ടതിരി "അതേ" എന്നു മറുപടി പറഞ്ഞു. മുൻചൊന്നതിനു പരിഹാരമെന്നോണം ഈവിധം ഒരു പദ്യംകൂടി ചൊല്ലി.

അവ്യഞ്ജനസ്താർക്ഷ്യകേതു-
ര്യൽപദംഘടയിഷ്യതി
തത്തേഭവതുകല്പാന്തം
ദേവനാരായണപ്രഭോ.

അനിർവ്വേദ്യനായ ഗരുഡധ്വജനുണ്ടാക്കുന്ന സ്ഥാനം കല്പാന്തംവരെ (പ്രളയം) അവിടത്തേക്കുണ്ടാകട്ടെ എന്നും, ഹല്ലുകൂടാതെയുള്ള താർക്ഷ്യകേതു, എന്ന വാക്ക് സന്ധിചെയ്താൽ ഏതു പദത്തെയാണോ ഉണ്ടാക്കുന്നതു അതു (ആയുഃ) അങ്ങേക്കു പ്രളയംവരെ നിലനിൽക്കട്ടെ എന്നും ആണു ഈ പദ്യത്തിനുള്ള അർത്ഥം. ഇതു ശ്രവിച്ചമാത്രയിൽ മഹാരാജാവു പൂർവ്വവൽ ആനന്ദതുന്ദിലനായി ഇളകിച്ചാടി "വീരശൃംഖലകൊണ്ടുവരട്ടെ" എന്നുച്ചത്തിൽ കല്പിച്ചുവത്രെ. നോക്കണേ, കൂട്ടിവായനക്കാരൻെറ വൈഭവം. പണ്ഡിതനായ മഹാരാജാവിൻെറ കവിതാസ്വാദനഹൃദയം! സമ്മാനം സ്വീകരിച്ച് മേല്പത്തൂർഭട്ടതിരി പിന്നീട് കുറെക്കാലം അമ്പലപ്പുഴക്കൊട്ടാരത്തിൽ താമസിച്ചു. ഈ താമസകാലത്താണത്രെ ഇദ്ദേഹം രാജനിർദ്ദേശപ്രകാരം "പ്രക്രിയാസർവ്വസ്വം"എന്ന പേരുപ്പേറിയ വ്യാകരണഗ്രന്ഥം രചിച്ചതു്. ഈ ഗ്രന്ഥം അറുപതു ദിവസംകൊണ്ടാണ് പൂർത്തിയാക്കിയിട്ടുള്ളതെന്ന് അതിലെ ചില കലിദിനസംഖ്യകൾ കൊണ്ടു വെളിപ്പെടുന്നു. "പരൽപ്പേരി"ലുള്ള ഭട്ടതിരിപ്പാടിൻെറസാമർത്ഥ്യം അന്യാദൃശപണ്ഡിതന്മാർ വിധിക്കുന്നു. ഈ ഗ്രന്ഥത്തിൽകാണുന്ന സന്ദർഭാനുയോജ്യമായ "യത്നഃഫലപ്രസൂസ്യാൽ" എന്നുതുടങ്ങിയ കലിദിനവാക്യങ്ങൾ ഇതിലേക്കുത്തമദൃഷ്ടാന്തങ്ങളുമാണ്. ദൃതകവനത്തിലുള്ള ഈ മഹാകവിയുടെ വിദഗ്ദ്ധതയ്ക്കും ഈ ഗ്രന്ഥത്തിലെ പല പദ്യങ്ങളും സാക്ഷ്യം വഹിക്കുന്നു. പ്രക്രിയാസർവ്വസ്വത്തിലെ പ്രാരംഭശ്ലോകം

രാസവിലാസവിലോലം
സ്മരതമുരാരേർമ്മനോരമംരൂപം
പ്രകൃതിഷുയൽപ്രത്യയവൽ
പ്രത്യേകംഗോപികാസുസമ്മിളിതം

എന്നുള്ളതാണ്. അർത്ഥപുഷ്ടിയും ചമൽക്കാരപൂർണ്ണതയും ശബ്ദഗാംഭീര്യവും തികച്ചും തികഞ്ഞിട്ടുള്ള ഈപദ്യം മധുരമധുരമെന്നുമാത്രമേ പറയുവാൻ കാണുന്നുള്ളൂ. ഭട്ടതിരിപ്പാട്ടിലെ പ്രസ്തുതകൃതി അദ്ദേഹത്തിനു ദിഗന്തങ്ങളിലും സദ്യയശസ്സുവളത്തിയിട്ടുണ്ടെന്നുള്ളതും പ്രസ്താവ്യമത്രെ.

---

ന്ധുകയ്യങ്ങളേ ഉപേക്ഷിച്ചും യജമാനനേ സഹായിക്കണം എന്നകത്തവ്യബോധം നായിക്ക് എങ്ങിനെ ഉണ്ടായി? തനിക്ക് കടന്നു പോകാൻ വിസ്താരമുള്ള വഴി കുരുടനു് കടന്നുപോകൻ കഴിയാത്തതാണന്നു് നായ് എങ്ങനെ അനുമാനിച്ചു?

നമുക്കുദുർഗ്രഹങ്ങളായവയേ നാം നിരർത്ഥകങ്ങൾ എന്നു് തള്ളുന്നു. ജീവരാശികളേസംബന്ധിച്ച് നാം ചെയ്യുന്ന വിമർശനത്തേപററിയും ഇത്രമാത്രം പറവാനുണ്ട്. നമ്മുടെ വിമർശനങ്ങൾ വെറും ഊഹാപോഹങ്ങളെ അടിസ്ഥാനപ്പെടുത്തിയിട്ടുള്ളവയാണു്.

---


## അഭിജ്ഞാനശാകുന്തളം.

സവ്യാഖ്യാനം.

കാളിദാസൻെറ അഭിജ്ഞാനശാകുന്തളത്തിൻെറ പല പരിഭാഷകളുംമലയാളികൾ കണ്ടിരിക്കാം. എന്നാൽ പ്രസ്തുത ഗ്രന്ഥം സംസ്കൃതത്തിലുള്ള കാളിദാസകൃതിയും അതിൻെറ വ്യാഖ്യാനവും അടങ്ങിയതാണ്.

വില 1 രൂ.

ശ്രീരാമവിലാസം പ്രസ്സ് — കൊല്ലം

# ഇല്ല!

ഇടപ്പള്ളി രാഘവൻപിള്ള.

പോരികപോരികെന്നാശാപതംഗമേ,
ക്രൂരിരുളെങ്ങുംപരന്നീടുന്നു!!

തന്നന്ത്യഗാനവുംപാടിപ്പിടഞ്ഞൊട്ടു
പൊന്നന്തിപ്പൈങ്കിളിപാറിപ്പോയീ,
അല്ലിന്റെയമ്മലർവാടിയിലിന്നത്തെ
മുല്ലപ്പൂവെല്ലാംവിരിഞ്ഞുതീർന്നു,
അംബുജംതന്നന്ത്യമന്ദസ്മിതാംകുര-
മന്തിപ്രഭയിലലിഞ്ഞുചേർന്നു;
കൂകിത്തളർന്നോരുകോകിലംമുററത്തെ-
മാകന്ദക്കൊമ്പിലുറക്കമായീ;
ആകാശദേശത്തിലെങ്ങാനലയുമെ-
ന്നാശാപതംഗമേ,പോരികനീ!!

.................................

.................................

ആരാലക്കുന്നിൻചരിവിലുഷസ്സുതൻ
നീരാളസ്സാരിയിളകീടുമ്പോൾ;
നാനാവിഹംഗസ്വനത്താലുലകൊരു
ഗാനാബ്ധിയാ,യലപൊങ്ങീടുമ്പോൾ;
പുൽക്കൊടിത്തുമ്പിലെമഞ്ഞുകണികക-
ളുൽകടരത്നങ്ങളായിടുമ്പോൾ,
ആദിത്യരശ്മികളാരത്നംവരുവാ-
നാ,ദിക്കിൽമുങ്ങിയുയർന്നീടുമ്പോൾ;
കക്കകളാകുന്നകുസുമങ്ങളെ-
യൊക്കെ,ത്തൈത്തേനാൽപ്പെരുക്കീടുമ്പോൾ
നീട്ടററരാഗിണി,നീ,ഞാനറിയാതെ
നീളത്തിൽക്കൂകിയുയർന്നുപോയീ!
നിർന്നിമേഷാക്ഷനായ്നിൽക്കുന്നുഞാനി ന്നാ
നിന്നെപ്രതീക്ഷിച്ചീയന്തിയോളം!!
പോരിക,പോരികെന്നാശാപതംഗമേ
ക്രൂരിരുളെങ്ങുംപരന്നീടുന്നു!!


.................................

.................................

അക്ഷയകാന്തിവഴിഞ്ഞൊഴുകീടുമാ-
നക്ഷത്രലോകത്തിനപ്പുറത്തായ്
ആയത്തമാകാത്തോരത്ഭുതവസ്തുവി-
നായിട്ടലഞ്ഞുതളർന്നൊടുവിൽ
ഇന്നുംപതിവുപോ“ലില്ല”യെന്നോതി,നീ-
യെന്നടുത്തെത്താൻമടിക്കയല്ലീ?
അല്ലെങ്കിൽപക്ഷംകരഞ്ഞുകരിഞ്ഞുനീ,-
യല്ലിലെങ്ങാനുംകിടക്കയല്ലീ?
വേദനാപൂർണ്ണമീരോദനമാകുംനിൻ
വേണുനിനദമുയർന്നിടട്ടേ!!
തോരാത്തകണ്ണീരിൻമർമ്മരംലോകത്തെ
താരാട്ടുപാടിയുറക്കീടട്ടേ!!
എൻചിരപുണ്യമേ!മന്ദമിഴഞ്ഞു,നീ
പഞ്ജരമെത്തിശ്ശയിച്ചുകൊള്ളൂ;
കൂട്ടമടച്ചുഞാനെന്മണിമച്ചിലെ
വാടാവിളക്കുകെടുത്തിടട്ടേ!!

എതിർത്തുനിൽക്കുവാൻസാധിക്കാത്ത ശക്തിയുള്ളതാണ്...

ഒരു മൃദുവും മസൃണവും ആയ ത്വക്ക്.




മനോഹരമായ ത്വക്കിനെ കവിഞ്ഞ ഒരു വശ്യശക്തിയില്ല. മോഹനമായ ഒരു ശരീരത്തിനു അത്യന്താപേക്ഷിതമായിട്ടുള്ളതാണ് പൂർണ്ണമായ ശുചിത്വം—ആ ശുചിത്വം ഉപരിതലത്തിൽ മാത്രം മതിയാകുന്നതല്ല, ഓരോ രോമകൂപത്തിന്റെയും ആഴംവരെ ഉണ്ടായിരിക്കണം. '501' ടോയിലററു സോപ്പ് ഉപയോഗിച്ചാൽ ഇതിനെ നിശ്ചയമായും കൈവരുത്താവുന്നതാണെന്നു നിങ്ങൾക്കു വിശ്വസിക്കാം. ഈ സോപ്പു സസ്യലോകത്തിൽനിന്നുള്ള വിശുദ്ധതൈലങ്ങളാൽ നിർമ്മിക്കപ്പെട്ടിരിക്കുന്നു. പാലുപോലുള്ള അതിന്റെ പത ത്വക്കിലെ അഴുക്കുകളെ എല്ലാം അകററുന്നു, ത്വക്കിനു മാർദ്ദവവും സൂക്ഷ്മമായ ഒരു മാലതി (പിച്ചിപ്പൂ) സൌരഭവും വരുത്തുകയും ചെയ്യുന്നു.

Tomco Sales Dept, 19, Vanier Street, G. T. Madras.
**The Tata Oil Mills Co., Ltd., Tatapuram.**

ചെറുകഥാപംക്തി

# പഴഞ്ചോററിൽ നാവുവെന്തു!

(ടി. ശങ്കരൻനായർ.)

സിംലാ, ഡാർജീലിങ്ങ്, നെയിനിററാൽ, മുസോരി, നീലഗിരി ഇത്യാദി മലംപ്രദേശങ്ങളിൽ വേനൽകാലത്തിൽ സുഖവാസത്തിനായും, പൂനാ, ബോമ്പായി, കൽക്കത്താ, കറാച്ചി, മൈസൂർ, മദിരാശി എന്നതൊട്ടുള്ള പട്ടണപ്രദേശങ്ങളിൽ അന്യകാലങ്ങളിൽ കുതിരപ്പന്തയം മുതലായ വിനോദത്തിനായുംപോയി അനവധിദ്രവ്യം "അല്ലക്കാണ"മായി ചെലവുചെയ്തു, ശുഭ്രവസ്ത്രധാരികളായ ചില ശുദ്ധാത്മാക്കളുടെ ഇടയിൽ ചില്ലറ കീത്തിസമ്പാദിച്ചു, ചുററിത്തിരിയുന്ന ഒരു "സമയം കൊല്ലി"യാണു "നാഡിമംഗലം കുമാരസെമിൻഡാർ" എന്നുതന്നെത്താൻ ബഹുമാനപ്പേരുചാത്തപ്പെട്ട ചെങ്കൽവരായനായകൻ.

സെമിൻഡാർവിദ്യാത്ഥികളുടെ ആവശ്യത്തെമാത്രം മുൻനിത്തി സ്ഥാപിതമായിട്ടുള്ള ഒരു കോളേജിൽ വിദ്യാഭ്യാസംചെയ്തു ചെങ്കൽവരായനു ആദ്ധ്യാത്മികമായ യാതൊരു സമ്പാത്തും ഉണ്ടായില്ലെന്നുമാത്രമല്ല, ഉൾനാടിനെ സംബന്ധിച്ച സകലസംഗതികളും വെറുക്കാൻ അദ്ദേഹം ശീലിക്കയും പട്ടണപ്രദേശങ്ങളിലെ പ്രായോഗികമല്ലാത്ത വിനോദങ്ങളിൽ അദ്ദേഹത്തിനു അതിരുകവിഞ്ഞ ആസക്തിയുണ്ടാകയും ചെയ്തു ഇംഗ്ലീഷുഭാഷ ഒരുവിധം നല്ലപോലെ സംസാരിക്കാൻ കഴിഞ്ഞിരുന്നതിനുപുറമെ ഫുട്ട്ബാൾ, ഹോക്കി, ഗോൾഫ് ക്രിക്കററ്, ടെന്നിസ് എന്നിവ്യായാമങ്ങളിലും ചെങ്കൽവരായൻ സാമാന്യവൈദഗ്ദ്ധ്യം നേടീട്ടുണ്ടായിരുന്നു ഇത്രയും പറഞ്ഞുകഴിഞ്ഞാൽ ചെങ്കൽവരായന്റെ യോഗ്യതാപക്ഷം മുഴുവൻ വായനക്കാരെ ഗ്രഹിപ്പിച്ചു എന്നുതന്നെ കരുതാം. പക്ഷെ പോരാ, മോട്ടോർകാർ "കഴുത്തൊടിക്കുന്ന വേഗത" (Break-neck speed)യിൽ ഓട്ടാനും മുഖസ്തുതിചെയ്യുന്നവരോടു ലോഭമില്ലാതെ പെരുമാറാനും ചെങ്കൽവരായനു പ്രയാസമുണ്ടായിരുന്നില്ല. ഇതിനെല്ലാംപുറമെ സി. ഐ. ഡി. വേലയിൽ തനിക്കു കുറച്ചു മുഖമുണ്ടെന്നും അദ്ദേഹം നടിച്ചിരുന്നു. വലുതായ ചില കളവുകുററങ്ങളെ തുമ്പുണ്ടാക്കുന്ന വിഷയത്തിൽ പൊല്ലീസിനെയും സി. ഐ. ഡി–ക്കാരെയും ചെങ്കൽവരായനു ചിലപ്പോൾ സഹായിക്കാനിടയായിട്ടുണ്ടു. ആ അഹങ്കാരംനിമിത്തം വേണ്ടായിരുന്ന ബുദ്ധിമുട്ടുകളിൽ ചെന്നുചാടുന്നതു ചെങ്കൽവരായനു ഒരു വിനോദമായിത്തീന്നു. ഡാർജിലിങ്ങ് മോഡേൺ ഹോട്ടലിനെ അലങ്കരിച്ചിരുന്ന അഴകേറിയ ആരാമത്തിൽ ഏപ്രിൽമാസത്തിലെ ഒരുദിവസംരാവിലെ ഉലാത്തിക്കൊണ്ടിരിക്കേ, പ്ലാനൽകാൽചട്ടയും ടെന്നിസ്ബാററുമായി ഒരു ചെറുപ്പക്കാരൻ കടന്നുപോകുന്നകാഴ്ച ചെങ്കൽവരായനെ ആകർഷിച്ചു.

"ഹാ-ഹാ! താനിവിടെയും എത്തിയോ? ഞാൻ എം. കെ. വർമ്മ എന്നുതന്നെ വിളിക്കട്ടയോ?"

വർമ്മ തലകുലുക്കി "വങ്കന്മാർമാത്രമേ പേർ കൂടക്കൂടെ മാററുകയുള്ളു" എന്നു പ്രത്യുത്തരം പറഞ്ഞു.

ചെങ്കൽവരായൻ കുറച്ചൊന്നന്ധാളിച്ചു. "ഇഷ്ടാ–തന്റെ ധൈര്യം കലശൽതന്നെ! കഴിഞ്ഞകൊല്ലം ഊട്ടിയിൽവച്ചു എന്റെ പേർ പറഞ്ഞു മൂവായിരം ഉറുപ്പികയുടെ ഒരു ചെക്കു പണമായി മാററാൻ ശ്രമിച്ച രസികനെയും, 'വിജയപുരം' മഹാരാജാവിന്റെ 'ബാൾ'ദിവസം രാത്രി 'അസംബ്ലിറൂമ്സി'ൽവച്ചു മുപ്പതിനായിരം ഉറുപ്പികയിലധികം വിലമതിക്കാവുന്ന ആഭരണങ്ങളെ മോഷ്ടിച്ചതായി സംശയിക്കപ്പെട്ട ആ രസികത്തിയെയും സി. ഐ ഡി ക്കാക്കു ആവശ്യമുണ്ടെന്നുള്ള വിവരം താനറിയുമെന്നു വിശ്വസിക്കുന്നു."

വർമ്മ "നാഡിമംഗലം! (ചെങ്കൽവരായനെ സാധാരണയായി ഇഷ്ടജനങ്ങൾ അങ്ങനെയാണു വിളിക്കാറു) അതിശയോക്തിയിൽ സംസാരിക്കാൻ തനിക്കു പണ്ടേ ബഹുവാസനയാണു. ഒന്നാമതു ആ ചെക്കു എഴുതിയതും ഒപ്പിട്ടതും താൻതന്നെയാണു. രണ്ടാമതു അതിനെ ബാങ്കിൽകൊണ്ടുപോയതായി യാതൊരു തെളിവും ഇല്ല. ആഭരണങ്ങളെ സംബന്ധിച്ചേടത്തോളം പറകയാണെങ്കൽ, അതിൽ ഒന്നെങ്കിലുംഇതുവരെ കണ്ടെത്തുകയൊ, ആഭരണങ്ങൾ മോഷ്ടിച്ചതായി സംശയിക്കപ്പെട്ട സ്ത്രീ എനിക്കും തമ്മൽ വല്ലബന്ധവും ഉണ്ടെന്നു തെളിയുകയൊ ഉണ്ടായിട്ടില്ല."

നാഡി "നെയിനിററാലിൽവച്ചുമൂന്നാം വർഷം മിസ്റ്റർ അമ്പലാൽഖസൂരിയുടെ വൈരക്കൽമോതിരം തട്ടിക്കൊണ്ടുപോയ തോക്കുന്നുണ്ടോ?"

വർമ്മ – "ആ മറന്നുപോയസംഭവം താനിപ്പോൾ കുത്തി പുറത്താക്കുകയില്ലെന്നുതന്നെ ഞാൻ കരുതുന്നു."

നാഡി—"എന്താണിത്ര ഉറപ്പു?"

വർമ്മ—"ദയചെയ്തു അകത്തേക്കു വരൂ. പറയാം."

നാഡിമംഗലംവർമ്മയോടൊപ്പം ഹോട്ടലിനകത്തുകടന്നു വർമ്മയുടെ ശയനമുറിയിൽ ഒരു കട്ടിലിന്മേൽ മൃതപ്രായയായികിടപ്പുകൊണ്ട ഒരു സ്ത്രീയുടെ മെലിഞ്ഞു രക്തശൂന്യമായ മുഖവും കുണ്ടിൽപാഞ്ഞകണ്ണുകളും കണ്ടപ്പോൾ നാഡിമംഗലത്തിന്റെ മനമുരുകി. സ്ത്രീ അദ്ദേഹത്തെ ഭയവിഹ്വലയായി വീക്ഷിച്ചു.

വർമ്മ "ഇതാണു ഞങ്ങളിവിടെ വരാനുള്ള കാരണം. ഡാർജീലിങ്ങിലെ ആരോഗ്യപ്രദമായ കാററുമാത്രമേ ശരണമുള്ളു എന്നാണു ഡാക്കട്ടരുടെ കല്പന."

നാഡിമംഗലം കട്ടിലിന്നരികെപോയി. "മിസ്സിസ്സ് വർമ്മ നിങ്ങളെ ഈനിലയിൽ കാണ്മാനിടവന്നതിൽ വളരെവ്യസനമുണ്ടു." എന്നു വിനീതനായി പറഞ്ഞു. പത്മാവതി (മിസിസ്സ്‌വർമ്മ) പ്രയാസപ്പെട്ടൊന്നുമന്ദഹസിച്ചു. ഒരു സ്ത്രീയുടെ പുഞ്ചിരി ഇത്രയും വികാരശൂന്യമായി നാഡിമംഗലം മുമ്പു കണ്ടിട്ടില്ല

വർമ്മയുടെയും പത്മാവതിയുടെയും "പൂവ്വം" കുറെ അഗാധമാണു. വർമ്മ ഒരാന്ധ്രദേശക്കാരനാണെന്നാണു കേൾവി. എല്ലാദ്രാവിഡഭാഷകളും, ഹിന്തിയും, ബങ്കാളിയും "വെള്ളംപോലെ" സംസാരിച്ചിരുന്ന അദ്ദേഹത്തിന്റെ ശരിയായ ഉത്ഭവം ഇന്നും അജ്ഞാതമായാണിരിക്കുന്നതു. പത്മാവതിയുടെ ചരിത്രവും തഥൈവ. കുറെ ഇംഗ്ലീഷുവിദ്യാഭ്യാസമൊക്കെ സിദ്ധിച്ചിട്ടുണ്ടു. ചെറുപ്പംമുതൽ "മോഷണ"ത്തിലായിരുന്നു വാസന. തന്നിമിത്തം—കോളേജിൽനിന്നു ബഹിഷ്കരിക്കപ്പെട്ടവളാണെന്നു പക്ഷേ വളരെപ്പേർ ഗ്രഹിച്ചിരിക്കാനിടയില്ല.........പത്മാവതിയെ വർമ്മയുടെ ധർമ്മപത്നി എന്നു നിർദ്ദേശിക്കുന്നതിൽഭേദം, വർമ്മ ആളെപിടിക്കാനുപയോഗിച്ച ഒരുയന്ത്രംഎന്നു പറയുന്നതായിരിക്കും.

പത്മാ—"ഞങ്ങളെ ഇവിടെ താമസിക്കാനനുവദിക്കുമോ?"

നാഡി "എന്നെ സംബന്ധിച്ചാണു ഈ ചോദ്യമെങ്കിൽ അതാവശ്യമില്ലാത്തതാണു."

* *

കാലത്തു ഗോൾഫ്, വൈകുന്നേരം ടെന്നീസ് തദനന്തരം ബ്രിഡ്ജ് അല്ലെങ്കിൽ ബില്ലിയേർഡ്സ് ഇതായിരുന്നു നാഡിമംഗലത്തിന്റെ ഡാർജീലിങ്ങിലെ ജീവിതക്രമം. ഇതിന്നിടയിൽ വർമ്മയുടെമേൽ അദ്ദേഹത്തിനൊരു കണ്ണുണ്ടായിരുന്നു. പത്മാവതിയുടെ ആരോഗ്യത്തെ വീണ്ടെടുക്കുകയാണു തന്റെ മുഖ്യചുമതലഎന്നു വർമ്മ നടിച്ചിരുന്നുവെങ്കിലും, വാസ്തവത്തിൽ വേറെ എന്തോ സംഗതിയെ ഉദ്ദേശിച്ചാണു വർമ്മ ഡാർജിലിങ്ങിൽ വന്നിരിക്കുന്നതു എന്നൊരുശങ്ക നാഡിമംഗലത്തെ ബലമായി പിടികൂടി. ചില ദിവസങ്ങളിൽ വർമ്മയെ പകൽമുഴുവൻ ഹോട്ടലിൽ കാണാറില്ല. വിജനമായ പ്രദേശങ്ങളിൽ ഏകാകിയായി ഉലാത്താൻ പോകുക, ചിന്താമഗ്നനായി തിരിച്ചുവരിക, എന്നിങ്ങനെയുള്ള വർമ്മയുടെ പ്രവൃത്തികൾ നാഡിമംഗലത്തിന്റെ ജിജ്ഞാസയെ വദ്ധിപ്പിച്ചതേയുള്ളു. നാഡിമംഗലത്തിനു വർമ്മയുടെ നേരേയെന്നപോലെ വർമ്മക്കു അങ്ങോട്ടും ഒരു കണ്ണില്ലാതിരുന്നില്ല വർമ്മയെ ദർശിച്ചയുടനെ സി. ഐ. ഡി–ക്കാക്കു അറിവുകൊടുക്കാതിരുന്നതിനെപ്പററി നാഡിമംഗലം പശ്ചാത്തപിച്ചിരുന്നു. പക്ഷെ, പ്രേതസദൃശയായി സദാ കട്ടിലിനെ ശരണംപ്രാപിച്ച പത്മാവതി മാത്രമായിരുന്നു നാഡിമംഗലത്തിന്റെ ഒഴികഴിവു. ദിനംപ്രതി പത്തു നിമിഷമെങ്കിലും പത്മാവതീസന്ദർശനം അദ്ദേഹത്തിനു പതിവായിത്തീന്നു. വർമ്മ അടുത്തില്ലാതിരുന്ന ഒരുദിവസം-

നാഡി—"ഭവതിയുടെ ഭർത്താവിൻെറ മനസ്സിലെന്താണു ഒരു വിചാരം കടന്നുകൂടിയിരിക്കുന്നതു്?"

പത്മാ—"പണവിഷയമായും മററും അദ്ദേഹം അല്പം 'അലോസരത്തി'ലാണു്"

നാഡി—"മിണ്ടാതിരിക്കൂ! വർമ്മക്കുവേണ്ടി ഞാൻ ഒന്നോ രണ്ടോലക്ഷത്തിനു ജാമ്യം നിൽക്കമെല്ലോ!"

അതിക്ഷണികമായ ഒരു സ്മിതാഞ്ചലം പത്മാവതിയുടെമുഖത്തു കളിയാടി.

പത്മാ—"അദ്ദേഹത്തിനു ചില വലിയ തുകകളൊക്കെ അടുത്തു ഈടായികിട്ടാനുണ്ടു്. പക്ഷേ തൽക്കാലത്തെ തിട്ടക്കത്തിനു അതുകൾ ഉതകുകയില്ല. തക്കതായ ലക്ഷ്യത്തിന്മേൽ വല്ലതും സഹായിപ്പാൻ ഭവാൻ........."

നാഡി—ഇതാ! ആ 'കച്ചോടം' മാത്രം വേണ്ടാ. ഞാൻ വായ്മൂടി ഇരിക്കുന്നതു തന്നെ എൻെറ മനസ്സാക്ഷിക്കു വിരോധമായിട്ടാണു്. എന്നെ ഒരു കൂട്ടുകാരനായി പിടിക്കാൻ നിങ്ങൾ രണ്ടായാലും മോഹിക്കരുതു്"

പത്മാ—"ഭവാൻെറ ആലോചനകളൊന്നും നേർവഴിക്കല്ല ഏതായാലും ഞങ്ങൾ നിമിത്തം ഭവാനു പറയത്തക്ക നഷ്ടങ്ങളൊന്നും ഉണ്ടായിട്ടില്ല.

നാഡി—"അതു ശരിയായിരിക്കാം. എന്നെ പററിക്കാൻ നിങ്ങൾക്കു സാധിച്ചിട്ടില്ല. പക്ഷെ, എനിക്കൊരു മനസ്സാക്ഷിയുണ്ടു്!"

തൽക്ഷണം അധോമുഖനായി കൂനിക്കൊണ്ടു ഒരു മനുഷ്യൻ വരാന്തയിലൂടെ നടന്നുവരുന്നതു പത്മാവതി കണ്ടു.

പത്മാ—"ഭവാനോടു തർക്കിച്ചുജയിക്കാൻ ഞാനാളല്ല ഏതായാലും ഭവാനിപ്പോൾ പോയിക്കൊള്ളുക. മിസ്റ്റർ താക്കർ ഇതാവരുന്നു. അദ്ദേഹത്തിൻെറ ഭാര്യയെപ്പററി എന്നോടു ചിലതു സംസാരിക്കാൻ."

ഗോൾഫ്മൈതാനത്തിൽവച്ചു നാഡിമംഗലം വർമ്മയെ കണ്ടു. കളിച്ചുകൊണ്ടിരുന്നമദ്ധ്യേ നാഡിമംഗലം.

"ഐ. സേ വർമ്മാ! തൻെറയും പത്നിയുടെയും വിഷയത്തിൽ എനിക്കു എന്തെന്നില്ലാത്ത ഒരു പ്രതിപത്തിയുണ്ടു്. അതെന്തിനാണെന്നു ഈശ്വരനുമാത്രമറിയാം! അഥവാ, മിസിസ്സ് വർമ്മയുടെ ദീനസ്ഥിതിയായിരിക്കാം കാരണം. എന്താണു് ആ സാധുതാക്കരെ പിടികൂടിയിരിക്കുന്നതിൻെറ "കള്ളി?"

വർമ്മ കുറച്ചൊന്നു ചൊടിച്ചു. "ഒരു 'കള്ളി'യുമില്ല ചങ്ങാതി. താക്കർക്കു അദ്ദേഹത്തിൻെറ പരേതയായ ഭാര്യയെപ്പററി ചില സംഗതികൾ ഗ്രഹിക്കണം. പത്മാവതിക്കു അദ്ദേഹത്തിനാശ്വാസം നല്കാൻ സാധിക്കും."

നാഡി—"എന്താ, വല്ല പ്രേതപ്രദർശനമോ മറേറാ ഉണ്ടോ?" ചില അഞ്ജനപ്രയോഗംചെയ്തു പത്മാവതി പലരെയും "ഏമാത്താ"രുണ്ടെന്നു നാഡിമംഗലം കേട്ടിട്ടുണ്ടു്.

വർമ്മ—"ഇന്നുരാത്രി അങ്ങനെ എന്തോ ഏർപ്പാടുള്ളപോലെ തോന്നുന്നു."

നാഡി—"താൻ പോകുന്നുണ്ടോ?"

വർമ്മ—"ഇല്ല. എനിക്കാകപ്പാടെ പിടിച്ചില്ല. പോരെങ്കിൽ പത്മാവതി ഇപ്പഴും നന്ന പരവശയായാണിരിക്കുന്നതു്."

നാഡി—"എന്നാൽ തനിക്കു ഈ ഗോഷ്ടി നിർത്തൽചെയ്യരുതോ?"

വർമ്മ—"ഹും! പത്മാവതിയെപ്പററി തനിക്കിത്രമാത്രമെ വിവരമുള്ളുവെങ്കിൽ താൻ തൻെറ സമയം വൃഥാ കളയുകയായിരുന്നു!"

നാഡി—"ഒരൗൺസ് തലച്ചോറുള്ള ഒരു കുട്ടി ഗ്രഹിച്ചിരിക്കേണ്ടത്ര അറിവു നിങ്ങൾ രണ്ടാളെപ്പററിയും എനിക്കുണ്ടോ എന്നു പലതവണ ഞാൻ ശങ്കിച്ചുപോയിട്ടുണ്ടു്."

വർമ്മ ഒരു ഗോൾഫ്പന്തിനെ ചന്തത്തിൽ തട്ടി കുഴിയിൽവീഴ്ത്തിയശേഷം നാഡിമംഗലത്തിൻെറനേരെ തിരിഞ്ഞു്. "ഇടക്കിടെയുള്ള തൻെറ ഇത്തരം അതിബുദ്ധിപ്രകടനങ്ങൾ താനൊരു മഹാനാണെന്നുതന്നെയാണു സൂചിപ്പിക്കുന്നതു്! താനിപ്പോൾ എനിക്കു മൂന്നുകടമാണെന്നു നിശ്ചയമുണ്ടോ?"

## II

അന്നുവൈകുന്നേരം ഹോട്ടലിൽ എവിടെ നോക്കിയാലും പ്രേതപ്രദർശനത്തിൻെറ പ്രസ്താവമേയുള്ളു. പത്മാവതിയുടെ മുറിയിൽവച്ചുതന്നെ നടത്താൻ നിശ്ചയിച്ചിരുന്ന പ്രദർശനത്തിനു ആ വിഷയത്തിൽ വിശ്വാസമുള്ള വളരെപേരെ വിളിച്ചുകൂട്ടിയിരുന്നു. ഈ "സീസൺ" കാലത്താണു് നാഡിമംഗലം മദ്ധ്യവയസ്കനും ഒരൊതുങ്ങിയ മട്ടുകാരനുമായ രാമഗോപാൽ ചൌദ്രിയെ ഒന്നാമതായി പരിചയമായതു. വെൺമാടത്തിന്മേൽ വിശ്രമിച്ചുകൊണ്ടിരുന്ന നാഡിമംഗലത്തിൻെറ അടുത്തുവന്നു് ചൌദ്രി "നിങ്ങൾ ഇന്നത്തെ പ്രദർശനത്തിൽ നിങ്ങളുടെ ഇഷ്ടജനങ്ങളെ സഹായിക്കുന്നുണ്ടോ?"

നാഡിമംഗലത്തെ ഈ ചോദ്യം അല്പം വെറപ്പിച്ചു. "എനിക്കെന്താണു് ഇതിൽ കാര്യം? പ്രേതപ്രദർശനത്തിൽ എനിക്കു വിശ്വാസമില്ലെന്നു മാത്രമല്ല, മിസ്റ്റർ വർമ്മയും ഭാര്യയും എൻെറ 'ഹോട്ടൽ പരിചയക്കാരു'മാത്രമാണു്."

ചൌ—"അത്രേയുള്ളോ?"

ചൌദ്രിയുടെ നോട്ടം തൻെറ അന്തരംഗംമുഴുവൻ കണ്ടറിയാൻ പര്യാപ്തമാണെന്നു നാഡിമംഗലത്തിനുതോന്നി.

"ഞാൻ അവരെ ഒരുതവണ നെയിനിററാലിൽവച്ചു് കണ്ടിട്ടുണ്ടു്. കഴിഞ്ഞ കൊല്ലം ഊട്ടകമണ്ടിൽവച്ചും."

"ഓ, ഹോ!" എന്നു സമാധാനം മൂളിക്കൊണ്ടു് ചൌദ്രി അദൃശ്യനായി.

ഭക്ഷണാനന്തരം നാഡിമംഗലം വർമ്മയെ ബില്ലിയേർഡ്സ് കളിക്കാൻ ക്ഷണിച്ചു. വർമ്മ നൂററിഅമ്പതു പോയിൻറു് കൊണ്ടു നാഡിമംഗലത്തെ തോല്പിച്ചും വച്ചു് "എനിക്കുറക്കംവരുന്നു" എന്നു പറഞ്ഞു് തൻെറ മുറിയിലേക്കും, തദനന്തരം നാഡിമംഗലംമാളികമുകളിലേക്കും തിരിച്ചു. പത്മാവതിയുടെ മുറികൾ അവരുടെ സൌകര്യത്തിൻവേണ്ടി താഴെ നിലയിലായിരുന്നു. നിദ്രാദേവി അന്നു നാഡിമംഗലത്തോടു അകരുണയായിട്ടാണു് അനുവർത്തിച്ചതു്. ഉറക്കം വരാതെ വിഷണ്ണനായിതീന്ന് അദ്ദേഹം പൂവാടിയിൽനിന്നു മന്ദമാരുതനാൽ ഉയർത്തപ്പെട്ട പരിമളമേററു തൃപ്തിയടയാതെ ഹോട്ടലിൻെറ പിൻഭാഗത്തെ കോവണിപ്പടിവഴി ഉദ്യാനത്തിലേക്കിറങ്ങി. വാതായനങ്ങളിലൂടെ "കനിഞ്ഞു" പുറപ്പെട്ട ചില മർമ്മരശബ്ദങ്ങൾമാത്രം നിശയുടെ നിശ്ശബ്ദതയെ ഭഞ്ജിച്ചു. തൽക്ഷണം അദ്ദേഹം പത്മാവതിയുടെ മുറിയുടെ ജനലിന്നുനേരെ എത്തി. പകുതി തുറന്നുകിടന്ന ജനലും ഒരു ഭാഗത്തേക്കു ഞെറിഞ്ഞുവയ്ക്കപ്പെട്ടിരുന്ന യവനികയും മുറിക്കുള്ളിൽ നടക്കുന്ന സംഭവങ്ങൾ ഏതാനും കാണ്മാൻ നാഡിമംഗലത്തെ സഹായിച്ചു. ഒരു മേശയുടെ ചുററും അനേകം ആർത്തിയേറിയ മുഖങ്ങളും അവരുടെ ഭയവിഹ്വലങ്ങളായ നേത്രങ്ങളും നാഡിമംഗലം കണ്ടു.

"എൻെറ ആത്മാവിനു സ്വസ്ഥതകിട്ടണമെങ്കിൽ എനിക്കവളെ ഒരു നോക്കുകാണണം. ഒരു നിമിഷം ഞാൻ ആ മുഖത്തെ ദർശിക്കട്ടെ!" എന്നിങ്ങനെ താക്കർ തൊണ്ടയിടറിക്കൊണ്ടു പറഞ്ഞു

"ഞാൻ ഒന്നുകൂടി ശ്രമിക്കാം. എല്ലാവരും അങ്ങട്ടുനോക്കുവിൻ" പത്മാവതിയാണു് ആ പറഞ്ഞതു്. അടുത്തൊരുമഞ്ചത്തിൽ കിടപ്പുകൊണ്ടിരുന്ന ആ വനിതയുടെ വിളർത്ത മുഖം മാത്രം നാഡിമംഗലത്തിനു കാണാമായിരുന്നു എല്ലാം നിശ്ശബ്ദം! രണ്ടുനാലുനിമിഷങ്ങൾ കഴിഞ്ഞു. ഹ! ഹ! എന്ന ആശ്ചര്യസൂചകമായ ധ്വനികൾ മുഴങ്ങി. ചിലർ കണ്ണുതുടച്ചു. എല്ലാവരും രോമാഞ്ചകഞ്ചുകിതരായി.

* * *

മുറിക്കുള്ളിൽ നടക്കുന്ന സംഭവങ്ങളെ 'അനിമേഷങ്ങളാ'യ നേത്രങ്ങളാൽ നോക്കിക്കൊണ്ടിരുന്ന നാഡിമംഗലം കൈയിലൊരു ഭാണ്ഡവുമായി.ഒരു സ്വരൂപം ഒരു ജനൽവഴി പുറത്തുകടന്നതോ, വേറൊരു വാതിൽവഴിയായി അന്യനൊരാൾ ഇരുട്ടത്തുദ്യാനത്തിൽ പ്രവേശിച്ചതോ കണ്ടില്ല. പെട്ടെന്നു പിന്നിൽനിന്നു നാഡിമംഗലത്തിൻെറ തലയ്ക്കു "ടിം" എന്നൊരു അടി വീണു. വളരെനേരംകഴിഞ്ഞു കൺമിഴിച്ചപ്പോൾ ഉദ്യാനത്തിലെ ചരലിൽ മലൻകിടന്നു് നക്ഷത്രങ്ങളെ എണ്ണുന്നതായിട്ടാണു് നാഡിമംഗലത്തിനനുഭവപ്പെട്ടതു്! ഒരു തീപ്പെട്ടിക്കോലുരച്ചു വാച്ചുനോക്കിയപ്പോൾ താൻ ആ സ്ഥിതിയിൽ ഒരു മുഹൂർത്തമാത്രം കിടന്നിരിക്കണമെന്നു് അദ്ദേഹത്തിനു മനസ്സിലായി. നാഡിമംഗലം കുറച്ചൊരു തല തിരിച്ചലോടെ മുകളിലേക്കു കയറി തൻെറ മുറിയിൽ ഒരുവിധം എത്തിച്ചേർന്നു. പിറേറന്നുകാലെ നാഡിമംഗലം മനസ്സിൽ എന്താണ്ടൊക്കെ ആലോചിച്ചു തീർച്ചപ്പെടുത്തിയപോലെ പത്മാവതി പതിവായി ഇളവെയിലേററിരുന്ന വരാന്തത്തലയ്ക്കലേക്കു ദ്രുതമായി നടന്നുപോയി. അതിഥികളിൽ മിക്കപേരും അവിടെ ഹാജരായിരുന്നു. പത്മാവതിമാത്രം ഉണ്ടായിരുന്നില്ല. മിസ്റ്റർ താക്കർ—സാധാരണ "തൂങ്ങമുഞ്ഞി"ത്താക്കരല്ല. പ്രസന്നവദനനായതാക്കർ. എന്തെന്നില്ലാത്ത ഒരു തേജസ്സ് അദ്ദേഹത്തിൻെറ വദനത്തിൽ കളിയാടിയിരുന്നു—എല്ലാവരുടേയും ശ്രദ്ധയെ ആക

(ശേഷം ഇരുപത്തൊന്നാംപുറം)



ഹേയ്ഗിലെ ഇൻറർനാഷണൽ കോടതിയിൽ മി. അന്നാച്ചിക്കു പകരം റോമിലെ ജാപ്പനീസ് സ്ഥാനപതിയായ മി. സുഗ്മുറായെ ജഡ്ജിയായി നിയമിച്ചിരിക്കുന്നു.

*　*　*

302-ഇററാലിയൻപട്ടണങ്ങൾക്കും, ഗ്രാമങ്ങൾക്കും അതായതു 25 ലക്ഷം ജനങ്ങൾക്ക് ജലസൗകര്യം നൽകുന്ന ഭീമമായ അപ്പുലിയൻജലപദ്ധതി 29-വർഷത്തെ പരിശ്രമഫലമായി പൂർത്തിയായി വരുന്നു.

*　*　*

നാസിവിദ്യാഭ്യാസമന്ത്രിയുടെ പ്ലാൻഅനുസരിച്ച് അടുത്ത നാലഞ്ചുവർഷംകൊണ്ടു ജർമ്മനിയിലെ 50000 സ്കൂളുകളിൽ ഓരോന്നിലും വിദ്യാഭ്യാസപരമായ സിനിമ നടത്തുന്നതിനുള്ള ഉപകരണം സ്ഥാപിക്കുന്നതാണു്. ഇരുപതിനായിരം സ്ക്കൂളുകളിൽ ഇതിനുള്ള സജ്ജീകരണങ്ങൾ പൂർത്തിയായിട്ടുണ്ടു്.

*　*　*

അമേരിക്കൻഐക്യനാടുകളിൽ,ആവിയുടെ ശക്തികൊണ്ടോടുന്ന ഒരു പുതിയ തീവണ്ടിഎഞ്ചിൻ 400-മിനിട്ടുകൊണ്ടു 400 മയിൽഓടി പുതിയ റെക്കാഡ് സമ്പാദിച്ചിരിക്കുന്നു.

*　*　*

മി. ലായിഡ്ജാർജ്ജ് എന്തുവ്യവസ്ഥയിൽ ക്യാബിനററിൽ ചേരുവാൻ തയാറാകുമെന്നു ഗവർമ്മെൻറു അനൗപചാരികമായി അദ്ദേഹത്തോടാലോചിക്കുമെന്നാണു് മോർണിങ്ങ പോസ്റ്റിൻെറ രാഷ്ട്രീയലേഖകൻ എഴുതുന്നതു്

*　*　*

കെമാലിസ്റ്റുകക്ഷിയുടെ നിശ്ചയപ്രകാരം പല ജൂതന്മാരെയും ഗ്രീക്കുകാരെയും ആർമീനിയന്മാരെയും തുർക്കിപാർലമെൻറിലേക്കു തിരഞ്ഞെടുക്കുവാൻപോകുന്നു. അങ്ങനെ ഇപ്പോൾ ആദ്യമായി ന്യൂനപക്ഷപ്രാതിനിധ്യം അവിടെ അനുവദിക്കപ്പെട്ടിരിക്കുന്നു.

*　*　*

1935-ലെ സമാധാനത്തിനുള്ള സമ്മാനം മുസ്സോളിനിക്കു കൊടുക്കണമെന്നു ശുപാർശചെയ്യാൻ ഹംഗറിയിൽ ഫൂവൻകഷ്ലൻ സർവ്വകലാശാലയിലെലാ ഫാക്കൽട്ടിയുടെ പ്രൊഫസ്സറന്മാർതീരുമാനിച്ചിരിക്കുന്നു.

*　*　*

ചക്രവത്തിതിരുമനസ്സിലെ സിൽവർ ജൂബിലിആഘോഷത്തിൽ അവിടുത്തെ അഭിനന്ദിച്ചു് പാർലമെൻറിൻെറ രണ്ടു സഭകളും മംഗളപത്രം നൽകുന്നതാണു്. ഇതായിരിക്കും ജൂബിലിചടങ്ങുകളിൽ ശ്രദ്ധാർഹമായിട്ടുള്ളഒന്നു്- വെസ്റ്റ്മിനിസ്റ്റർകൊട്ടാരത്തിലെ ഏററവും പ്രാചീനമായ വെസ്റ്റ്മിനിസ്റ്റർ ഹാളിൽവച്ചായിരിക്കും തിരുമസ്സിലേക്കു മംഗളപത്രം സമർപ്പിക്കുന്നതെന്നും അറിയുന്നു.


*　*　*

തെക്കേആഫ്റിക്കയിൽ ഡർബൻ എന്ന നഗരത്തിൽ ട്രാഫിക്കിൻെറ ശബ്ദശല്യം കുറയ്ക്കാൻ റബർക്രീപ്പു ഉപയോഗിച്ചു വരുന്നു. ട്റാംപാളത്തിൻെറ അടിയിൽ ഘനംകുറഞ്ഞ ക്രീപ്പുറബർ വയ്ക്കുകയാണു പതിവു്.

*　*　*

എൺപതുഭാര്യമാരുള്ള ഒരു മനുഷ്യനെ വിവാഹവഞ്ചകൻഎന്നനിലയ്ക്കു ഒരു റുമേനിയൻപട്ടണത്തിൽനിന്നു അറസ്റ്റുചെയ്തിരിക്കുന്നു. ഇവൻ 300-ൽപരം സ്ത്രീകളോടു വിവാഹപ്രതിജ്ഞചെയ്കയും അതിസമ്പന്നകളായ അനേകം വനിതകളെ വിവാഹംചെയ്തു അവരുടെ സ്വത്തുക്കൾ അപഹരിച്ചശേഷം അവരുമായുള്ള ബന്ധം അവസാനിപ്പിക്കയും ചെയ്തിട്ടുള്ളതായി പറയപ്പെടുന്നു.

*　*　*



എറണാകുളം പാലസ്ഗ്രൗണ്ടിൽവച്ചു് നടത്തിയ ക്രിക്കററ്മാച്ചിൽ അവസാനക്കളിനടത്തിയ പാലസ് പ്രിൻസ്ടീമും കോഴിക്കോട്ടു ടീമും (വിജയികളും റണ്ണേഴ്സ് അപ്പ്.ം)

Photo Royal Studio, Ernakulam.

ഈജിപ്ഷ്യന്മാർ 1700 വർഷങ്ങൾക്കു മുമ്പു ചുരുക്കെഴുത്തുപയോഗിച്ചിരുന്നു. പക്ഷെ ഈ ചുരുക്കെഴുത്തിന്റെ ഭാഷ ഗ്രീക്കു് ആയിരുന്നു

*  *  *

അംഗങ്ങളാരും കൈകൊടുക്കരുതെന്നു (ഷേക്ക്ഹാൻഡ്) നിരോധിക്കുന്ന ഒരു സംഘം യൂഗോസ്ലാവിയായിൽ ന്റെ അംഗങ്ങളോടുകൂടി ആരംഭിച്ചിരിക്കുന്നു.

*  *  *

യുണൈറ്റഡ്സ്റ്റേറ്റ്സും ബ്രസീലും തമ്മിൽ ഒരു പരസ്പരവാണിജ്യസന്ധിയിൽ ഏർപ്പെട്ടിരിക്കുന്നു- ഇരുകൂട്ടരും താരിപ്പു് സൌജന്യങ്ങൾ അനുവദിക്കുന്നു.

*  *  *

അടുത്ത വേനൽക്കാലത്തു കാനഡായിക്കു കുറുകെ മൂവായിരം മൈൽ നീളത്തിൽ ഒരു സർവ്വരാജ്യവിമാനമൽസരം നടത്തുവാൻ നിശ്ചയിച്ചിരിക്കുന്നു- ഒന്നാംസമ്മാനം ഒരു കുടംനിറയെ സ്വർണ്ണവും രണ്ടാംസമ്മാനം ഒരുകുടം വെള്ളിയുമാണു്.

*  *  *

ഒരുകോടി വർഷത്തിനു മുമ്പു വടക്കേ അമേരിക്കയിൽ ജീവിച്ചിരുന്നതായ ഒരു കടൽപാമ്പിന്റെ ഇരുപത്തഞ്ചടി നീളമുള്ള നട്ടെല്ലു സ്മിത്സോണിയൻ ഇൻസ്റ്റിറ്റ്യൂട്ടിൽ സൂക്ഷിച്ചുവരുന്നു.

*  *  *

ഏതാണ്ടു വാലില്ലാക്കുരങ്ങുപോലെ പെരുമാറുന്നതും പക്ഷികളെയും ചെറുജീവികളെയും ജീവനോടെ പിടിച്ചുതിന്നുന്നതും അർത്ഥമില്ലാത്ത വെറും ശബ്ദങ്ങൾ മാത്രം പുറപ്പെടുവിക്കുന്നതും നഗ്നയുമായ ഒരു പെൺകുട്ടിയെ ഫ്രാൻസിൽ ചലോൺസ എന്ന സ്ഥലത്തെ കാട്ടുപ്രദേശങ്ങളിൽ കണ്ടിരിക്കുന്നു.

*  *  *

അതിപ്രാചീനവും വൃത്തികെട്ടതുമായ ഒരു പനയോലക്കഷണത്തിൽ എഴുതിയ അതിപ്രധാനമായ ഒരു രേഖ ബ്രിട്ടീഷ്മ്യൂസിയത്തിലേക്കയച്ചിരിക്കുന്നു. ഇതു പുതിയ നിയമത്തിന്റെ അതിപ്രാചീനമായ രേഖയാണെന്നാണു വിശ്വസിക്കപ്പെടുന്നതു് ഇതിനെ ഇപ്പോഴത്തെക്കാലത്തെ അതിപ്രധാനമായ ഒരു കണ്ടുപിടുത്തമായിട്ടാണു കരുതിയിരിക്കുന്നതു്.

*  *  *

ബുഡാപെസ്റ്റിൽ നാടകടിക്കറ്റിനു പകരം മുട്ട സ്വീകരിച്ചുവരുന്നു. സകല സാമാനങ്ങൾക്കുംവിലയായി മുട്ട സ്വീകരിക്കുന്ന ഒരു വ്യാപാരശാല മുപ്പതുവർഷം മുമ്പു ത്രോമാ എന്ന ദ്വീപിൽ ഉണ്ടായിരുന്നു.

*  *  *

ആർഗിയിൽ എന്ന സ്ഥലത്തു ഒരു വീട്ടിൽ ഒരു സ്ത്രീ കോരവച്ചിരുന്ന വെള്ളം പതിവായി ആരോ കലക്കി മലിനമാക്കുക പതിവായിരുന്നു. നിത്യവും ഒരു എലി ആ വെള്ളത്തിലിറങ്ങി കുളിച്ചിട്ടുപോകാറുണ്ടെന്നു ഒരുദിവസം ഒളിച്ചിരുന്നു പരിശോധിച്ചപ്പോൾ ഗൃഹനായികയ്ക്കു മനസ്സിലായി പോൽ.


*  *  *

ആസ്ത്രിയായും ഇററലിയും തമ്മിലുള്ള സാംസ്കാരികസന്ധയനുസരിച്ചു വിയന്നാ, മുതലായ ആസ്ത്രിയൻനഗരങ്ങളിൽ ഇററാലിയൻഭാഷ കമ്മേഷ്യൽസ്ക്കൂളുകളിൽ നിർബന്ധവും സെക്കൻഡറിസ്കൂളുകളിൽ പ്രത്യേകവും ആയ പാഠ്യവിഷയമാക്കിയിരിക്കുന്നു. റോമിൽ ആസ്ത്രിയൻഭാഷയും പഠിപ്പിക്കുന്നതാണു്.

*  *  *

സെർബിയായിൽ റാട്ടറിഎന്നഗ്രാമത്തിലെ ഒരുകർഷകനായ വെലിമിർയോക്കിച്ചിന്റെ ഒരു രോഗം വളരെ അത്ഭുതകരമായിരുന്നു. അയാൾ നല്ല ഉത്സാഹശീലമുള്ളവനായിരുന്നുവെങ്കിലും, മൂന്നുവർഷത്തിനു മുമ്പു ക്രിസ്തുമസ്സു് ദിവസം രാത്രിയിൽ അയാൾക്കു വല്ലതായ മനോവ്യഥയുണ്ടായി അന്നു അയാൾഉറങ്ങുവാൻകിടക്കയിൽ ചെന്നുകിടന്നു. കഴിഞ്ഞ അക്ടോബർമാസംവരെ അയാൾ മിക്കവാറും തുടർച്ചയായിഉറങ്ങി എന്നുതന്നെ പറയാം ഇടയ്ക്കിടയ്ക്കു ചിലപ്പോൾ ആഹാരംകഴിക്കുവാൻമാത്രം ഉണന്നിരുന്നിട്ടുണ്ടു് കഴിഞ്ഞ അക്ടോബറിൽ ഇങ്ങനെ ഒരവസരത്തിൽ ഉണർന്നപ്പോഴാണു അലക്സാണ്ടർരാജാവിനെ വധിച്ചവാർത്ത അയാളെ അറിയിച്ചതു്. അതു അയാളിൽ ഒരു വലിയ മാററംവരുത്തി. അയാൾ ഒട്ടുവളരെ നേരമിരുന്നു കരഞ്ഞിട്ടു രാജാവിനെ അടക്കിയസ്ഥലം സന്ദർശിച്ചു അതിനുശേഷം ഈ കർഷകൻ പതിവുപോലെ ജോലിചെയ്യുകയും സാധാരണനിലയിൽ ജീവിതംനയിക്കുകയും ചെയ്യുന്നു.

*  *  *




മഹാരാജാസ് കോളേജിലെ ശാസ്ത്രമന്ദിരത്തിന്റെ ഉൽഘാടനസ്മാരകമായി മഹാരാജാവുതിരുമനസ്സുകൊണ്ടു് അനാഛാദനം ചെയ്ത ടാബ്ലററു് (Tablet)

Photo, Royal Studio, Ernakulam.

ചൈനയുടേയും, ജപ്പാന്റെയുംമൻചുക്കോയുടെയും പ്രതിനിധികൾചേർന്നു ടാററാൻ എന്ന സ്ഥലത്തുവച്ചു നടന്ന കൂടിയാലോചനകളുടെഫലമായി ചാർഹാർപ്രദേശത്തും, ജഹോളിലും സമാധാനം സ്ഥാപിച്ചിരിക്കുന്നു. ഈ അതൃത്തിപ്രദേശങ്ങളിൽ ജപ്പാന്റെയും മൻചുക്കോയുടെയും പട്ടാളങ്ങൾ ചൈനാപ്പട്ടാളത്തെ എതിർക്കുകയുണ്ടായല്ലോ. ഈ പ്രദേശത്തു ഇനിയും പട്ടാളങ്ങളെ നിറുത്തുന്നതല്ലെന്നു ചൈന ഉറപ്പുകൊടുക്കുകയും, ഇപ്പോൾ ഉണ്ടായ സംഭവത്തിനു ചൈനാ മാപ്പുചോദിക്കുകയും ചെയ്തിരിക്കുന്നു

*  *  *  *

"ഹെർഹിററ്ലർക്കു സോവിയററുപട്ടാളത്തിനു ഒരൊററ മോട്ടോർലോറിയെങ്കിലും തരേണ്ടിവരികയില്ല" എന്നാണു സോവിയേററിന്റെ ഗതാഗതമന്ത്രി ഈയിടെ പ്രസിദ്ധീകരിച്ചിരിക്കുന്നതു്. ഹിററ്ലർ ഈയിടെ എഴുതിയ ഒരു ഗ്രന്ഥത്തിൽ യുദ്ധമുണ്ടാകുന്നപക്ഷം റഷ്യയ്ക്കു മോട്ടോർവാഹനങ്ങളെ സംബന്ധിച്ചു ജർമ്മനിയുടെ സഹായം വേണ്ടിവരുമെന്നു പ്രസ്താവിച്ചിരുന്നു. ഇതിനു മറുപടിയായിട്ടാണു മുൻപറഞ്ഞ പ്രസ്താവന ഉണ്ടായിട്ടുള്ളതു്.

*  *  *



കൊച്ചി അതിഥിമന്ദിരത്തിൽ വച്ചു് നടത്തപ്പെട്ട ഒരു സൗഹൃദസമ്മേളനം. പല മഹാന്മാരും മഹിളകളും മി. ജി. കെ. ദേവധാരും ഇതിൽ പങ്കുകൊണ്ടിരുന്നു.

Photo, Royal Studio, Ernakulam.

# മലയാളരാജ്യം.

1110 മകരം 29-ാംനു- തിങ്കളാഴ്ച.

കാൺഗ്രസ് കക്ഷിയുടെ പലപ്രമേയങ്ങളും ഇത്തവണത്തെ അസംബ്ളി പാസ്സാക്കിയിട്ടുണ്ടെങ്കിലും, ജെ പി. സി. റിപ്പോർട്ടിനെപ്പററിയുള്ള പ്രമേയത്തിൽ കാൺഗ്രസ്സ് പാർട്ടിനേതാവു് അവതരിപ്പിച്ച ഭേദഗതി പരാജയപ്പെട്ടുപോയിരിക്കുന്നു. ഈ കാര്യത്തിൽ മി ജിന്നയുടെ ഇൻഡിപെൻഡൻറു് പാർട്ടിയുമായി യോജിച്ചുനിൽക്കുവാൻ കാൺഗ്രസ്സ് നേതാക്കന്മാർ നേരത്തെതന്നെ ആലോചനകൾ നടത്തിയെങ്കിലും അതു അവസാനത്തിൽ വിഫലമാകുകയാണു ചെയ്തതു്. ആ സ്ഥിതിക്കു കാൺഗ്രസ്സിൻെറ ഭേദഗതി പാസ്സാകുന്നകാര്യം സംശയത്തിലാണെന്നു സകലരും ഊഹിച്ചിരുന്നതാകുന്നു. ഇന്നത്തെ അസംബ്ളിയുടെ ഘടനനോക്കിയാൽ ഇൻഡിപെൻഡൻറുപാർട്ടി ഏതുഭാഗത്തു ചേരുന്നുവൊ ആ ഭാഗത്തിനു വിജയമുണ്ടാകുന്നതാണെന്നു കാണാവുന്നതാകുന്നു ഈ പാർട്ടികളും ഗവണ്മെൻറുംകൂടിച്ചേർന്നു ഒരു ചതുരംഗക്കളിയാണു അസംബ്ളിയിൽ നടക്കുന്നതു്. അതിനാൽ അസംബ്ളയിലെ വോട്ടിംഗിൻെറ ഫലത്തെക്കാൾ വാദപ്രതിവാദഗതിയെ സൂക്ഷിക്കുന്നതു കൂടുതൽ പ്രയോജനകരമായിരിക്കും. വോട്ടിംഗിൻെറ ഫലം നോക്കിയാലും അതു ഗവണ്മെൻറിനു ഒരു പരാജയംതന്നെയെന്നു സമ്മതിക്കേണ്ടതുണ്ടു്. എന്തെന്നാൽ സാമുദായികതീരുമാനത്തെ അംഗീകരിക്കുന്നുവെന്നുള്ള മി. ജിന്നയുടെ പ്രമേയത്തിലെ ആദ്യത്തെ ഉപാധിയോടു ഗവണ്മെൻറു യോജിക്കുന്നുവെങ്കിലുംപ്രദേശികഭരണത്തിലെ രക്ഷാവ്യവസ്ഥകൾ എടുത്തുകളഞ്ഞു അതിനെ യഥാർത്ഥത്തിൽ സ്വയംഭരണമുള്ളതാക്കണമെന്നും ഫെഡറൽഘടനയെ നിരാകരിക്കണമെന്നുംഉള്ള ആ പ്രമേയത്തിലെ മററു രണ്ടുപാധികളേയും ഗവണ്മെൻറു ശക്തിയായി എതിർക്കുകയാണു ചെയ്തതു്. മി. ബലുബായി ദേശായിയുടെ ഭേദഗതിയേക്കാൾ ഗവണ്മെൻറിനു സ്വീകരിക്കുവാൻ കൂടുതൽ വൈഷമ്യമുള്ള ഒരു ഭേദഗതിയാണു മി ജിന്നയുടേതെന്നു ഹോം മെമ്പർതന്നെപ്രസ്താവിക്കുകയുണ്ടായി. മി. ജിന്നയുടെ ഭേദഗതിയുടെ ആദ്യത്തെ ഭാഗം വോട്ടിനിട്ടപ്പോൾ ഗവണ്മെൻറു അതിനോടുയോജിച്ചു വോട്ടുചെയ്തുകാണുന്നു. മററുരണ്ടുഭാഗങ്ങളേയും ഗവൺമെൻറു ഭാഗത്തുനിന്നും എതിർത്തുവെങ്കിലുംഅവ പാസ്സാകുകയാണുണ്ടായതു്. അതിനാൽ ജെ. പി സി. റിപ്പോർട്ടിൽ വിശദീകരിച്ചിരിക്കുന്ന ഭരണപരിഷ്കാരപദ്ധതി ഇന്ത്യയിലെയാതൊരുകക്ഷിക്കും സ്വീകാര്യമല്ലെന്നാണു വിശദമാക്കിയിരിക്കുന്നതു്. നിർദ്ദിഷ്ടമായിരിക്കുന്ന പുതിയ ഭരണഘടനമുഴുവൻ ഫെഡറൽആശയത്തെ അധിഷ്ഠാനമാക്കിയുള്ളതാണു് പുതിയ ഭരണഘടനയുടെ മൗലികാശയമായ ഈ ഫെഡറൽഘടനയെയാണു് അസംബ്ളിനിരാകരിച്ചിരിക്കുന്നതെന്ന വസ്തുത പ്രത്യേകം ഓർത്തിരിക്കേണ്ടതാണു്. ഫെഡറൽആശയം ദുർബലപ്പെടുന്നതു നാട്ടുരാജ്യപ്രജകൾക്കു ഒരിക്കലും ഗുണകരമാണെന്നു പറഞ്ഞുകൂടാ ആദ്യത്തെ റൗണ്ടുടേബിൾ കാൺഫറൻസിനു വളരെ മുമ്പുതന്നെ നാട്ടുരാജ്യപ്രജകൾ ഇൻഡ്യക്കു ഫെഡറൽഘടനവേണമെന്നു ആവശ്യപ്പെട്ടിരുന്നതാണു് നാട്ടുരാജ്യങ്ങൾ ഒരു അഖിലേന്ത്യാഘടനയിൽ ചേരുന്നതായാൽ പ്രജാധിപത്യഭരണത്തിൻെറ ശക്തിയോടുകൂടിയ തള്ളലിന് അധികനേരം അവയ്ക്കും ഉൾപ്പെടാതെയിരിക്കുവാൻ സാധിക്കുന്നതല്ലല്ലോ ആകയാൽ ഫെഡറൽആശയം ദുർബലപ്പെടുന്നതു നാട്ടുരാജ്യപ്രജകളെ സംബന്ധിച്ചിടത്തോളം അഭിലഷണീയമെന്നുകരുതാവുന്നതല്ല തങ്ങളുടെ അവകാശങ്ങളെ നാട്ടുരാജാക്കന്മാരെക്കൊണ്ടും ബ്രിട്ടീഷ് ഗവണ്മെൻറിനെക്കൊണ്ടും ബ്രിട്ടീഷിൻഡ്യൻ നേതാക്കന്മാരെക്കൊണ്ടും അംഗീകരിപ്പിക്കുവാൻ യത്നിക്കുകയാണു നാട്ടുരാജ്യപ്രജകൾ ചെയ്യേണ്ടതു്.

* * *

തിരുവിതാംകൂർ, സാൻഗ്ലിതുടങ്ങിയ നാട്ടുരാജ്യങ്ങളുടെ പിന്നാലെ, ഇതാ മൈസൂരും ഇന്ത്യൻനാഷണൽകാൺഗ്രസ്സിനോടു വിരോധഭാവം പ്രകടിപ്പിച്ചുതുടങ്ങിയിരിക്കുന്നു. ബ്രിട്ടീഷുഗവർമ്മെൻറിനു കാൺഗ്രസ്സിൻെറ പ്രവർത്തനത്തെ നിരോധിക്കുവാനുള്ള ഔൽസുക്യത്തെക്കാൾ കൂടിയ ഔൽസുക്യമാണു് ഈ വിഷയത്തിൽ ചില നാട്ടുരാജ്യങ്ങൾക്കുള്ളതെന്നുതോന്നുന്നു. മൈസൂറിൽകാൺഗ്രസ്സിൻെറ ത്രിവർണ്ണാങ്കിതമായ പതാക പ്രദർശിപ്പിക്കരുതെന്നും, സ്വന്തമായ ഒരു പതാകയുള്ള മൈസൂർരാജ്യത്തിനു അതു അപമാനകരമാണെന്നും കാണിച്ചു് അവിടുത്തെ ഡിക്കട്ട്മജിസ്ട്രേട്ടു് ഒരു ഉത്തരവു് പുറപ്പെടുവിച്ചിരിക്കുന്നവിവരം വായനക്കാർ അറിവുണ്ടാ ഈയിടെ പൂർണ്ണസ്വരാജ്യദിനംസംബന്ധിച്ചു് ബ്രിട്ടീഷു ഇന്ത്യയിൽ പലേടത്തും സ്വരാജ്യപതാകകൾ പ്രദർശിപ്പിക്കുകയുണ്ടായി. ബ്രിട്ടീഷുഗവർമ്മെൻറിനു സ്വന്തമായ ഒരു പതാകയില്ലാത്തതുകൊണ്ടാണു് ഇതിൽ ഗവർമ്മെൻധികൃതന്മാർ അവിടെ തടസ്സം പുറപ്പെടുവിക്കാഞ്ഞതെന്നു ആർക്കും പറയുവാൻ സാധിക്കുന്നതല്ല. ഈയിടെ അമേരിക്കൻസ്വാതന്ത്ര്യദിനം ആഘോഷിച്ചപ്പോൾ, ഇന്ത്യയിൽ താമസിക്കുന്ന പല അമേരിക്കാക്കാരും അമേരിക്കൻകൊടികൾ തങ്ങളുടെ വീടുകളുടെയും കച്ചവടസ്ഥലങ്ങളുടെയും മുൻപിൽ പ്രദർശിപ്പിക്കുകയുണ്ടായി അതും ബ്രിട്ടീഷുകൊടിക്കു അപമാനകരമായി ആരും വിചാരിച്ചില്ല അമേരിക്കയിലെ ഇന്ത്യാക്കാർ പോലും അവിടെ ഇന്ത്യൻദേശീയപതാക ചിലഅവസരങ്ങളിൽ പ്രകടിപ്പിക്കാറുണ്ടു്. അതു് അമേരിക്കൻകൊടിക്കു അപമാനകരമായി തീർന്നിട്ടില്ല നാട്ടുരാജ്യങ്ങളുടെ ഈ വിഷയത്തിലെ യുക്തികൾ ദുർഗ്രഹങ്ങൾ തന്നെ.

* * *

ഈയിടെ കറാച്ചിയിൽകൂടിയ അഖിലേന്ത്യാവനിതാസമ്മേളനം സ്ത്രീകളെ സാമുദായികമായി തരംതിരിച്ചു നിയമസമിതികളിലൊ പബ്ളിക്കസർവീസിലോ പ്രാതിനിധ്യം നൽകേണ്ടതില്ലെന്നു വ്യക്തമാക്കിയിട്ടുണ്ടു്. തിരുവിതാംകൂറിൽ സമുദായപ്രാതിനിധ്യവാദം ഏത്രയും തീക്ഷ്ണമായി നടന്ന അവസരങ്ങളിൽപോലും ഇവിടുത്തെവനിതകൾ അതിൽനിന്നും ഒഴിഞ്ഞുമാറിനില്ക്കുകയാണു് ചെയ്തിട്ടുള്ളതു്. ഇവിടുത്തെ വനിതകളുടെ സ്ഥാപനങ്ങളും വനിതകളുടെ ഇടയിൽ സാമുദായികഭിന്നതകൾ ഇല്ലെന്നു വ്യക്തമാക്കിയിട്ടുണ്ടു്. അവശതയനുഭവിക്കുന്ന ജനവിഭാഗങ്ങളിൽപെട്ട വനിതകൾ അധികംപേർ വിദ്യാഭ്യാസം നേടിയിട്ടുള്ളവരായിട്ടില്ലെന്നും, അതുകൊണ്ടാണു് സ്ത്രീകളുടെ ഇടയിൽ സാമുദായികപ്രാതിനിധ്യവാദം മുഴങ്ങിക്കേൾക്കാത്തതെന്നുമാകുന്നു സാമുദായികപ്രാതിനിധ്യവാദികൾ ഇതിനു സമാധാനംപറയുന്നതു്. എന്നാൽ ഈ അവശസമുദായങ്ങളിൽതന്നെയുള്ള അഭ്യസ്തവിദ്യകളായ വനിതകളുംസ്ത്രീകളുടെഇടയിൽ സാമുദായികപ്രാതിനിധ്യംവേണ്ടെന്നു വാദിക്കുന്നവരാണു്. തിരുവിതാംകൂറിലെ പബ്ളിക്കസർവീസുകമ്മിററിയിലെ വനിതാപ്രതിനിധികൾ പുറപ്പെടുവിച്ച വാദവും ഈ പ്രസ്താവനയെപിൻതാങ്ങുന്നതേയുള്ളു. എങ്കിലും അതിനെപ്പററി നിയമസഭകളിൽ വാദപ്രതിവാദംനടന്നപ്പോൾ സാമുദായികപ്രാതിനിധ്യവാദികളായ ചില പുരുഷന്മാർ സ്ത്രീകളുടെയിടയിലും അവർക്കാവശ്യമില്ലാത്ത സാമുദായികപ്രാതിനിധ്യം നടപ്പാക്കണമെന്നു വാദിക്കുകയുണ്ടായി. എന്നാൽ മദ്രാസ്സിൽകൂടിയ ഇന്ത്യൻക്രസ്ത്യാനികളുടെ സമ്മേളനത്തിൽ ഒരു ക്രസ്ത്യൻവനിത അവതരിപ്പിച്ചതും സമ്മേളനം അംഗീകരിച്ചതുമായ ഒരു പ്രമേയം ഈ അവസരത്തിൽ പ്രത്യേകം ശ്രദ്ധാർഹമാകുന്നു. ഈസമുദായം ബ്രിട്ടീഷുഇൻഡ്യയിലെ ഒരു ചെറിയ ന്യൂനപക്ഷസമുദായമാണു്. ഇൻഡ്യയിലെ സ്ത്രീകൾ ഒരിക്കലും സാമുദായികപ്രാതിനിധ്യം ആവശ്യപ്പെട്ടിട്ടില്ലെന്നും സ്ത്രീകൾ സാമുദായികത്വത്തിൽനിന്നു വിമുക്തകളായിനിന്നാൽമാത്രമെ അടുത്തതലമുറയെങ്കിലും സാമുദായികവിഭിന്നതകൾ കൂടാതെ വളർന്നുവരികയുള്ളെന്നും പ്രസ്തുത പ്രമേയാവതരണത്തിൽ വ്യക്തമാക്കപ്പെട്ടിട്ടുണ്ടു്. ഒരു ന്യൂനപക്ഷസമുദായത്തിലെ അഭ്യസ്തവിദ്യകളായ വനിതകൾ തങ്ങളുടെയിടയിൽ സാമുദായികപ്രാതിനിധ്യം വേണ്ടെന്നു പ്രത്യക്ഷമാക്കിയിരിക്കുന്ന സ്ഥിതിക്കു ഇവിടുത്തെ വനിതകളെ ഇക്കാര്യത്തിൽ പഴിക്കാതെ അവരെ രാജ്യശ്രേയസ്സിനുവേണ്ടി പ്രവർത്തിക്കുവാൻ വിടുകയാണു സാമുദായികവാദികൾ ചെയ്യേണ്ടതു്.



അമേരിക്കയിലെ സംഗീതരാജ്ഞിയായ ക്രിസ്റ്റീനിയാ എം. സി. ക്ലാറെ. 'ആംതാമേരിക്കൻഡ്രം ആൻറു ബ്യൂഗിൾകോർ' എന്ന സംഗീതസംഘത്തെ നയിച്ച വേഷത്തിലാണു ക്ലാറെ ചിത്രത്തിൽ കാണപ്പെടുന്നതു്.

U. P. S.



നാലാമത്തെ അഖിലകൊച്ചി സ്കൗട്ടുറാലി, ഇരിഞ്ഞാലക്കുട: നടുവിൽ നില്ക്കുന്നതു് അ:സി. സ്റ്റേററ്സ്കൗട്ടുകമ്മിഷണർ മി. ഐ. എൻ. മേനോൻ; സ്റ്റേററ്സ്കൗട്ടുകമ്മിഷണർ ദിവാൻ മി ഹെർബർട്ടു് ഐ. സി എസ്സ്, റാലി ഉൽഘാടകൻ സർ. സി. വി അനന്തകൃഷ്ണയ്യർ, ഡിസ്ട്രിക്ട് സ്കൗട്ടുകമ്മിഷണർ മി. കെ. ജി. നായർ എം എൽ സി.

Photo, Royal Studio, Ernakulam.



അഞ്ചുമാസം യൂറോപ്പിൽ സഞ്ചരിച്ചു മടങ്ങി ഹോളിവുഡ്ഡിലെത്തിയപ്പോൾ 250-ൽപരം മിത്രങ്ങളാൽ സല്ക്കരിക്കപ്പെട്ട മേരിയോൺ ഡേവീസ്. പ്രസ്തുത സമ്മേളനത്തിൽ ഹോളിവുഡ്ഡിന്റെ പ്രാതിനിധ്യം വഹിച്ച ഗ്ലേറിയാസ്വാൻസൺ, മേരിയോൺഡേവീസ്, കോണിബെന്നററ്, ജീൻ ഹാർലോ എന്നിവരാണു ചിത്രത്തിൽ (ഇടത്തുനിന്നും) കാണപ്പെടുന്നതു്. 'ടൈറോളിയൻ'രീതിയിലാണു ഇവർ വസ്ത്രധാരണം ചെയ്തിരിക്കുന്നതു്.

U. P. S.



ഒരു സ്ത്രീയുടെ സന്താനങ്ങൾ:—മാച്ചാന്തുരുത്തുകരയിലെ ഒരുപ്രധാന ക്രൈസ്തവകുടുംബമായ മണപ്പറമ്പുതറവാട്ടിലെ തറവാട്ടിലമ്മയും സന്താനപരമ്പരയും. മദ്ധ്യത്തിൽ × അടയാളമിട്ടിരിക്കുന്നതാണു പ്രസ്തുത സ്ത്രീ.

Photo, Royal Studio, Ernakulam.

# പ്രതിഷേധം.

ചങ്ങമ്പുഴ കൃഷ്ണപിള്ള.

I

അറുതൊ'രൊററടി'മുന്നോട്ടുവയ്ക്കരു-
തവിടെനിൽക്കന്നീ, മാദകാനന്ദമേ!
സമയമില്ലില്ലെനിക്ക നിന്നോടൊരു
സരസസംഭാഷണത്തിന്നൊരുങ്ങുവാൻ.

അഹമഹമികമായിരമായിര-
മതിദയനീയശോകാർദ്രചിന്തകൾ,
വിവിധസന്ദേശമേകുവാ,നാദരാ-
ലിവിടെയെന്നെപ്പിരിയാതെനിൽക്കയാം:-
അവരെയാത്രയാക്കിട്ടുവാൻപോലു,മി-
പ്പവസരമെനിക്കെ,ന്തുചെയ്യട്ടെഞാൻ?...

II

മധുരമദ്യംപകർന്നുപകർന്നുനീ
മദഹ്വദയംമയക്കമെന്നാകിലും,
പ്രണിതജീവനെസ്സാന്ത്വനിപ്പിച്ചുനീ
പ്രണയലോലം തലോടുമെന്നാകിലും,
ളിതകൗതുകമെന്നെയെടുത്തുനീ
പുളകപാളിയിൽമൂടുമെന്നാകിലും,
വരുതെയെന്നെനീകാത്തുനിൽക്കേണ്ട-നി-
ന്നരികിലേയ്ക്കിന്നുവന്നിടുന്നില്ലഞാൻ!
രണികയില്ലഞാ,നാനന്ദവിചിതൻ
ക്ഷണികമന്ദസ്മിതങ്ങളെ,നിങ്ങളെ!!...

III

അഴകിൽനിന്നുംപൊടിയുന്നവെൺകളി
അഴൽ,ചൊരിയുന്നപുല്ലാംകുഴൽവിളി-
ഇവ,യഥേഷ്ടംപുണരുവാനുള്ളനാ-
ളിവനുമറ്റെന്തുരോമഹർഷോത്സവം!!
അനവരതംപൊഴിയുമവയി,ലെൻ
പ്രണയചിന്താതൻമൗനപുഷ്പാഞ്ജലി
ഹൃദയവീണയും വായിച്ചു, ഭാവന-
ത്തെരുവുതോറുമലയുന്നഭിക്ഷുഞാൻ
മരണഗോപുരദ്വാരമെത്തുംവരെ-
പ്പിരിയുകയില്ലനിന്നെയെൻശോകമെ!!...

IV


ഇരുളിനിയുംപരക്കട്ടെമേൽക്കുമേൽ
കരിമുകിൽമാലമൂടട്ടെ,വാനിടം,
ഇടിമുഴങ്ങട്ടെ,മിന്നട്ടെകൊള്ളിയാ-
നിടവിടാതടിക്കട്ടെ,ചണ്ഡാനിലൻ,—
പരമശൂന്യമാമീവഴിത്താരതൻ
പരിധികാണാതെപിൻതിരിയില്ലഞാൻ!!
അരുതു്!...പോട്ടെ! .വിട്ടു! ഹന്ത,മോഹമേ
വെറുതെയെന്നെത്തടുത്തുവയ്ക്കായ്കനീ!
അവനിയിലി,ല്ലസാദ്ധ്യത; —പിന്നെയെ-
ന്തവനവൻതന്നെയധീനംഭിരുവും!!...

## വിഷയവിവരം


| | | പേജ് |
|---|---|---|
| 1. | ഭക്ഷണവും ഓജസ്സും<br>വെൺമണി കെ. രാമവാര്യർ ബി. എ. ബി. എൽ. | 4 |
| 2. | സറവാക്ക്രാജാക്കന്മാർ<br>കെ. സി. ഫിലിപ്പ് എം. എ. | 6 |
| 3. | അന്വേഷണം (കവിത)<br>പി പത്മനാഭപിള്ള അമ്പലപ്പുഴ | 7 |
| 4. | പ്രകൃതിയിൽ മനുഷ്യന്റെ നില<br>കെ. ജി. രാഘവൻനായർ ബി. എ. | 8 |
| 5. | മേല്പത്തൂരിന്റെ കൃതിവായന<br>ഇഞ്ചക്കാട്ടു എസ്. വാസുപിള്ള | 9 |
| 6. | ഇല്ല! (കവിത)<br>ഇടപ്പള്ളി രാഘവൻപിള്ള | |
| 7. | പഴഞ്ചോററിൽ നാവുവെന്തു (ചെറുകഥ)<br>ടി. ശങ്കരൻനായർ | 11 |
| 8. | ലോകചക്രം | 13 |
| 9. | വിമർശനം | 15 |
| 10. | പ്രതിഷേധം (കവിത)<br>ചങ്ങമ്പുഴ കൃഷ്ണപിള്ള. | 18 |
| 11. | ഭാരതം | 19 |
| 12. | ഗർഭശുശ്രൂഷ<br>ഏവൂർ എസ്. ഗോപാലൻനായർ | 23 |
| 13. | കൌതുകരംഗം<br>പുളിമാത്തു രാഘവൻനായർ | 25 |
| 14. | വൃന്ദാവനത്തിലെ ശ്രീകൃഷ്ണൻ<br>പി. കെ. പരമേശ്വരൻനായർ ബി. എ. | 26 |
| 15. | ബുദ്ധമതതത്വങ്ങൾ<br>കെ. പി. ഗോപാലമേനോൻ. | 29 |



1935
12 താം കലണ്ടർ
ഇനാം!
PURE SILK.
$2\frac{1}{2}$ വീതി 5 മുഴം ഒന്നാന്തരം
ഗാറൻറിയുള്ള
ശുദ്ധപട്ടുവസ്ത്രം ഒന്നുക്കു Rs. 4·
30–1 35 വരെ
വില കുറച്ചിരിക്കുന്നു.
ഡസൻകണക്കിനു വാങ്ങുന്നവർക്കു
ഡസനു് Rs. 25·
പട്ടുജവുളിത്തരങ്ങളുടെ
ക്യാററ്ലാഗ് സൗജന്യം:
ടി. ആർ. ലൂംസ്കമ്പനി,
205 ഈസ്ററുവെളിസ്ററീററു മധുര.
T. R. LOOMS Coy.,
205 East Veli St. MADURA.





ഇവിടെ എല്ലാത്തരം ടൈപ്പ്റൈററിങ്ങ് മെഷീൻസുകളും ചുരുങ്ങിയ നിരക്കിൽ ക്ലിപ്തസമയത്തു റിപ്പെയർചെയ്തുകൊടുക്കപ്പെടും.

റെമിങ്ങ്ടൺ, അണ്ടർവുഡ്, റോയൽ, ഒലിവർ, കൊറോണ, സ്മിത്ത്പ്രീമിയർ, എംപയർ എൽ ഡി സ്മിത്ത്, പോർട്ടബിൾസു ഇവകളുടെ റിപ്പെയർസാമഗ്രികളും ഞങ്ങളുടെപക്കൽഎപ്പോഴും വില്പനയ്ക്കു തയ്യാറുണ്ട്. ആവശ്യക്കാർ താഴെക്കാണുന്ന മേൽവിലാസത്തിൽ എഴുതുക.

ജനറൽ കൊമേഴ്ഷ്യൽകമ്പനി,
ഉഡ്സ്റോഡ്,
മദ്രാസ്.


സൈൻറിഫിക്ക് സ്വർണ്ണാഭരണങ്ങൾ
—*—
(തനി സ്വർണ്ണത്തിനു പകരമുള്ളതു്)
ഹൈക്കോടതിജഡ്ജിമാർ, ഗവണ്മെൻറിന്റെ മന്ത്രിമാർ തുടങ്ങി പ്രശസ്തരായ പല മാന്യന്മാരാലും പ്രശംസിക്കപ്പെട്ടതു്




പുതിയ ക്യാററലാഗ് ഇനാം
The Scientific Gold Bangles Co., Ltd,
Head Office:- 43, Byrsgimatam Street,
Psot Box No. 203. MADRAS


## ഒരു പുതിയ വ്യവസായം.

പൈനാപ്പിൾ (പിറുത്തിച്ചക്ക) ശേഖരിച്ചു അതിന്റെ ചാറുകുറുക്കി "ജാം" ഉണ്ടാക്കുന്നതിനായി കൊച്ചിയിൽ ഒരു യൂറോപ്യൻകമ്പനി സ്ഥാപിക്കുവാൻ തീരുമാനിച്ചിരിക്കുന്നു.



## ഭാരതം.

മിസ്സസ് കമലാനെഹ്റുവിന്റെ ആരോഗ്യം അഭിവൃദ്ധിപ്പെട്ടിരിക്കുന്നതായും അവരുടെ തൂക്കം കൂടിയിരിക്കുന്നതായും റിപ്പോർട്ടു ചെയ്യപ്പെട്ടിരിക്കുന്നു.

* * *

ഈയിടെ മഞ്ഞുവീണു വിളവുനാശംസംഭവിച്ച ഡിസ്ട്രിക്ടുകളിലെ കർഷകർക്കു സഹായം ചെയ്യുന്നതിനായി ബറോഡാഗവർമ്മെന്റു 23500 രൂപാ അനുവദിച്ചിരിക്കുന്നു. വിശദവിവരങ്ങൾ ലഭിച്ചുകഴിഞ്ഞാൽ കൂടുതൽ സഹായങ്ങൾ ചെയ്തുകൊടുക്കുന്നതാണ്.

* * *

ആറു സിംഹക്കുട്ടികൾക്കു കൂടുകെട്ടാനായി മദ്രാസ്‌കാർപ്പറേഷൻ ഫിനാൻസ്‌കമ്മററി പതിനായിരംരൂപാ അനുവദിച്ചിരിക്കുന്നു. കേറിക്കിടക്കാൻ വീടില്ലാത്തവരായി പതിനായിരംപേർ മദ്രാസ്‌നഗരത്തിൽ അലയുന്നുണ്ടെന്നുള്ളതു ഈയവസരത്തിൽ ഓർത്തിരിക്കേണ്ടതാണ്.

* * *

ബാംബെ പ്രസിഡൻസിമജിസ്ട്രേട്ടു ഒരു ബഹുഭാര്യത്വകേസ്സിൽ വിധിപ്രസ്താവിച്ചതു്, അതു അനുവദിക്കത്തക്കതാണെന്നായിരുന്നു. കക്ഷികൾ ജൂതരാണ്. ഒരു ജൂതൻ രണ്ടാമതു വിവാഹംചെയ്യപ്പോൾ ആദ്യഭാര്യ കേസ്സുകൊടുത്തു. ജൂതന്മാർക്കു ഒന്നിലധികം ഭാര്യമാരാകാമെന്നായിരുന്നു വിധി.

* * *

ഫെബ്രുവരി 16, 17 എന്നീ തീയതികളിൽ ഡൽഹിയിൽ നടത്താനിരുന്ന അഖിലേന്ത്യാ വർഗ്ഗീയതീരുമാന പ്രതിഷേധസമ്മേളനം 23, 24 എന്നീ തീയതികളിലേക്കു് മാററിയിരിക്കുന്നതായി മി. ആനേ പ്രസ്താവിക്കുന്നു.

* * *

റയിൽവേബഡ്ജററു ഫെബ്രുവരി 18-ാം തീയതി കൗൺസിൽ ആഫ്‌സ്റ്റേററിൽ അവതരിപ്പിക്കുന്നതാണ്. ജനറൽബഡ്ജററു 28-ാം തീയതി അവതരിപ്പിക്കയും മാർച്ചു രണ്ടാംതീയതി പൊതുവിമർശം നടക്കുകയും ചെയ്യുന്നതാണ്.

* * *

ചക്രവർത്തിയുടെ സിൽവർജൂബിലിഫണ്ടിലേക്കു ബംഗാൾഗവർണ്ണർ ആയിരത്തഞ്ഞൂറുരൂപാ സംഭാവന ചെയ്തിരിക്കുന്നു. ഗവർണ്ണരുടെ അഭ്യർത്ഥനയനുസരിച്ചു ഫണ്ടിലേക്കുലഭിച്ച മററു സംഭാവനകളെല്ലാം കൂടി മുപ്പത്തിമൂവായിരത്തിനാനൂററിഎഴുപത്തേഴുരൂപാ ഉണ്ടു്.

* * *

അടുത്ത മേയ്മാസത്തിൽനടക്കുന്ന മേയർസ്ഥാനത്തേയ്ക്കുള്ള തിരഞ്ഞെടുപ്പിൽ മി- നരിമാൻ ഒരു സ്ഥാനാർത്ഥിയായി നിൽക്കുന്നതാണെന്നറിയുന്നു. കാർപ്പാറേഷന്റെ സമ്പൽസ്ഥിതിയെ നല്ലതുപോലെ സൂക്ഷിക്കുന്നതിനും, കൂടുതൽ വാട്ടർസപ്ലൈ സാദ്ധ്യമാക്കുന്നതിനും കൂടുതൽ നല്ല റോഡുകൾ ലഭിക്കുന്നതിനുമായി കാർപ്പറേഷനിൽ ഒരു നാഷണലിസ്റ്റുപാർട്ടി രൂപവൽക്കരിക്കുവാൻ അദ്ദേഹം വിചാരിക്കുന്നു.

* * *

ജർമ്മനിയിൽ അമേരിക്കക്കാർ നടത്തുന്ന അഗ്രിക്കൾചറൽ ഇൻസ്റ്റിററ്യൂട്ടിൽവച്ചു രാജേന്ദ്രപ്രസാദിനു ഒരു മംഗളപത്രം സമർപ്പിച്ചു. ഗ്രാമീണർക്കുവേണ്ടി ഇൻസ്റ്റിററ്യൂട്ടുചെയ്യുന്ന സേവനത്തെ അദ്ദേഹം പ്രശംസിച്ചു.

* * *

ഇന്ത്യയിലെത്തിയിരിക്കുന്ന സയാമീസ്‌മിലിട്ടറി ഡെലഗേഷന്റെ സിക്രട്ടറി പറയുന്നതു് ഡൽഹിയിലെ പട്ടാളംകവാത്തുകണ്ടു താൻ അത്ഭുതപ്പെട്ടുപോയെന്നും ഇന്ത്യൻപട്ടാളം കാര്യക്ഷമതയിലും ശിക്ഷണബോധത്തിലും ലോകത്തിനു ഒരു മാതൃകയാണെന്നുമാണ്.

* * *

കൽക്കത്തയിലെ ആയുർവേദകാളേജായ വിശ്വനാഥആയുർവേദമഹാവിദ്യാലയത്തിൽ തനിക്കും തന്റെ അനന്തരഗാമികൾക്കുമുള്ള അവകാശങ്ങൾ പരിത്യജിച്ചിട്ടു മഹാമഹോപാധ്യായ കവിരാജ്ഗണനാഥസേനൻ ഒരു ദാനപ്രമാണംമൂലം ആ സ്ഥാപനത്തെ ഒരു ബോർഡ്ആഫ്ട്രസ്റ്റീസിനെ ഏല്പിക്കയും രോഗാതുരരായ മനുഷ്യരുടെ സേവനാർത്ഥം ആ സ്ഥാപനത്തെ സമർപ്പണംചെയ്കയും ചെയ്തിരിക്കുന്നു. അദ്ദേഹത്തിന്റെ പിതാവും പരേതനുമായ കവിരാജസേനന്റെ നാമധേയമാണു ഈ സ്ഥാപനത്തിനു കൊടുത്തിരിക്കുന്നതു്.

* * * *

ഇക്കഴിഞ്ഞ മൂന്നുകൊല്ലം വസുന്ധരആയിരുന്നു. വ്യാഴം ചൊവ്വാ ശനി എന്നിവക്കു അന്യോന്യദൃഷ്ടിവന്നാൽ ഉണ്ടാകുന്ന വസുന്ധരാകാലം വളരെ ദോഷകരമാണ്. ഈ യോഗം സംപൂർണ്ണദോഷം ചെയ്കയും ചിലപ്പോൾ അപൂർണ്ണദോഷംചെയ്കയും ചെയ്യും. ഇപ്പോൾ വ്യാഴത്തിന്റെ ദൃഷ്ടിമാത്രമെ ശനിക്കുള്ളു അതുകൊണ്ടു് ഏകദേശയോഗമാണ്. ഈവരുന്ന കുംഭം 16-ാംതീയതിമുതൽ വസുന്ധരായോഗം തീരെ വിടും. ഈവരുന്ന പുതുവർഷത്തിനു "യുഗവർഷം" എന്നാണു പേർ. ഈ കൊല്ലത്തിൽ രാജാക്കന്മാരും പ്രജകളുംതമ്മിൽ രഞ്ജിപ്പുണ്ടാവാനും കലഹങ്ങൾ ശമിക്കാനും സംഗതിവരും" ഇതാണു ചില ജ്യോതിഷികളുടെ മതം.

* * *



എറണാകുളം മഹാരാജാസ്‌കോളേജ് ജൂബിലിപ്രമാണിച്ചു് എടുത്ത ഒരു ഗ്രൂപ്പഫോട്ടോ.
ഇരിക്കുന്നവരിൽ ഏഴാമതായി ജൂബിലിപ്രാസംഗികൻ റാവുബഹദൂർ ഡാക്ടർ എ. ലക്ഷ്മണസ്വാമിമുതലിയാരും അടുത്തു് പൂർവ്വവിദ്യാർത്ഥിസംഘം പ്രസിഡണ്ടു് കേരളവർമ്മതമ്പുരാനും അതിനടുത്തായി വിദ്യാഭ്യാസഡയറക്ടർ മി. ഐ. എൻ. മേനോനുമാണ്. ബാക്കിയുള്ളഎല്ലാം കോളജിലെ അദ്ധ്യാപകവൃന്ദവുമാണു്.

Photo Royal Studio, Ernakulam.

## കേരളം.

ഇൻഡ്യാഗവർമ്മെൻറിൽനിന്നു ആരംഭിക്കുന്ന റിസർവ്വുബാങ്കിൽ ചേരേണ്ടതാണെന്നു തിരുവിതാംകൂർഗവർമ്മെൻറു തീരുമാനിച്ചിരിക്കുന്നതായി കാണുന്നു

*　　*　　*

തിരുവിതാംകൂർ ലാക്കാളേജിൻെറ വജ്റജൂബിലി ഉചിതമായ ആഡംബരങ്ങളോടുകൂടി ഈ വരുന്ന കുംഭം 10-ം 11-ം തീയതികളിൽ ആഘോഷിക്കുവാൻ തീരുമാനിച്ചിരിക്കുന്നു. ഇതിലേക്കായി ഒരു കമ്മററി രൂപവൽക്കരിക്കുകയും ചെയ്തിട്ടുണ്ട്.

*　　*　　*　　*

പറങ്കിമാങ്ങായുടെ ചാറു കാച്ചി അതിൽനിന്നു മദ്യമെടുക്കുവാൻ സാധിക്കുമോ എന്നു ചാവക്കാട്ടു (മലബാർ) ഉള്ള പാരികമ്പനിയിലെ മദ്യവ്യവസായശാലക്കാർ പരീക്ഷണം നടത്തിവരുന്നു. ദിവസേന 2000 ടിൻ ചാറുകാച്ചുന്നതിനാണത്രെ വ്യവസ്ഥചെയ്തിട്ടുള്ളതു്.

*　　*　　*

---

ജെ-പി-സി. റിപ്പോർട്ടിനെപ്പററിയുള്ള ബലൂബായിദേശായിയുടെ പ്രമേയം 72 വോട്ടുകൾക്കു എതിരായി 61 വോട്ടുകളോടുകൂടി അസംബ്ലി തള്ളിക്കളഞ്ഞിരിക്കുന്നു.

*　　*　　*　　*

ബർഹാംപൂരു എന്ന സ്ഥലത്തു 13 വയസ്സായ ഒരു ബാലികയെ നാലാംഭാര്യയായി വിവാഹംചെയ്യാൻ ഘോഷയാത്രയായിവന്ന 75 വയസ്സായ വരനെ സ്ഥലവാസികൾ ചേർന്നു അടിച്ചോടിക്കുകയും സ്ഥലത്തെ ഒരു വിദ്യാർത്ഥിയായ യുവാവിനെക്കൊണ്ടു അതേമുഹൂർത്തത്തിൽ ആ ബാലികയെ വിവാഹംചെയ്യിക്കയും ചെയ്തിരിക്കുന്നു. അതുപോലെതന്നെ ബാരിസാൽ എന്ന സ്ഥലത്തു ഒരു സാധുകുടുംബത്തിലുള്ള പ്രായമായവരെയെല്ലാം ശിഷ്യരാക്കിയശേഷം അവിടത്തെ ഒരു ബാലികയെ തൻെറ ആറാംഭാര്യയായി വിവാഹംചെയ്യാൻ തീർച്ചയാക്കി. പക്ഷെ സ്ഥലത്തെ ഏതാനും വിദ്യാർത്ഥികൾ പോലീസിൻെറ സഹായത്തോടുകൂടി ഈ വിവാഹത്തെ തടയുകയുണ്ടായി.

*　　*　　*



ഹൈക്കോടതിജഡ്ജിയായി നിയമിക്കപ്പെട്ടിരിക്കുന്ന മി. കേ. ശങ്കരൻ പുണ്ടാല. ഇദ്ദേഹം അഭിഭാഷകജീവിതത്തിൽ പ്രവേശിക്കയും, ന്യായാധിപതിയായി ശോഭിക്കയുംചെയ്തിരുന്ന കൊല്ലത്തു ബാർഅസോസ്യേഷൻ ഇദ്ദേഹത്തെ അനുമോദിച്ചു ഈയിട ഒരു വിരുന്നുസല്ക്കാരം നടത്തുകയുണ്ടായി

കൊച്ചിമഹാരാജാവു തിരുമനസ്സുകൊണ്ടു കുംഭം 1-ാംതീയതി പരിവാരസമേതം ഡൽഹിയിലേക്കു എഴുന്നള്ളുന്നതാണ്. ജി. സി ഐ. സന്നത് വൈസ്രോയിയിൽനിന്നും സ്വീകരിക്കുക എന്നുള്ളതാണു എഴുന്നള്ളത്തിൻെറ ഉദ്ദേശം. മദ്രാസ് ബസ്വാഡാ നാഗപ്പൂർ ജാൻസി എന്നിവിടങ്ങളിൽ താമസിച്ചിട്ടു മഹാരാജാവു ഡൽഹിയിൽ എത്തിച്ചേരുന്നു. ഒരുമാസവും മൂന്നുദിവസവുംകഴിഞ്ഞു തിരിയെ എഴുന്നള്ളുന്നതാണ്

*　　*　　*

ചെങ്കോട്ടയിലെ വിഷൂചിക ശമിച്ചുതുടങ്ങിയിരിക്കുന്നതായി റിപ്പോർട്ടുകിട്ടിയിരിക്കുന്നു. ഇക്കഴിഞ്ഞ ശനിയാഴ്ച അവസാനിച്ച ഒരുവാരത്തിൽ ചെങ്കോട്ടതാലൂക്കിൽ അച്ചൻപുതൂർ പകുതിയിൽ 21 പേർക്കു വിഷൂചിക ബാധിച്ചതിൽ 7 പേർ മരിച്ചുപോയതായിട്ടാണു ഔദ്യോഗികറിപ്പോർട്ട് എന്നു കാണുന്നു.

*　　*　　*

നാളികേരത്തിനു നാൾക്കുനാൾ വില കുറഞ്ഞുകൊണ്ടിരിക്കുന്നതിനാൽ തെങ്ങിൻകള്ളിൽനിന്നു പഞ്ചസാരഎടുക്കുന്ന പദ്ധതി നടപ്പാക്കുവാൻ കൊച്ചിഗവർമ്മെൻറു ആലോചിക്കുന്നു. ഇതു സംബന്ധിച്ചു കൊച്ചിഗവർമ്മെൻറിൻെറ ഒരു ഉദ്യോഗസ്ഥനായ മി. എം. പി ചെറിയാൻ തിരുവല്ലായിക്കടുത്തുള്ള എരമല്ലിക്കര മിൽ സന്ദർശിച്ചതായി കാണുന്നു.

*　　*　　*

കൊച്ചീരാജ്യത്തിലെ മക്കത്തായക്കാരായ ഈഴവപ്രധാനികൾ മഹാരാജാവുതിരുമനസ്സിലെ തിരുമുമ്പാകെ ഒരു ഡെപ്യൂട്ടേഷനായിട്ടു ചെല്ലുകയുണ്ടായി. ഏതാണ്ടു അയ്യായിരംപേർ ഒപ്പിട്ട ഒരു മെമ്മോറിയൽ അവർ തിരുമുമ്പാകെ സമർപ്പിക്കയും ചെയ്തിരിക്കുന്നു. കൊച്ചീനിയമസഭ പാസ്സാക്കിയ തീയ്യബില്ലിനു റോയൽഅസൻറ് നൽകി അതിനെ നിയമമാക്കുന്നതു തീയ്യസമുദായത്തിൻെറ നന്മക്കു പൊതുവെ ഹാനികരവും തന്നിമിത്തം തങ്ങൾക്കു സങ്കടകരവുമാണെന്നു തിരുമനസ്സുണർത്തിക്കുവാനാണു ഡെപ്യൂട്ടേഷൻ ചെന്നതു്. ബില്ലിനെക്കുറിച്ചു തങ്ങൾക്കുള്ള ആക്ഷേപങ്ങളെല്ലാം അവർ മെമ്മോറിയലിൽ വിസ്തരിച്ചു പ്രസ്താവിച്ചിട്ടുണ്ടു്. അതിനുപുറമെ എല്ലാ സംഗതികളും അവർ നേരിട്ടുണർത്തിക്കയും തിരുമനസ്സുകൊണ്ടു സശ്രദ്ധം എല്ലാം കേൾക്കുകയും ആലോചിച്ചു യുക്തമായിട്ടുള്ളതു ചെയ്യാമെന്നു മാത്രം മറുപടി കല്പിക്കയുംചെയ്തു.

---



കേരളത്തിലെ ഏക മുസ്ലീംവനിതാഗ്രാഡുവേററായ മിസ്സ്. ഹവ്വാബീബി, ബി. ഏ.

(പന്ത്രണ്ടാംപുറത്തുനിന്നും തുടൎച്ച)

ഷിച്ചു. നാഡിമംഗലം പത്മാവതിയെപ്പറ്റി ആദ്യം അന്വേഷണം നടത്തി.

"ഇന്നലെ രാത്രിയലത്തെ അദ്ധ്വാനം നിമിത്തം പാവം വളരെ ക്ഷീണിച്ചിരിക്കയാണ്" എന്നൊരുസ്ത്രീ ഉത്തരംപറഞ്ഞു.

നാഡി—"എന്തെല്ലാമായിരുന്നു വിശേഷം?"

"ആശ്ചൎയ്യം! അഭൂതപൂൎവ്വം!! ഇങ്ങനെ ഒരു സംഭവം ഞാൻ എന്റെ ജീവദശയിൽ കണ്ടിട്ടില്ല" എന്നിപ്രകാരം ഓരോരുത്തരും പറയാൻ തുടങ്ങി. താക്കർ താനിരുന്നിടത്തുനിന്നു പകുതി എഴുന്നേറ്റ് "മിസ്റ്റർ നാഡിമംഗലം, ഈ പറഞ്ഞതിനേക്കാളൊക്കെ അത്ഭുതകരമായിരുന്നു ആ പ്രദൎശനം. ഞാൻ എന്റെ ഭാൎയ്യയെ കണ്ടു! അനേകമാസങ്ങൾക്കുമുമ്പു കാലഗതിയെപ്രാപിച്ച എന്റെ ഭാൎയ്യയെ!!"

നാഡി—"നിങ്ങൾക്കു തീൎച്ചയുണ്ടോ മിസ്റ്റർ താക്കർ?"

താക്കർ "എനിക്കു തരിമ്പും സംശയമില്ല. ആ മുറിയിലെ ആഴമേറിയ നിഴലുകളിൽനിന്നും അവൾ, അവളുടെ ചിരപരിചിതമായ ഉടുപ്പോടും, അഴകേറിയ തലക്കെട്ടോടും, സ്വല്പമായ ആഭരണങ്ങളോടും, കരുണരസംതുളുമ്പുന്ന നയനങ്ങളോടുംകൂടെ എന്റെ മുമ്പാകെ പ്രത്യക്ഷപ്പെട്ടു. മാത്രമല്ല, വളരെ ദൂരെവെച്ചാണെന്നു തോന്നിയെങ്കിലും ഞാൻ അവളുടെ മധുരസ്വരം ശ്രവിച്ചു.

നാഡി—"നിങ്ങളുടെ ഭാൎയ്യയുടെ വല്ല പടവും നിങ്ങളുടെ പക്കലുണ്ടോ?"

താക്കർ—"അവളുടെ ഒരു ചിത്രം എന്റെ മുറിയിലുണ്ട്. പക്ഷെ, അതാരും ഇതുവരെ കണ്ടിട്ടില്ല. നിങ്ങൾ അവിശ്വാസികളുടെ കൂട്ടത്തിൽപെട്ട ഒരാളാണ്. എനിക്കുകൂടി ആദ്യം അതു വിശ്വസിക്കാൻപ്രയാസമായിരുന്നു. എന്റെ ഭാൎയ്യയുടെ മരണശേഷം ഏകാകിയായി, ജീവിതത്തിലുള്ള കൌതുകം കുറഞ്ഞു, ജീവൻ ഒരു ഭാരമായി കരുതിവന്നിരുന്ന എന്നെ ഇപ്പോൾ നോക്കുക! ഞാൻ കൃതാൎത്ഥനായി. ഞാൻ നിൎഭയനായി. ചാവുന്നതും ജീവിക്കുന്നതും എനിക്കിനി ഒന്നുപോലെയാണ്!"

നാഡിമംഗലം ചിന്താമഗ്നനായി. തലേന്നുരാത്രി താൻ കണ്ടകാഴ്ച വെറും ചതിപ്രയോഗമാണെന്നു അധിക്ഷേപിക്കാനൊരുങ്ങിവന്ന അദ്ദേഹം ആവക ചിന്തകളെ മനസ്സിൽനിന്നകററി.

"മിസ്റ്റർ താക്കർ, ഞാൻ നിങ്ങളെ അഭിനന്ദിക്കുന്നു. നിങ്ങളുടെ ഈ അനുഭവം പൊതുവിൽ ഉപകാരപ്രദമായിത്തീരുമെന്നു തന്നെ ഞാൻ ആശിക്കുന്നു."

താക്കർ "അങ്ങനെ ആക്കിത്തീക്കാൻ തന്നെയാണു എന്റെ ഉദ്ദേശം."

III

നാഡിമംഗലം ഉല്ലാസരഹിതനായിഗോൾഫ്ക്ലബ്ബിലേക്കു നടന്നപ്പോൾ കണ്ടുമുട്ടിയതു് ചൌദ്രിയെയായിരുന്നു.

ചൌ—ഇന്നലത്തെ പ്രദൎശനത്തെപ്പററി ഒന്നും കേട്ടില്ലേ?"

നാഡിമംഗലം തലയാട്ടിയതല്ലാതെ സമാധാനമൊന്നും പറഞ്ഞില്ല.

ചൌ—"മി. നാഡിമംഗലം, ഒരു പെറ്റിയ കാൎയ്യത്തെപ്പററി അല്പം സംസാരിക്കാൻ നിങ്ങൾക്കു സമയമുണ്ടാകുമോ എന്നറിഞ്ഞില്ല."

നാഡി—"ഓഹോ, എനിക്കു തിരക്കൊന്നും ഇല്ല. എന്താണ് കേൾക്കട്ടെ."

ചൌ—"നിങ്ങൾക്കു വിരോധമില്ലെങ്കിൽ നമുക്കു നിങ്ങളുടെ മുറിയിലേക്കു പോകാം. സ്വകാൎയ്യമായി സംസാരിക്കാൻ അവിടെ ആയിരിക്കും അധികസൌകൎയ്യം."

നാഡിമംഗലത്തിനു ആശ്ചൎയ്യം തോന്നിയെങ്കിലും അദ്ദേഹം വിരോധം ഭാവിച്ചില്ല. ചൌദ്രി മുറിയുടെചുററും സമ്മതഭാവത്തിൽ കണ്ണോടിച്ചു. "നല്ല സുഖമുള്ളമുറി. മി. നാഡിമംഗലം, ഞാൻ വന്നകാൎയ്യംമനസ്സിലായോ?"

നാഡി – "ഇല്ല. പറയണം."

ചൌദ്രി തന്റെ മേൽക്കുപ്പായം നീക്കി, വെയിസ്റ്റ് കോട്ടിന്റെ ഉൾഭാഗത്തു തൂക്കിയിരുന്ന മെഡലിന്റെ സമ്പ്രദായത്തിൽ ഒരു മുദ്ര നാഡിമംഗലത്തിനെ കാണിച്ചു. "ഇതുകൊണ്ടും എന്റെ വ്യാപാരം വെളിപ്പെടുന്നില്ലെങ്കിൽ ഇതൊന്നു വായിച്ചുനോക്കുക" എന്നുപറഞ്ഞു് ഒരു "വിസിററിങ്ങ് കാൎഡ്" എടുത്തു അദ്ദേഹത്തിന്റെനേക്കുനീട്ടി

രാമഗോപാൽചൌദ്രി.

സി. ഐ. ഡി. മദ്രാസ്സ്.

നാഡി – "ഞാൻ നിങ്ങളുടെപേർ കേട്ടിട്ടില്ല നിങ്ങൾ പുതിയ ആളായിരിക്കാം. ആട്ടെ, എന്താണ് ഞാൻ വേണ്ടതു ?"

ചൌ - "കഴിഞ്ഞകൊല്ലം മെയ്മാസം ഊട്ടിഅസംബ്ളിറൂമ്സിൽ വിജയപുരം മഹാരാജാവിന്റെ ചില ആഭരണങ്ങൾ കളവുപോയതു് തുമ്പുണ്ടാക്കാൻ വന്നിരിക്കയാണ് ഞാൻ."

നാഡി "എനിക്കോൎമ്മയുണ്ട്. ഞാനന്നവിടെ ഉണ്ടായിരുന്നു."

ചൌ – "അതെ, നിങ്ങളുടെ സ്നേഹിതനായ വൎമ്മയുടെയും ഭാൎയ്യയുടെയുംകൂടെഉണ്ടായിരുന്നു."

നാഡി – "അവരുടെ കൂടെയുണ്ടായിരുന്നതായി എനിക്കറിവില്ല. പക്ഷെ, അവരെ ഞാൻ അന്നവിടെവെച്ചുകണ്ടതു് വാസ്തവമാണ്."

ചൌ – "മിസ്സിസ്സ് വൎമ്മ അന്നു നിങ്ങളുടെ "ബോക്സി"ൽ വളരെനേരം ഉണ്ടായിരുന്നതായും, ബാൾകഴിഞ്ഞു് നിങ്ങളെല്ലാവരും ഒന്നായി വീട്ടിലേക്കു തിരിച്ചതായുംതെളിവുണ്ട്."

നാഡി—"ഞാനിപ്പോൾ ഓക്കുന്നു. അവൎക്കു വാഹനങ്ങളൊന്നും ഇല്ലാതിരുന്നനിമിത്തം ഞാൻ എന്റെകാറിൽ അവൎക്കൊരു "ലിഫ്ററ്" കൊടുത്തതു ശരിയാണ്. നിങ്ങളുടെ ഹെഡ്കോൎട്ടേൎസിൽ അന്വേഷിച്ചാൽ ഈ സംഗതിയെപ്പററി അധികവിവരം ഗ്രഹിക്കാം."

ചൌ—"എന്റെ തൽക്കാലത്തെജോലി ആഭരണങ്ങളെസംബന്ധിച്ചാണ്. ചില സംശയങ്ങളെ അടിസ്ഥാനപ്പെടുത്തി ഞാൻ വൎമ്മയുടെയും ഭാൎയ്യയുടെയും പെട്ടികൾ ശോധനകഴിച്ചിരിക്കുന്നു."

നാഡി – "എന്തെങ്കിലുമൊ 'തടഞ്ഞു'വോ?"

ചൌ—"ഒന്നും തുണമില്ല. ഇനി ഞാൻ എന്റെ അനന്തരകൃത്യം നിൎവ്വഹിക്കട്ടെ."

നാഡിമംഗലത്തിന്റെ മണ്ടത്തലയിൽ കുറച്ചൊരു വെളിച്ചം കയറാൻതുടങ്ങി.

"നല്ലൊണം മിസ്റ്റർ ചൌദ്രി! വൎമ്മയും ഭാൎയ്യയുമായി കൂട്ടുകെട്ടുണ്ടെന്നുള്ള സംശയത്തിന്മേൽ എന്റെമുറി ശോധനചെയ്യാനാണോ നിങ്ങൾ വന്നിരിക്കുന്നതു്?"

ചൌദ്രി മന്ദഹസിച്ചു. "അതൊന്നും നാമിപ്പോൾ വിസ്തരിക്കണ്ട. കളവുനടന്ന ദിവസം നിങ്ങൾ അവരുടെകൂടെ ഉണ്ടായിരുന്നു. ഇപ്പോൾ നിങ്ങൾ മൂവരും ഒരേ ഹോട്ടലിൽ താമസിക്കുന്നു. "സെൎച്ച്‌വാറണ്ടും"മററും ഞാൻ കൊണ്ടുവന്നിട്ടില്ലെന്നു സമ്മതിക്കാം. പക്ഷെ, എന്റെ ഉപദേശം നിങ്ങൾ സ്വീകരിക്കാനൊരുക്കമുണ്ടെങ്കിൽ............"

നാഡി "ശോധന നടത്തിക്കൊള്ളുക. പണിതീന്നാൽ ഞാൻ വൎമ്മമാരെപ്പററി ചില കഥകൾ പറയാം. നിങ്ങൾ ഹെഡ്കോൎട്ടേൎസിലേക്കു മടങ്ങിപ്പോയി അധികവിവരം അന്വേഷിക്കുക. സി. ഐ. ഡി.-ക്കാരുടെ ഒരു പഴേബന്ധുവാണു ഞാനെന്നു നിങ്ങൾ മനസ്സിലാക്കുമ്പോൾ, ഇന്നത്തെ ഈ സാഹസത്തെപ്പററി നിങ്ങൾ വ്യസനിക്കും."

പെട്ടികൾമുതലായതു പരിശോധിച്ചശേഷം ഒരു ചുമരലമാരയെചൂണ്ടി ചൌദ്രി "അതിലെന്തിരിക്കുന്നു?"

നാഡി – "ചില ഒഴിഞ്ഞ തോൽ സഞ്ചികളുംമററും. അലമാര പൂട്ടീട്ടില്ല."

ചൌദ്രി സഞ്ചികളെ തിരിച്ചുംമറിച്ചും നോക്കി ഒടുവിൽ ഒരു വലിയസഞ്ചി വലിച്ചു പുറത്തിട്ടു് "ഇതിന്റെ താക്കോലുണ്ടോ?" എന്നുചോദിച്ചു. നാഡിമംഗലം ആശ്ചൎയ്യത്തോടെ നോക്കി "അതെന്റേതല്ല" എന്നുത്തരം പറഞ്ഞു.

ചൌ നിങ്ങളുടെ മററുപെട്ടികളിന്മേലുള്ള 'ലേബലും' അതേകയ്യക്ഷരത്തിലുള്ളമേൽവിലാസടിക്കററും ഇതിന്മേലും ഉണ്ടു്. പോരെങ്കിൽ നിങ്ങളുടെ 'ഇനീഷ്യൽസും' എഴുതിയിരിക്കുന്നു."

നാഡിമംഗലം എഴുന്നേററു സഞ്ചിയെന്നല്ലപോലെ നോക്കിയശേഷം തന്റെ കൂട്ടത്താക്കോൽ ചൌദ്രിയുടെ വശംകൊടുത്തു. "ഇതാ നോക്കിക്കൊള്ളുക. പക്ഷെ അതിനു ചേരുന്ന ഒരു താക്കോൽ എന്റെവശം ഉണ്ടെന്നു ഞാൻ വിചാരിക്കുന്നില്ല."

അതു വാസ്തവമായിരുന്നു എങ്കിലും സമൎത്ഥനായ ചൌദ്രി തന്റെ പക്കലുണ്ടായിരുന്ന ഒരു "മാസ്റ്റർകീ"കൊണ്ടു പൂട്ടുതുറന്നു സഞ്ചിയിൽനിന്നും ഒരു തകരപ്പെട്ടിയെടുത്തു നിലത്തുവച്ചു. അതിനകത്തുനിറയെ പലതരത്തിലുള്ള വിലയേറിയ ആഭരണങ്ങളായിരുന്നു.

നാഡി—"ഹാ–ഹാ! എന്നെ ചതിച്ചു!"

ചൌ – "നിങ്ങൾക്കു വല്ല സമാധാനവും പറയാനുണ്ടോ?"

നാഡി— "സഞ്ചി എന്റേതല്ല. ആഭരണങ്ങൾ ഞാൻ മുമ്പു കണ്ടിട്ടും ഇല്ല."

ചൌ—"മിസ്റ്റർ നാഡിമംഗലം. കളവുമുതൽ കണ്ടുകിട്ടുമെന്നുള്ള കരുതലോടുകൂടിയല്ല ഞാൻ ഈ മുറിയിൽ വന്നതു്. എ

ന്റെ ഔദ്യോഗികകൃത്യം നിവ്ഹിക്കാൻവേണ്ടിമാത്രം ഒരു ശോധന നടത്തിയാണ്. ഞാൻ ഹെഡ്കാർട്ടേർസിലേക്ക റിപ്പോർട്ടയച്ചു മേൽ വേണ്ടനടപടിആലോചിക്കട്ടെ അതിന്നിടയിൽ നിങ്ങൾക്ക അസൌകര്യം നേരിടത്തക്ക യാതൊരു പ്രവൃത്തികളുംചെയ്യാൻ എനിക്കിഷ്ടമില്ല ഇവിടെ നിങ്ങൾക്ക സുഖകരമായ ഒരു മുറിയുണ്ട്. കാററുകൊള്ളാൻ നല്ലൊരു "ബാൽകണി"യുമുണ്ട്. 24-മണിക്കൂർനേരം നിങ്ങൾ ഈ മുറിവിട്ടു പുറത്തിറങ്ങുകയില്ലെന്ന 'വാക്ക'തരുന്നപക്ഷം നിങ്ങളെ ഞാൻ ബുദ്ധിമുട്ടിക്കുകയില്ല."

നാഡി—"എന്റെ സ്നേഹിതനായ സി. ഐ. ഡി. ഇൻസ്പെക്ടർ റാവുബഹദൂർനാരായണൻനായരവർകൾക്ക ഒരു കമ്പി അടിക്കാൻ അനുവദിക്കുന്നപക്ഷം ഞാൻ സമ്മതിക്കാം."

ചൌ – "എന്നെ ഏല്പിച്ചാൽ കമ്പിയോ കത്തോ എന്തായാലും അയച്ചുകൊള്ളാം."

## Iv

നാഡിമംഗലം പല്ലുകടിച്ചു ഒരുവിധം 24-മണിക്കൂർ കഴിച്ചുകൂട്ടി. പിന്നീടു താഴത്തിറങ്ങി ഹോട്ടൽആപ്പീസുമുറിയിൽപോയി ചൌദ്രിയെപ്പററി അന്വേഷിച്ചു.

"മിസ്റ്റർ ചൌദ്രി ഇന്നലെ വൈകുന്നേരത്തെ വണ്ടിക്കു പോയിരിക്കുന്നുസാർ"

നാഡിമംഗലം സ്തംഭിതനായി. "അദ്ദേഹം എനിക്ക വല്ലകത്തും എഴുതിവച്ചിട്ടുണ്ടോ?"

ഹോട്ടൽക്ലാർക്ക മേശയെല്ലാംതേടി ഒരു കത്തെടുത്തു നാഡിമംഗലത്തിന്ന കൊടുത്തു.

"പ്രിയപ്പെട്ട നാഡിമംഗലം,

ഹെഡ്കാർട്ടേർസിൽനിന്നുകിട്ടിയ കല്പനയനുസരിച്ചു ഇന്നലെ നമ്മൾതമ്മിൽ സംസാരിച്ചകാര്യത്തിൽ അനന്തരനടവടികളൊന്നും ഉണ്ടാകുന്നതല്ലെന്ന നിങ്ങളെ അറിയിക്കാൻ ഞാൻ സന്തോഷമുള്ളവനായിരിക്കുന്നു.

എന്ന് വിധേയൻ,

രാമഗോപാൽചൌദ്രി."

നാഡിമംഗലം, പത്മാവതി വെയിൽകായുവാനുള്ള വരാന്തത്തലയ്ക്കലേക്ക വേഗത്തിൽ നടന്നുപോയി- അവിടെ കൂടിയിരുന്ന അതിഥികളിൽ ഒരാൾ,

"മി. നാഡിമംഗലം, നിങ്ങളും പോയെന്നാണു ഞങ്ങൾ കരുതിയത് ഇന്നലെമുഴുവൻ നിങ്ങളെ കണ്ടില്ലല്ലോ?"

നാഡി—"തലവേദനനിമിത്തം ഞാൻ എന്റെ മുറിയിൽ ബന്ധനസ്ഥനായിരുന്നു" (അതും ഒരുവിധം ശരിയായിരുന്നു. തലയ്ക്കുകൊണ്ട അടിയുടെ ചൂടു ഇനിയും മാറീട്ടില്ല!)

"അപ്പോൾ നിങ്ങൾ വത്തമാനമൊന്നും അറിഞ്ഞില്ലേ?"

"ഇല്ല."

"ഒന്നാമതായി പറയാനുള്ളതു മി. വർമ്മയും ഭാര്യയും മി. ചൌദ്രിപോയ വണ്ടിക്കതന്നെ പോയിരിക്കുന്നു എന്നുള്ളതാണ്."

"എന്തു?"

"അതേ. മിസിസ്സ് വർമ്മയ്ക്കു അശേഷം വയ്യായിരുന്നു. അവരെ താങ്ങിഎടുത്തു വേണ്ടിവന്നു മോട്ടോർകാറിൽ കയററാൻ. അപ്പോൾ, നിങ്ങൾ മി. താക്കറെപ്പററിയും ഒന്നും കേട്ടില്ല അല്ലേ?"

"ഇല്ല. അദ്ദേഹത്തിനെന്തുപററി?"

"അദ്ദേഹത്തിന്റെ വക്കീലും ശേഷക്കാരുമൊക്കെ കൽക്കത്തായിൽനിന്നും എത്തിയിരിക്കുന്നു. ഇന്നൊരു രാത്രികഴിക്കാൻ പ്രയാസമാണെന്നു ഡാക്ടർ അഭിപ്രായപ്പെട്ടിരിക്കുന്നുപോൽ"

"ഇനി വല്ലതുമുണ്ടോ അതിശയവത്തമാനങ്ങൾ?"

"ഇന്നു കേമമായിട്ടുള്ള ഒരു ഗോൾഫ്മാച്ചുണ്ടത്രെ!"

നാഡിമംഗലത്തിന്നു അന്നു ഗോൾഫ്കളിയിൽ അത്ര അഭിരുചി തോന്നിയില്ല. ഈ സംഭവംകഴിഞ്ഞു ആറുമാസങ്ങൾക്കശേഷം ക്രിസ്തുമസ്സ്സീസണിന്നു മദിരാശിക്കു പോകുംവഴി അല്പദിവസങ്ങൾ പുതുശ്ശേരി (Pondicherry) യിൽ കഴിച്ചുകൂട്ടാമെന്നുള്ള ഉദ്ദേശത്തോടെ നാഡിമംഗലം കിഴക്കേക്കടലിന്നഭിമുഖമായി സ്ഥിതിചെയ്യുന്ന ശ്രുതിപ്പെട്ട "ഹോട്ടൽ ഡി പലേസി"ൽ ചെന്നു കയറിയപ്പോൾ അദ്ദേഹത്തെ ആദ്യമായി എതിരേററതു പത്മാവതി അല്ലാതെ മററാരുമായിരുന്നില്ല!

"മി. നാഡിമംഗലം! ഇതൊരവിചാരിതമായ സന്തോഷമായിരിക്കുന്നു!" എന്നു മധുരസംഭാഷണംചെയ്തു അടുത്തുവന്ന അവൾ മനോഹാരിണി ആയിരുന്നു എന്നു സമ്മതിച്ചേതീരു.

ഡാർജലിങ്ങിൽവച്ചുകണ്ട "എല്ലും തൊലി"യുമല്ല ഇപ്പോഴത്തെ പത്മാവതി. ചിരിയും, കുലുക്കിക്കൊണ്ടുള്ള നടയും, ഞെളിച്ചലും മുന്നേത്തതിൽ കൂടുതലായിരുന്നു. വേറെ ചില സ്നേഹിതന്മാരുമായി ചൂതുകളിയിൽ ബദ്ധശ്രദ്ധനായിരുന്ന വർമ്മ തലപൊക്കി നാഡിമംഗലത്തെ യഥായോഗ്യം അഭിവാദ്യംചെയ്തു. കുറച്ചുനേരത്തെ സംഭാഷണത്തിനുശേഷം.

"നമുക്ക വല്ലതും കഴിക്കാം. മി നാഡിമംഗലം ക്ഷീണിച്ചിരിക്കും വരിക" എന്നിങ്ങനെ നാഡിമംഗലത്തെയും വർമ്മയെയും ക്ഷണിച്ചു പത്മാവതി ഒരു സ്വകാര്യമുറിയിലേക്ക കൂട്ടിക്കൊണ്ടുപോയി. ഇതിനിടയിൽ നമ്മുടെ ചൌദ്രി ബട്ട്ലരെ വിളിച്ചു ചില ആജ്ഞകൾ നൽകുന്നതു നാഡിമംഗലം കണ്ടു.

നാഡി "എന്താണാ ചൌദ്രി ഇവിടെ ചെയ്യുന്നതു്?"

പത്മാവതി വർമ്മയോടു് "ഡീയർ, കാര്യമെല്ലാം നാഡിമംഗലത്തെ പറഞ്ഞു ധരിപ്പിക്കുക"

വർമ്മ തലചൊറിഞ്ഞുകൊണ്ടു് "നാഡിമംഗലംതന്നെ ഇതിന്നിടയിൽ ഏതാണ്ടൊക്കെ ഊഹിച്ചുകാണും."

നാഡി—"എനിക്കൊന്നും മനസ്സിലാകുന്നില്ല."

വർമ്മ—"മി. നാഡിമംഗലം. അഥവാ ഞങ്ങൾ നിങ്ങളോടു കുറച്ചധികം സ്വാതന്ത്ര്യം പ്രവർത്തിച്ചുപോയി. ആ ചില്ലറ ആഭരണങ്ങളൊക്കെ ഡാർജിലിങ്ങ്വരെ ഞങ്ങൾ ഒരുവിധം എത്തിച്ചു. പക്ഷെ, പത്മാവതിക്കും എനിക്കും മനസ്സിന്നു സ്വസ്ഥതയില്ലാതായിത്തീന്നതുകൊണ്ടു നിങ്ങളുടെമുറിയിൽ നിങ്ങളുദ്ദേതാവാൻ വിരോധമില്ലാത്ത ഒരു തോൽസഞ്ചിയിൽ – അതുകളെ നിക്ഷേപിക്കുന്നതായിരിക്കും ഉത്തമമെന്നു ഞങ്ങൾക്ക തോന്നി." ഉദിച്ചുയന്ന നൈരാശ്യം നാഡിമംഗലം പണിപ്പെട്ടടക്കി. "അപ്പോൾ ചൌദ്രി?" എന്നു ചോദിച്ചു.

വർമ്മ—"ഓ ചൌദ്രി. നല്ലകൂട്ടത്തിലാണ്. മിടുക്കനാണു!"

പത്മാ—"ഞങ്ങളുടെ ഒരു പഴേ സ്നേഹിതനാണ്!"

വർമ്മ "ഞങ്ങളേതായാലും ഡാർജീലിങ്ങ് വിടാനുറച്ചു പക്ഷേ ആഭരണങ്ങൾ ഞങ്ങൾക്ക വേണ്ടിയിരുന്നു. മനസ്സിലായില്ലേ? ചൌദ്രി ഞങ്ങൾക്കവേണ്ടി ചില "പാർട്ടു"കൾ മുമ്പു പ്രവത്തിച്ചിട്ടുണ്ട്. ആഭരണങ്ങൾ വീണ്ടെടുക്കാൻ അദ്ദേഹം ഏററു. നിങ്ങളെ തൽക്കാലം വഴിയിൽനിന്നു അകററിക്കിട്ടാൻ ഒരു പൊടിക്കൈ പ്രയോഗിച്ചതാണ്."

പൊട്ടിപ്പുറപ്പെട്ട കോപം ഒരുവിധം അമത്തി നാഡിമംഗലം "അപ്പോൾ ചൌദ്രി ഒരു സി. ഐ ഡി ഉദ്യോഗസ്ഥനല്ല?"

വർമ്മ—"നല്ലശിക്ഷ! സി. ഐ. ഡി. യോ? നേരെമറിച്ച്............" നാഡിമംഗലം അക്ഷമനായി. "നില്ക്കണം! ആ നടന്നുപോകുന്ന മനുഷ്യൻ ഒരു പോലീസ്സ് ഇൻസ്പെക്ടരല്ലേ?"

വർമ്മ "അതെ. ഞങ്ങളുടെ വലിയ ചങ്ങാതിയാണ്. എന്താ, അദ്ദേഹത്തെ കാണണോ?"

നാഡി– "വേണ്ടിവന്നാക്കാം. ആഭരണങ്ങളെല്ലാമെവിടേ?" എന്നു ഗജ്ജിച്ചു

പത്മാ "അന്നേവിററു വിലയാക്കി."

വർമ്മ "ഇത്തരം കച്ചവടത്തിന്നു പററിയസ്ഥലമാണിതു്. യാതൊരു ചോദ്യവും ഇല്ല. സാധനം നന്നെങ്കിൽ പിടിപ്പതുവിലയും കിട്ടും!"

നാഡി– "അതെ അതെ. ഫ്രെഞ്ചുകാരുടെ സ്ഥലമായതുകൊണ്ടു ഭയപ്പെടാനൊന്നുമില്ല! ആഭരണങ്ങൾ വിററുവിലയാക്കി ഇപ്പോൾ അതിനെ ധ്വംസനംചെയ്യുകയാണല്ലേ?" പത്മാവതി കിളുകിളെ ചിരിച്ചു. "നോക്കമിസ്റ്റർ നാഡിമംഗലം, ഞങ്ങൾ അത്രയ്ക്കെത്തിട്ടില്ല. മിസ്റ്റർ താക്കരുടെ കഥ കേട്ടില്ലെന്നു തോന്നുന്നു?"

നാഡി–"പെട്ടെന്നു സുഖക്കേടു കൂടുതലായ നിമിത്തം അദ്ദേഹത്തെ കൽക്കത്താവിലേക്ക കൊണ്ടുപോയതുമാത്രം എനിക്കറിയാം. കഴിഞ്ഞ ജൂൺമാസംമുതൽ ഞാൻ മുസോരിയിലായിരുന്നു."

പത്മാ "മരണശയ്യയിലും അദ്ദേഹത്തിന്നാശ്വാസം നൽകാൻ എനിക്കാണ് ഭാഗ്യം സിദ്ധിച്ചതു! ഈ അവസരത്തിൽ രണ്ടുതുള്ളി "ചീങ്കണ്ണിക്കണ്ണുനീർ" പത്മാവതി പുറപ്പെടീച്ചു, ആ മഹാമനസ്കൻ രണ്ടുലക്ഷം ഉറുപ്പിക എന്റെ പ്രേതപ്രദർശനപര്യവേക്ഷണത്തിന്നായി വിനിയോഗിച്ചുകൊള്ളുവാൻ "വിൽ"പ്രകാരം നീക്കിവച്ചാണ് നിര്യാതനായതു്. അദ്ദേഹത്തിന്റെ സൌജന്യബുദ്ധി നോക്കുക!"

വർമ്മ—"രണ്ടുലക്ഷം അദ്ദേഹത്തിന്നുസമുദ്രത്തിലെ ഒരു തുള്ളപോലെയാണ്. അദ്ദേഹം കൽക്കത്താവിലെ ഒരു രത്നവ്യാ

# ഗർഭശുശ്രൂഷ.

ഏവൂർ എസ്സ്. ഗോപാലൻനായർ

ഗർഭം ഒരു സുഖക്കേടല്ല എങ്കിലും അതിൻെറ സ്വാഭാവികസ്ഥിതിഗതികളെപ്പററി ഏവരും അറിഞ്ഞിരിക്കേണ്ടതാണ്. സ്വാഭാവികരീതിയിൽനിന്നും എന്തെങ്കിലും വ്യതിയാനം ഉണ്ടാകുന്നപക്ഷം വൈദ്യസഹായം അപേക്ഷണീയവുമാകുന്നു.

ഗർഭകാലത്തെ മൂന്നുമാസംവീതമുള്ള മൂന്നുഘട്ടങ്ങളായി തിരിക്കാം. ആദ്യത്തെമൂന്നുമാസക്കാലത്തു് ഒരു ഗർഭിണിയും ഒരു ഗർഭമില്ലാത്തസ്ത്രീയുംതമ്മിൽ വലിയ വ്യത്യാസം ഉണ്ടായിരിക്കുന്നതല്ല. ചുരുക്കം ചിലഗർഭിണികൾ രാവിലെ എഴുനീററശേഷം അല്പം പിത്തവെള്ളംഛർദ്ദിക്കാറുണ്ട്. ഗർഭധാരണംകഴിഞ്ഞു് ആറാമത്തെ ആഴ്ചമുതൽ മൂന്നാംമാസംവരെ ഇതു തുടർന്നില്ലാം. സാധാരണ ഇതിനു വലിയ ചികിത്സകൾഒന്നും ആവശ്യമില്ല എന്നാൽഅതു് തുടർന്നില്ലുന്നപക്ഷം ശരിയായ മലശോധന ഉണ്ടാക്കുകയും പോഷകപ്രധാനമായ ആഹാരം കഴിക്കുകയും ചെയ്യേണ്ടതാണ്. ഒരു ബിസ്കററോ അതുപോലെയുള്ള മറെറന്തെങ്കിലും ആഹാരസാധനമോ എഴുനീല്ക്കുന്നതിനുമുൻപായി ഭക്ഷിക്കുന്നതു് ഛർദ്ദിയെ തടയുന്നതിനു വളരെ ഉപകരിക്കും. ഗർഭിണികൾഒരു അലസജീവിതം നയിക്കാതെ തങ്ങളുടെ ഗൃഹജോലികൾ നടത്തുകയും വ്യായാമംചെയ്യുകയും ഉല്ലാസപ്രദമായി സമയംകഴിക്കുകയും ചെയ്യേണ്ടതാണ്. വ്യായാമത്തിനായിബാഡ്മിൻറൺ ടെന്നീസ്, ഇവയിൽ ഏപ്പെടുന്നതു് നല്ലതാണ്. എന്നാൽ ആദ്യത്തെ മൂന്നുമാസക്കാലത്തിനകം ഗർഭം അലസിപ്പോയിട്ടുണ്ടെങ്കിൽ അത്യദ്ധ്വാനംചെയ്യാൻ പാടില്ലാത്തതും ഒരു വിദഗ്ദ്ധൻെറ ഉപദേശം ആവശ്യപ്പെടേണ്ടതും ആകുന്നു തുടരെ ഉണ്ടാകുന്ന ഗർഭംഅലസലിനു് സാധാരണകാരണം 'സിഫിലിസ്' ആകയാൽ അപ്രകാരമുള്ളവർ തങ്ങളുടെ രക്തം പരിശോധിപ്പിച്ചു വിദഗ്ദ്ധോപദേശപ്രകാരം വർത്തിക്കേണ്ടതാണു്

മൂന്നാംമാസംമുതൽ ആറാംമാസംവരെയുള്ള ദ്വിതീയഘട്ടത്തിൽ യാതൊരു അസ്വാസ്ഥ്യങ്ങളും ഉണ്ടാകുക സാധാരണമല്ല സാധാരണയുള്ള എല്ലാജോലികളും ചെയ്യുകയും പതിവായുള്ള ആഹാരം കഴിക്കുകയും ചെയ്യാവുന്നതാണ്. ദിവസവും കുളിക്കുകയും കഴിയുന്നിടത്തോളം കൂടുതൽ ശുദ്ധവായു ഏൽക്കുകയും ചെയ്യണം. മാംസഭക്ഷകൾ അതിൻെറ പരിമാണം കുറയ്ക്കുകയും മുട്ട, പാൽ, വെണ്ണ സസ്യങ്ങൾ, പഴങ്ങൾ തുടങ്ങിയവ ധാരാളമായി ഉപയോഗിക്കുകയും ചെയ്യേണ്ടതാകുന്നു. ദിവസം ഒന്നോ രണ്ടോപ്രാവശ്യം ശരിയായ മലശോധന ഉണ്ടായിരിക്കണം മലബന്ധമുണ്ടാകാതിരിക്കാൻ പ്രത്യേകം സൂക്ഷിച്ചുകൊള്ളണം. ഒരുമാസത്തിൽ ഒരുഔൺസു ആവണക്കെണ്ണ ഒരു ഗർഭിണി കുടിക്കേണ്ടതാണു്. ആഹാരത്തിനു രുചികുറയുന്നപക്ഷം ഒരുപ്രാവശ്യത്തെ ആഹാരം ഉപേക്ഷിച്ചു ഉപവസിച്ചാൽ നല്ല രുചിയുണ്ടാകുന്നതാണ്. ഗർഭിണികൾക്കു ശുചിത്വം നല്ലഉറക്കം, പ്രവൃത്തികളിലുള്ള കൃത്യനിഷ്ഠ ഇവ അത്യാവശ്യമാണ്. പുരുഷസംയോഗം വേണമെങ്കിൽ ആഴ്ചയിൽ ഒരിക്കൽ ആകാവുന്നതും അതിൽ കൂടുതൽ ആകാൻ പാടില്ലാത്തതും ആകുന്നു.

മൂന്നാമത്തെഘട്ടമായ ഒടുവിലത്തെ മൂന്നുമാസം ഏററവും പ്രാധാന്യമുള്ളതാകുന്നു. ഈകാലത്തു പ്രതിപക്ഷം മെഡിക്കൽപരിശോധനനടത്തിക്കേണ്ടതാണ്. മൂത്രംപരിശോധിപ്പിച്ചു അതിൽ എന്തെങ്കിലും തകരാറുണ്ടോ എന്നറിയേണ്ടതും അത്യാവശ്യമാണ്. പ്രഥമഗർഭമാണെങ്കിൽ ഒരു പ്രാപ്തനായ ഡാക്ടരെക്കൊണ്ടു് തൻെറ അരക്കെട്ടിൻെറ അളവു് എടുപ്പിക്കുകയും തദ്വാരാ പ്രസവം വൈഷമ്യംകൂടാതെ കഴിയുമോ എന്നു മനസ്സിലാക്കുകയും ചെയ്തുകൊള്ളണം. എന്നാൽ അളവുകൾകൊണ്ടു പ്രസവം വൈഷമ്യകരമായേക്കുമെന്നു് കാണപ്പെടുന്നപക്ഷം ഒരു വിദഗ്ദ്ധൻെറ ഉപദേശങ്ങളെ ശരിയായി അനുസരിക്കേണ്ടതാണ്. ഗർഭത്തിൻെറ 6-ാംമാസാരംഭംമുതൽ, ഭക്ഷണം, ഉറക്കം, വ്യായാമംതുടങ്ങിയ സകലദിനചര്യകളും സമയംതെററാതെനിർവഹിച്ചുകൊള്ളേണ്ടതാകുന്നു. ഇപ്പോഴും സാധാരണയുള്ള ആഹാരരീതിയെ മാററണമെന്നു് നിർബന്ധമില്ല. പതിവുപോലെ എല്ലാഗൃഹജോലികളും ചെയ്യാവുന്നതാണ്. എന്നാൽ വലിയഭാരം വഹിക്കുക, ഓടുക, ശരിയായ വായുസഞ്ചാരമില്ലാത്ത വ്യവസായശാലകളിലുംമററും ജോലിചെയ്യുകതുടങ്ങിയ അത്യദ്ധ്വാനങ്ങൾഒന്നും ചെയ്തുകൂടാൻ പാടില്ല സുദീർഘമായ മോട്ടോർസവാരികൾ, വിശേഷിച്ചും ചീത്തറോഡുകളിൽകൂടിയുള്ളവ വർജ്ജിക്കേണ്ടതാണ്. മദ്ധ്യാഹ്നഭക്ഷണത്തിനുശേഷം ഒരുമണിക്കൂറോമറേറാ കിടന്നു വിശ്രമിക്കുന്നതു് നല്ലതാകുന്നു രാവിലെ പത്തുമണിക്കും രാത്രി ഉറങ്ങുന്നതിനുമുമ്പും ഓരോകപ്പു് പാൽകുടിക്കുന്നതു നല്ലതാണ്. ചോറു്, പരിപ്പു പച്ചസസ്യങ്ങൾ ഇവ ഉപയോഗിക്കണം. 'വിററാമിൻ' വളരെ കുറഞ്ഞിരിക്കുമെന്നുള്ളതിനാൽ മില്ലരി ഉപയോഗിച്ചുകൂടാ നഗരവാസികൾ ഇതിൽ പ്രത്യേകം ശ്രദ്ധി

---

പാരിയും കോടീശ്വരനും ആയിരുന്നുവെന്നറിയുമല്ലോ?"

നാഡിമംഗലം നിശ്ചേഷ്ടനായി ഇരിപ്പുകൊണ്ടു. വർമ്മയും ഭാര്യയും ഡാർജീലിങ്ങ് സന്ദർശിച്ചതിൻെറ രഹസ്യം ഇപ്പോഴാണു വെളിപ്പെട്ടതു്! ഈ സംഭാഷണം നടന്നുകൊണ്ടിരിക്കെ ചൌദ്രി ഒരു വെള്ളിത്തളികയിൽ നാലു് സ്ഫടികപാത്രങ്ങൾ നിറയെ "പൊന്നമ്പർ" നിറം തിളങ്ങുന്ന പാനീയം ബട്ട്ലരെകൊണ്ടെടുപ്പിച്ചു് അവിടെ പ്രത്യക്ഷനായി.

ചൌ- "ഇന്നു ലോകത്തിൽ രണ്ടിടത്തുമാത്രമേ ഈ അത്ഭുതകരമായ പാനീയം ലഭിക്കുകയുള്ളൂ പാരീസിലെ ഖ്യാതിപെററ 'ഹോട്ടൽ ഡി. പലേസ്' വിട്ടാൽ അതിൻെറ ബ്രാഞ്ചായ ഈ സ്വർഗ്ഗസദനത്തിൽ" നാഡിമംഗലം പിന്നെയും ഉത്സാഹശൂന്യനായിത്തന്നെ കാണപ്പെട്ടു. തനിക്കു നേരിട്ട പരാജയത്തെ ഓർത്തു് അദ്ദേഹം തന്നെത്താൻ 'നിസ്സരിക്കു'കയായിരുന്നു.

ചൌദ്രി തുടർന്നു—"മിസ്റ്റർ നാഡിമംഗലം, ഞാൻ രണ്ടുവാക്കു സംസാരിക്കട്ടെ. അന്യന്മാരുടെ കാര്യത്തിൽ അനാവശ്യമായി തലയിട്ടു ചിലപ്പോൾ അവർക്കു അധികമായ അസൌകര്യങ്ങൾ ഉണ്ടാക്കി അൽപമായ സന്തോഷംസമ്പാദിച്ചു അന്യാശ്രയംകൂടാതെ കഴിഞ്ഞുകൂടുന്ന അതിസമർത്ഥനായ ആളാണു് അങ്ങു്. നിയമലംഘനം ചെയ്യുന്ന ആളുകൾ എല്ലാവരും ദുഷ്ടന്മാരും ആയിക്കൊള്ളണമെന്നില്ല. നമ്മുടെ ചങ്ങാതിമാരെ ആ ഇനത്തിൽ പെടുത്താവുന്നതാണ്. അവർമൂലം നിങ്ങൾക്കു നഷ്ടകഷ്ടങ്ങളൊന്നും ഉണ്ടായതായി എനിക്കറിവില്ല. നിങ്ങൾക്കവരെപ്പററി ദൂഷ്യമായി വല്ലതും അറിയാമെങ്കിൽ അതിനെ മറന്നുകളയണം..................ആ മഹത്തരമായ വീഞ്ഞിൽ എന്തോ വിഷദ്രവ്യം കാണുന്ന മാതിരി അതിനെ നോക്കാതിരിക്കുക!"

നാഡിമംഗലത്തിനു വാസ്തവത്തിൽ വീഞ്ഞിലല്ല വിഷശങ്കയുണ്ടായതു്. നേരമറിച്ചു അദ്ദേഹം ചൌദ്രിയെയാണു് വിഷത്തേക്കാൾവെറുത്തതു്. ഡാർജീലിങ്ങിൽവച്ചു് ആ രാത്രി തലയുടെ മർമ്മംനോക്കിപ്രഹരിച്ചതും ചൌദ്രിയാണെന്നു അദ്ദേഹത്തിനു ബോദ്ധ്യമായി. പക്ഷേ, "ചെട്ടിക്കുകളളപ്പണംകിട്ടി"യപോലെ മിണ്ടാൻ നിവൃത്തിയില്ലാതെ അദ്ദേഹം അരിശം അമർത്തി. ഒടുവിൽ പത്മാവതി നാഡിമംഗലത്തിൻെറ കുറേക്കൂടി അടുത്തായി നിന്നിട്ടു് "മി. നാഡിമംഗലം എൻെറ സൽക്കാരം സ്വീകരിക്കുകയില്ലയോ?" എന്നു കൂവി, 'ചേതസ്സമാകർഷക'മായ പുഞ്ചിരിയോടെ ഒരു ഗ്ലാസെടുത്തു അദ്ദേഹത്തിൻെറ കയ്യിലർപ്പിച്ചു. അവരുടെ ദൃഷ്ടികൾതമ്മിൽ ഇടഞ്ഞു. തൽക്ഷണം നാലുപേരുടെ നാലുഗ്ലാസുകളുംതമ്മിൽ "ചിലുപിലെ" മുട്ടി. നാഡിമംഗലം ഒരു ശ്വാസത്തിനിടയ്ക്കു ആ പാനീയം മുഴുവനു പാനംചെയ്തു് നാലുഗ്ലാസുകൂടി കൊണ്ടുവരുവാൻ ബട്ട്ലർക്കു കൈയ്യാംഗ്യംകൊണ്ടാജ്ഞനൽകി. "എന്നെ പററിക്കാൻ നിങ്ങൾക്കു സാധിച്ചിട്ടില്ലെ"ന്നു വമ്പുപറഞ്ഞ ആ വങ്കശിരോമണി പഴഞ്ചോററിൽ നാവുവെന്തകണക്കു, നയവഞ്ചകിയായ പത്മാവതിയുടെ പുഞ്ചിരിയാൽ വഞ്ചിതനായി!

---

ക്കേണ്ടതാണു്. ഗർഭിണികൾക്കു ഗർഭത്തിലിരിക്കുന്ന തങ്ങളുടെ ശിശുക്കളെക്കൂടി സംരക്ഷിക്കേണ്ടതിനാൽ കൂടുതൽഭക്ഷണം ആവശ്യമാണെന്നു ഒരുമിഥ്യാബോധം ചിലരുടെ ഇടയിൽ പ്രചാരത്തിലിരിക്കുന്നുണ്ടു് വാത്സല്യമുള്ളവരെങ്കിലും അറിവില്ലാത്തവരായ തങ്ങളുടെ മാതാക്കൾ അമിതഭക്ഷണം തരാതിരിക്കുവാൻ ഗർഭിണികൾ പ്രത്യേകം സൂക്ഷിച്ചുകൊള്ളണം. ആവശ്യത്തിലധികം ആഹാരം ഒരിക്കലും കഴിക്കരുതു്. മാംസം ഉപയോഗിക്കുന്നവർ അതു ആഴ്ചയിൽ രണ്ടോ മൂന്നോ പ്രാവശ്യമായി കുറയ്ക്കേണ്ടതാണു്. കൊഴുപ്പു ധാരാളമായുള്ള മാംസം വിശേഷിച്ചും വർജ്ജ്യമാണു്. ഈ ഘട്ടത്തിൽ പുരുഷസംയോഗം കഴിയുന്നിടത്തോളം വർജ്ജിക്കേണ്ടതും ഒടുവിലത്തെ ആറാഴ്ചക്കാലം നിശ്ശേഷം ഉപേക്ഷിക്കേണ്ടതും ആകുന്നു.

ഗർഭകാലത്തിന്റെ ഒടുവിലത്തെ ആറാഴ്ചക്കാലത്തു പ്രതിവാരം മൂത്രം പരിശോധിപ്പിക്കേണ്ടതു അത്യാവശ്യമാണു്. മൂത്രത്തിൽ "അൽബ മിൻ" കൂടുതൽ ഉള്ളതായി കാണപ്പെടുന്നപക്ഷം ശരിയായ ചികിത്സ നടത്തേണ്ടതാകുന്നു. ഈ ഘട്ടത്തിലുണ്ടാകാവുന്ന വേറൊരു വൈഷമ്യം ഗർഭാശയത്തിൽനിന്നുമുള്ള രക്തസ്രാവമാകുന്നു വേദനയോടുകൂടിയോ അല്ലാതെയോ രക്തം സ്രവിക്കുന്നപക്ഷം ഉടൻതന്നെ വൈദ്യസഹായം ആവശ്യപ്പെടേണ്ടതാണു്. വെള്ളനിറത്തിലോ മഞ്ഞനിറത്തിലോ ഉണ്ടാകാവുന്ന സ്രാവങ്ങളും വിഗണിക്കപ്പെടാവുന്നവയല്ല എന്തെന്നാൽ പ്രസവാനന്തരം ഉണ്ടാകാവുന്ന പനിക്കു സാധാരണ കാരണമായി കാണപ്പെടുന്ന 'ഗൊണോറിയ' 'ലൂക്കോറിയ' ഇവ ഉണ്ടെന്നുള്ളതിന്റെ അടയാളമാകുന്നു അതു്. കൈകാലുകളിലുള്ള നീക്കെട്ടു്, മൂത്രദൌർല്ലഭ്യം ഇവയും വിഗണിക്കാൻ പാടില്ലാത്ത വൈഷമ്യങ്ങളാകയാൽ അവയുടെ പരിഹാരത്തിനും വൈദ്യസഹായം ആവശ്യപ്പെടേണ്ടതാകുന്നു

ഗർഭസ്ഥനായിരിക്കുന്ന ശിശുവിന്റെ കിടപ്പും ഗർഭിണിയുടെ അളവുകളും ശരിയായ രീതിയിൽ ആയിരുന്നാൽ പ്രസവത്തിനു യാതൊരു വൈഷമ്യവും ഉണ്ടാകുന്നതല്ല- ഉന്മേഷസ്വഭാവമുള്ളവരും പ്രവൃത്തിനിരതരുമായ ഗർഭിണികൾക്കു പ്രസവം സുഖകരമായിരിക്കും. പ്രസവവേദന തുടങ്ങുന്നതുവരെയും ഉത്സാഹപൂർവം പ്രവൃത്തിചെയ്തുകൊണ്ടിരിക്കണം. സമ്പൽസമൃദ്ധിയിൽ നിമഗ്നരായിരിക്കുന്ന സ്ത്രീകളെക്കാൾ, ഏററവും താണപടിയിൽ ജീവിക്കുന്ന നമ്മുടെ ഹരിജനസഹോദരികളുടെ പ്രസവം ക്ഷിപ്രവും സുഖകരവും ആയിരിക്കുന്നില്ലയോ? ഇതിന്റെ കാരണം അവർ ധാരാളം ജോലിചെയ്യുന്നതും അലസരായിരിക്കാത്തതും ആകുന്നു

ഇനി പ്രസവത്തെപ്പററിക്കൂടി രണ്ടു വാക്കു പറഞ്ഞുകൊള്ളട്ടെ പ്രസവവേദന തുടങ്ങിയാൽ നാട്ടിടയിലുള്ള വയററാട്ടികളെ ഒരിക്കലും വിളിക്കരുതേ! അവരിൽനിന്നും നമുക്കു ഊഹിക്കുവാൻകൂടി പ്രയാസമായിട്ടുള്ള ഉപദ്രവങ്ങൾ ശിശുവിനും മാതാവിനും നേരിടുന്നതാണു്. ഇവക്കു പ്രസവസംബന്ധമായി യാതൊന്നുംതന്നെ അറിഞ്ഞുകൂടാ യോഗ്യതയുള്ള മിഡ്വൈഫിനേയോ ഡാക്ടരേയോ ലഭിക്കാത്തപക്ഷം പ്രകൃതിയെ ശരണീകരിക്കുന്നതാണു ഈ വക വയററാട്ടികളെ സ്വീകരിക്കുന്നതിൽവച്ചു ഏററവും ഉത്തമം. എന്തെങ്കിലും വൈഷമ്യം ഉണ്ടാകുന്നപക്ഷം തീർച്ചയായും വിദഗ്ദ്ധസഹായം ആവശ്യപ്പെടേണ്ടതാണു്. കുട്ടി ജനിക്കുന്നതിനു 24 മണിക്കൂർമുമ്പേ സാധാരണ പ്രസവവേദന ആരംഭിക്കുന്നതാണു്. വേദന ആരംഭിക്കുന്നതിനു മുമ്പു മൂത്രം പരിശോധിപ്പിക്കേണ്ടതും "അൽബ മിൻ" കൂടുതൽ കാണുന്നപക്ഷം ബാർലി വെള്ളം മാത്രം കുടിച്ചുകൊണ്ടു കുറഞ്ഞപക്ഷം 24 മണിക്കൂറെങ്കിലും ഉപവസിക്കേണ്ടതുമാണു്.

പ്രസവത്തിനുള്ള മുറി തിരഞ്ഞെടുക്കുന്നതിൽ ഓരോരുത്തരും പ്രത്യേകം ശ്രദ്ധിക്കേണ്ടതാകുന്നു ഭൂരിപക്ഷം ആളുകളും ഏററവും ചെറിയതും ഇരുട്ടടഞ്ഞതുമായ മുറിയാണു തിരഞ്ഞെടുക്കുന്നതു്. കൂടാതെ ഈ മുറികൾ പ്രധാന കെട്ടിടത്തിൽനിന്നും അകന്നും തൊഴുത്തിനോടോ പാചകശാലയോടോ അടുത്തും ഇരിക്കും. പ്രസവം അശുദ്ധിയുണ്ടാക്കുന്നതാകയാൽ പ്രസവമുറി പ്രധാന കെട്ടിടങ്ങളിൽനിന്നും അകന്നിരിക്കേണ്ടതാണെന്നൊരു ധാരണ സാധാരണ ഹിന്ദുക്കളുടെയിടയിലുണ്ടു്- ഈ അന്ധവിശ്വാസം എത്രക്ഷണം നീങ്ങുന്നുവോ അത്രയും വേഗം ഭാവിതലമുറയുടെ ആരോഗ്യവും അഭിവൃദ്ധിയെ പ്രാപിക്കുന്നതാണു്. പ്രസവമുറി ഏററവും വിസ്താരവും വായുസഞ്ചാരവും ഉള്ളതായിരിക്കുന്നതു കൂടാതെ ഏററവും ശുചിത്വമുള്ളതും അകസാമാനങ്ങൾ ഇല്ലാത്തതും ശബ്ദശൂന്യവും ആയിരിക്കയുംവേണം.

---


# നിങ്ങളുടെ ഭാവി

നിങ്ങളുടെ പേരും മേൽവിലാസവും ഏതെങ്കിലും ഒരു പുഷ്പത്തിന്റെ പേരും മാത്രം എഴുതി ഒരു പോസ്റ്റുകാർഡു് അയയ്ക്കുക. എന്നാൽ 1 രൂപയും ചിലവും വി. പി. ചുമത്തി തൊഴിലിലുണ്ടാകുന്ന ലാഭനഷ്ടങ്ങൾ, ഉദ്യോഗക്കയററം, സ്ഥലംമാററം അല്ലെങ്കിൽ തരംതാഴ്ത്തൽ, ജനനങ്ങൾ, വിവാഹങ്ങൾ, ആനന്ദകരമായ സംഭവങ്ങൾ, രോഗങ്ങൾ മുതലായി നിങ്ങളെ സംബന്ധിക്കുന്നതും അടുത്ത 12 മാസങ്ങൾക്കിടയിൽ നടക്കുന്നതുമായ സംഭവങ്ങളുടെ പൂർണ്ണവിവരങ്ങൾ അയച്ചുതരുന്നതാണു്. സംഭവിക്കാനിടയുള്ള ദുരദൃഷ്ടങ്ങളിൽനിന്നും രക്ഷനേടുന്നതിനുള്ള മാർഗ്ഗങ്ങളും വിവരിച്ചു അറിയിക്കുന്നതാണു്. ഒന്നു പരിശോധിച്ചുനോക്കിയാൽ ഞങ്ങളുടെ പ്രവചനങ്ങൾ സൂക്ഷ്മമായി ഫലിക്കുന്നവയാണെന്നു ബോദ്ധ്യമാകും. ഏതെങ്കിലും 5 ചോദ്യങ്ങൾക്കു ശരിയായ ഉത്തരം നൽകുന്നതിനു 1 ക. 4 ണ. മാത്രം.

നോട്ടു്—ഞങ്ങളുടെ പ്രസ്താവനകൾ അവാസ്തവമെന്നു തെളിയിക്കുന്നവക്കു 100 ക. ഇനാം.


Professor G. Shunker,
Post Box No. 72, Lahore.



# വസ്ത്രങ്ങൾ നല്ല വണ്ണം വെളുക്കണമെങ്കിൽ




# 501 സോപ്പ് ഉപയോഗിക്കുക.




ദി ടാററാ ഓയിൽമിൽസ് കമ്പനി (Ltd.)
ടോംകോ സെയിൽസ് ഡിപ്പാർട്ടുമെൻറ്
19 എ. വാണിയർസ്റ്റ്രീററ്;
ജി. ടി. മദ്രാസ്.

# കൗതുകരംഗം.

പുളിമാത്തു് രാഘവൻനായർ.

### പശുക്കൾക്കു ചായമിടുന്നു.

കാട്ടിൽ മേയാൻവിടുന്ന പശുക്കളെ പുള്ളിമാനാണെന്നുകരുതി നായാടികൾ വേട്ടയാടികൊല്ലുകപതിവായതിനാൽ 'ക്യാനഡാ' നാട്ടിലെ കാടുകളിൽ മേയാൻവിടുന്ന പശുക്കളുടെ ദേഹത്തു് ഒരുതരം ചായമടിച്ചുവിടാറുണ്ടത്രെ.

### ടിക്കററുവിൽക്കുന്ന യന്ത്രങ്ങൾ.

അമ്മേരിക്കായിലെ പല റയിൽവേസ്റ്റേഷനുകളിലുംഇപ്പോൾടിക്കററുവില്പനനടത്തുന്ന യന്ത്രങ്ങളുടെ ബഹളമാണു്. പോകേണ്ടസ്ഥലത്തിൻെറ കൂലിനോക്കി, ക്ലിപ്തപ്പെടുത്തിയിട്ടുള്ള നാണയം യന്ത്രത്തിലിട്ടാൽ ടിക്കററു പുറത്തുവരികയും യന്ത്രംതന്നെ 'നന്ദി'പറയുകയും ചെയ്യുമത്രെ. ജന്നൽവാതുക്കൽചെന്നു് കാത്തുകിടന്നു് ഒരു ചെറ യജ്ഞസ്ഥിയുംനടത്തി ചിലപ്പോൾ കൊട്ടത്തതുകയോ ടിക്കററു കിട്ടാതെ ടിക്കററുവിൽപനക്കാരൻെറ ഭത്സനമേൽക്കേണ്ടിവരുന്ന ഇന്ത്യൻറയിൽവേയാത്രക്കാരായ സാധാരണക്കാരുണ്ടോ ഇതു് വിശ്വസിക്കുന്നു. അല്ലെങ്കിൽതന്നെ നിരക്ഷരരായ ഇന്ത്യാക്കാരുടെ ഗതിയെന്തായിരിക്കും.

### പറക്കുന്ന സൈക്കിൾ.

തറയിൽക്കൂടി ചവുട്ടുന്ന സൈക്കിൾ നമ്മുടെനാട്ടിൽ ഇപ്പോൾ സർവ്വസാധാരണമായി തീൎന്നിട്ടുള്ളതുപോലെ വിനാവിളംബം 'പറക്കുന്ന സൈക്കിളും' പ്രചാരത്തിൽ വന്നേക്കുന്നതാണു് അന്നു് വേമ്പനാട്ടുകായലും, പള്ളിവാസൽകുന്നും, പീരുമേടും, ശബരിമലയുംമററും നമുക്കു നിസ്സാരമായിത്തീൎന്നേക്കാം. വിയന്നാവിലെ ഒരു സുപ്രസിദ്ധശില്പശാസ്ത്രവിദഗ്ദ്ധനായ 'മൈക്കേൽ റോസ്ലർ'എന്നയാളാണു് ഈ സൈക്കിൾ കണ്ടുപിടിച്ചിട്ടുള്ളതു്. സൎക്കസിലുംമററും കമ്പിയിൽക്കൂടി സൈക്കിൾ ഓടിച്ചുകാണുമ്പോൾതന്നെ രോമാഞ്ചമുണ്ടാകുന്ന നമുക്കു ഈ വാൎത്ത വിശ്വസനീയമല്ലാതെവന്നേക്കാം. സാധാരണ ബൈസക്കിൾമാതിരി നിൎമ്മിച്ചിട്ടുള്ള ഇതിൻെറ മുൻപിൻഭാഗങ്ങളിൽ വിമാനത്തിലുള്ളപോലെ ചെറുതരം യന്ത്രങ്ങളുണ്ടു്. ദുൎഘടങ്ങളായ മാൎഗ്ഗങ്ങളും, ഘോരാരണ്യങ്ങളും തരണംചെയ്യാൻ റോസ്ലർസൈക്കിൾ തുലോം ഉപകാരപ്രദമായിത്തീരുന്നതാണു്. സാധാരണസൈക്കിൾമാതിരിയുള്ള ഇതിൻെറ ഹാൻഡിൽബാറിൽ ഘടിപ്പിച്ചിട്ടുള്ളഒരുലിവറിൽപിടിക്കുമ്പോൾ ഇതു തന്നത്താൻ മേലോട്ടുപൊങ്ങി ആകാശത്തേലേക്കുയരുന്നതാണു. താഴെയിറങ്ങാൻ മറെറാരു ലിവറിൽപിടിച്ചാൽമതി. ഭൂമയിൽനിന്നു സുമാർ മൂവായിരംഅടിപൊക്കത്തിൽ ഉയൎന്നു് മണിക്കൂറിൽ 50-മയിൽ ക്രമത്തിനു് ഇതിൽ സഞ്ചരിക്കാവുന്നതാണു്. ആകെക്കൂടി 'മെഷിൻെറ കനംഒരു ഹൺഡ്രഡ്‌വെയിററിൽ കൂടുതൽ കാണുകില്ല. ഇപ്പോൾ ഇതിനെ '60'പവനവിലവച്ചാണത്രെ വിററുവരുന്നതു്. ഇതിൻെറ പ്രചാരം നമ്മുടെ നാട്ടിനും വലിയ അനുഗ്രഹമായിരിക്കുമെന്നുതന്നെ സമാശ്വസിക്കാം.

### അതും ഒരു പടങ്ങു്.

ആഫ്രിക്കാഖണ്ഡത്തിൽപെട്ട ഒരു വൎഗ്ഗക്കാർ അവരുടെ ആളുകൾ ആരെങ്കിലും മരിച്ചാൽ, അയാളുടെ ജീവിതകാലത്തു വല്ല നന്മയും ചെയ്തിട്ടുണ്ടോ എന്നറിഞ്ഞശേഷമേ ശവസംസ്കാരം നടത്താറുള്ളുവത്രേ. ഈ ചട്ടം നമ്മുടെ നാട്ടിൽ നടപ്പാകുകയാണെങ്കിൽ നാടൊട്ടുക്കു പ്രേതം കിടന്നു നാറുവാൻ ഇടവരികയില്ലേ?

### ശക്തിയേറിയ ജന്തു.

ലോകത്തിലേക്കും ശക്തിയും, ആകാരവലിപ്പവുമേറിയ ജന്തുവാണത്രെ നീലത്തിമിംഗലം. ഇതു സാധാരണമായി 90 അടി നീളവും 30 ടൺ തൂക്കവുമുള്ളതാണു്. ഒരു ആനയുടെ സാമാന്യമായ തൂക്കം രണ്ടു ടണ്ണാണു്. ഇതു വേഗത്തിൽ നീന്തുകയാണെങ്കിൽ മണിക്കൂറിൽ 30 മൈൽ പോകും. ആ ഘട്ടത്തിൽ അതിനു കാഞ്ഞതു 650 കുതിരകളുടെ ശക്തിയുണ്ടായിരിക്കുന്നതുമാണു്.

### കള്ളംപിടിപ്പാനും യന്ത്രം.

വ്യവസായശാലകൾ, സ്വൎണ്ണഖനികൾ മുതലായ സ്ഥലങ്ങളിൽ പ്രവൃത്തിചെയ്തുവരുന്നവർ സായാഹ്നം വീടുകളിലേക്കു മടങ്ങുമ്പോൾ അവർ വല്ലതും മോഷ്ടിച്ചിട്ടുണ്ടോ എന്നറിയാൻ മുൻകാലങ്ങളിൽ അവരുടെ ഉടുതുണിവരെ പരിശോധിക്കയായിരുന്നു പാശ്ചാത്യനാട്ടുകാർ ചെയ്തുവന്നതു്. എന്നാൽ ഇപ്പോൾ അതിലേക്കു ഒരുതരം യന്ത്രം നടപ്പിൽവന്നിരിക്കുന്നു. ഖനികളുടെയും, വ്യവസായാലയങ്ങളുടെയും പുറവാതിലുകളിൽ ആലക്തികക്കമ്പികൾകൊണ്ടു ഉറപ്പിച്ചിരിക്കും. കൂലിക്കാർ പുറമേപോകുമ്പോൾ, വാതിൽകാവൽക്കാരൻ ചെവിയിൽ ഒരുറേഡിയോയന്ത്രംവച്ചു ശ്രദ്ധിച്ചുകൊണ്ടിരിക്കും. വല്ല കൂലിക്കാരും, സ്വൎണ്ണം മുതലായ ലോഹങ്ങളോ, ലോഹംകൊണ്ടുള്ള ആയുധങ്ങളോ കൈവശം വച്ചിരുന്നാൽ ഉടനേ യന്ത്രം, കാവൽക്കാരൻെറ ചെവിയിൽ ഒരുവക ശബ്ദംപുറപ്പെടുവിക്കും. പെട്ടെന്നു അവൻ മോഷ്ടാവിനെ പിടികൂടുകയും ചെയ്യും.

### ചുണ്ടെലിയുടെ ചാട്ടം.

500 അടി ഉയരത്തിൽനിന്നും ഒരു മനുഷ്യൻ ചാടുന്നപക്ഷം അവൻെറ സൎവ്വാംഗം നുറുങ്ങി ചമ്മന്തിയായിത്തീൎന്നുപോകും. ആ ഉയരത്തിൽനിന്നും ഒരു പെരുച്ചാഴി ചാടിയാൽ എല്ലു തോലും മാത്രം ശേഷിക്കും. എന്നാൽ ഒരു ചുണ്ടെലി എത്ര ഉയരത്തിൽനിന്നു വീണാലും, റബ്ബർപന്തുപോലെ എണിററു ശരീരം ഒന്നു കുടഞ്ഞിട്ടു പഴയപടി ഓടിപ്പോകുമത്രെ.

---


പണ്ഡിററു് ഡി. ഗോപാലാചാർലുവിൻെറ

## ജീവാമൃതം

ആധുനികകാലത്തെ ജോലിക്കൂടുതൽ നിങ്ങളുടെ ആരോഗ്യത്തെ സാവധാനത്തിൽ ഹനിക്കുന്നു; തൽഫലമായി നിങ്ങൾക്കു ക്ഷീണം, സ്വരകം സംബന്ധിച്ചുള്ള രോഗങ്ങൾ, തലവേദന, വേഗത്തിൽ കോപം വരുക മുതലായവ ഉണ്ടാകുന്നു. ഇവ സ്ഥിരമായി നിങ്ങളെ ബാധിക്കുന്നതിനു മുമ്പായി അവയെ അകറേറണ്ടതു ആവശ്യമാണു്; അതിനു ഉത്തമമായ മാൎഗ്ഗം ജീവാമൃതം ഉടൻതന്നെ സേവിച്ചുതുടങ്ങുകയത്രേ. ഫലപ്രദമായ ഈ ഔഷധം നിങ്ങളുടെ രക്തത്തെ വൎദ്ധിപ്പിക്കുകയും, സിരകളെ ബലവത്താക്കുകയും, നഷ്ടമായിത്തീൎന്ന ഉന്മേഷത്തെ വീണ്ടെടുക്കുകയും, നിങ്ങൾമുമ്പുഇരുന്നതുപോലെ നൂറുശതമാനംആരോഗ്യമുള്ള ഒരു മനുഷ്യനാക്കിത്തീൎക്കുകയുംചെയ്യും.

എല്ലാസ്ഥലത്തും ലഭിക്കും.

വലുതു് 3 ക. 4 ണ. ചെറുതു് 1 ക. 12 ണ.

നിൎമ്മാതാക്കൾ

**ആയുൎവ്വേദാശ്രമം**

പോസ്റ്റ്ബാക്സ് 287, മദ്രാസ്.

# വൃന്ദാവനത്തിലെ ശ്രീകൃഷ്ണൻ.

(ഒരു നിരീക്ഷണം)

പി. കെ. പരമേശ്വരൻനായർ ബി. എ. കോഴമുക്കു്.

ഭാരതീയകവികളുടെ ലാവണ്യമധുരമായ ഭാവനാശക്തിയെ ഇത്രമാത്രം ആകർഷിക്കയും ഉദ്ദീപിപ്പിക്കയും ചെയ്തിട്ടുള്ള മറെറാരു ചിത്രം പുരാണേതിഹാസങ്ങളിലെങ്ങും കാണുകയില്ല. പ്രകൃതിവിലാസരമ്യമായ വൃന്ദാവനത്തിലെ അരയാൽത്തണലിൽ, മനോഹരമായ പീലിത്തലമുടി കെട്ടിവച്ച്, വനമാല്യങ്ങളുമണിഞ്ഞു്, മഞ്ഞപ്പട്ടും ചാർത്തി, കാലുപിണച്ചുനിന്നു് വേണുഗാനമാധുരിയാൽ ഭൂലോകത്തെ സ്വർഗ്ഗതുല്യമാക്കിത്തീർക്കുന്ന മനോജ്ഞവദനനായ ആ ഓമനബാലൻെറ ദിവ്യചിത്രം സൌന്ദര്യബോധത്തിൻെറ കണികയെങ്കിലുമുള്ള ഒരു ഹൃദയത്തെ എങ്ങിനെ വശീകരിക്കാതിരിക്കും? മധുനിഷ്യന്ദിയായ ആ മഞ്ജുളഗാനമാകട്ടെ ചരാചരമയമായ ലോകത്തെ ആകമാനം കീഴടക്കുവാൻ ശക്തമായിട്ടുള്ളതുമാണു്. മേഞ്ഞുകൊണ്ടു നില്ക്കുന്ന പശുവൃന്ദങ്ങൾ ആ ഗാനപ്രവാഹത്തിൽ നിശ്ചലരായി നിലകൊള്ളുന്നു. കാളിന്ദീനദിയിലെ ജലവും വൃന്ദാവനത്തിലെ മന്ദമാരുതനും എന്നുവേണ്ടാ ചുററുപാടുമുള്ള തൃണാംകുരങ്ങൾപോലും ഓടക്കുഴൽനാദംകേട്ടു്, ആനന്ദസ്തബ്ധരായിത്തീരുന്നു. പരസ്പരവിരോധികളായ ദുഷ്ടമൃഗങ്ങൾപോലും തത്വബോധോദയംകൊണ്ടെന്നപോലെ സ്വല്പനേരത്തേക്കു് മൈത്രീഭാവത്തിൽ നിലകൊള്ളുന്നു. മനുഷ്യലോകത്തിൻെറ അവസ്ഥ കേവലം അനിയന്ത്രിതമായിത്തീരുന്നു. ഗോപവാടങ്ങളിൽ സ്വകൃത്യനിരതകളായിരുന്ന ഗോപസ്ത്രീകളെല്ലാം അവരുടെ ജോലികൾ ഇട്ടെറിഞ്ഞു്, ഭർത്താക്കന്മാർ തടയുന്നതിനെപ്പോലും വകവയ്ക്കാതെ ഉദ്വേഗത്തോടുകൂടി ആ അരയാൽച്ചുവട്ടിലേക്കു് ഓടിയെത്തുന്നു. അവിടെ അവർ കൈകൾകോർത്തു പിടിച്ചു വേണുഗാനത്തിനനുസരണമായി ആടുകയും പാടുകയും വിവിധങ്ങളായ ശൃംഗാരലീലകളിൽ മുഴുകുകയുംചെയ്യുന്നു. ആകപ്പാടെ വൃന്ദാവനംമുഴുവൻ ആനന്ദസ്വത്വത്തിൽ ആറാടുന്നു. സകലതും സൌന്ദര്യമയം; പ്രേമപ്രശോഭിതം; സംഗീതസുരഭിലം; കാളിന്ദീതടം സാക്ഷാൽ വൈകുണ്ഠലോകമായി രൂപാന്തരപ്പെടുന്നു.

### ആക്ഷേപകന്മാർ.

വൃന്ദാവനലീലയെ ഇതരമതസ്ഥന്മാർ കഠിനമായി ആക്ഷേപിക്കുന്നു. അവരുടെ അഭിപ്രായത്തിൽ അതു സന്മാർഗ്ഗബോധത്തിൻെറ അടിത്തട്ടിനെ പിളക്കുന്ന ഒരു ശൃംഗാരലീലയാണു്. വിഷയാസക്തിയുടെയും കാമവികാരപാരവശ്യത്തിൻെറയും നഗ്നമായപ്രകടനമാണു് അവർ അതിൽ കാണുന്നതു്. ഭർതൃമതികളായ ഗോപസ്ത്രീകളെ അന്യായമായി ആകർഷിച്ചു അവരെ അസന്മാർഗ്ഗികമായ നടപടികളിൽ വ്യാപരിപ്പിച്ചു കാമസംതൃപ്തി വരുത്തുന്ന ഒരു വിടപ്രമാണിയാണു ശ്രീകൃഷ്ണൻ എന്നു അവർ അപലപിക്കുന്നു. ഇതാണോ ഹിന്ദുക്കളുടെ ആദർശപുരുഷൻ? ഇദ്ദേഹത്തെ അനുകരിക്കുന്ന ആ ഒരു 'ജനസമുദായം' വ്യഭിചാരികളും വിഷയാസക്തരുമായിപ്പോകയില്ലേ? എന്നും മററുമാണു് ഇവരുടെ ആക്ഷേപഗതി.

ഇവരുടെ വാദമുഖങ്ങളിൽ എത്രമാത്രം പരമാർത്ഥമുണ്ടെന്നു് നമുക്കൊന്നു പരിശോധിച്ചുനോക്കാം. വൃന്ദാവനത്തിലെ ശ്രീകൃഷ്ണൻ സന്മാർഗ്ഗബോധമില്ലാത്ത ഒരു വിടപ്രമാണിയാണോ? രാസക്രീഡ കേവലം കാമപാരവശ്യജന്യമായ വിക്രിയകളാണോ? ഈവക ചോദ്യങ്ങൾക്കു ശ്രീകൃഷ്ണൻെറ ചരിത്രത്തിനു് പ്രമാണഗ്രന്ഥമായ ഭാഗവതത്തെത്തന്നെ അടിസ്ഥാനപ്പെടുത്തി സമാധാനം നൽകുവാൻ ശ്രമിക്കാം.

### ചില ചരിത്രവസ്തുതകൾ.

പ്രാരംഭമായിത്തന്നെ സാമാന്യമായ ചില ചരിത്രവസ്തുതകൾ പ്രസ്താവിക്കേണ്ടിയിരിക്കുന്നു. മനുഷ്യൻ ഈശ്വരനെ മനുഷ്യാകാരത്തിൽ ധ്യാനിച്ചുതുടങ്ങിയതു് എന്നു മുതൽക്കാണെന്നു് തീർത്തുപറയുവാൻ സാധിക്കുകയില്ല എങ്കിലും എല്ലാമതക്കാരും ഈശ്വരനെ നിഷ്പ്രയാസം ധ്യാനിക്കുവാൻ സ്വീകരിച്ചിട്ടുള്ള ഒരു ഉപാധിയാണിതു്. അനന്തരം ചിലമതക്കാർ ഈശ്വരനെ കൂടുതൽ സാക്ഷാൽകരിക്കുവാനായി അദ്ദേഹത്തിനു ചില ബന്ധമുറകൾ ആരോപിക്കുന്നതായി കാണാം. ഉദാഹരണമായി ക്രിസ്ത്യാനികളുടെ ബൈബിളിൽ ഈശ്വരനെ പിതാവായി ഭാവനംചെയ്തിരിക്കുന്നു. മനുഷ്യരെല്ലാം ദൈവത്തിൻെറ മക്കളുമാണു്. ഭാരതീയർ ഈശ്വരനെ പിതാവായും മാതാവായും ധ്യാനിച്ചിട്ടുള്ളതായി കാണുന്നു. ഈ മുറ പിന്നെയും പരിഷ്കരിച്ചു ഈശ്വരനും ഭക്തജനങ്ങളുമായി ഭാര്യാഭർതൃബന്ധംകൂടി ചിലർ ഭാവിച്ചുതുടങ്ങി. ഇതിൻെറ ലക്ഷ്യവും ബൈബിളിൽ കാണ്മാനുണ്ടു്. സോളമൻെറ ഗീതങ്ങൾ (Solomon's Songs) എന്ന സുപ്രസിദ്ധമായ ആ ഭാഗത്തു് ദൈവം പ്രണയപരവശനായ ഒരു കാമുകനായിട്ടാണു് സംസാരിക്കുന്നതു്. അതുവായിച്ചാൽ മനോഹരമായ ഒരു ശൃംഗാരകവിത വായിക്കുന്ന അനുഭവം ആർക്കും ഉണ്ടാകും. ഭക്തിപരവശകളായ കന്യകകൾ ദൈവത്തിൻേറയും യേശുക്രിസ്തുവിൻെറയും പ്രണയിനികളായി തന്നെത്താൻ വിഭാവനം ചെയ്യുന്ന ഒരുരീതി അനന്തരകാലത്തുഉണ്ടായിട്ടുണ്ടെന്നു മാഡേൺറിവ്യൂവിൽ ഒരു പണ്ഡിതൻ അഭിപ്രായപ്പെടുകയുണ്ടായി. പേർഷ്യയിലെ പുരാതനസൂഫികവികൾ ഈശ്വരപരമായ സ്തുതികളിൽ പ്രണയദ്യോതകമായ ഭാഷയും ആശയങ്ങളും ഉപയോഗിച്ചിട്ടുണ്ടു്. ഇങ്ങിനെ നോക്കുമ്പോൾ ഹൈന്ദവേതരങ്ങളായ മതങ്ങളിലും ഈശ്വരനും ഭക്തജനങ്ങളുമായി കാമുകസഹജമായ പ്രണയബന്ധത്തിനു് സ്ഥാനമുണ്ടായിരുന്നതായികാണാൻ കഴിയും. പക്ഷെ ഇൻഡ്യയിൽ അതു ഭക്തിമാർഗ്ഗത്തിൻെറ ഒരു ശാഖയായി പരിണമിച്ചു നിലനിന്നു എന്നുമാത്രമേയുള്ളു. ഒരു പുരുഷനു താൻ ദൈവത്തിൻെറ പുത്രനാണെന്നു ധ്യാനിക്കുന്നതു് ഔചിത്യമാണെങ്കിൽ ഒരു സ്ത്രീ ദൈവത്തിൻെറ ഭാര്യയായി തന്നെത്താൻ സങ്കല്പിക്കുന്നതിൽ എന്താണു അനൌചിത്യമെന്നു് മനസ്സിലാകുന്നില്ല. അഥവാ ഒരു സ്ത്രീക്കു് ഭർതൃബന്ധത്തെക്കാൾ നിർവൃതികരവും പരിശുദ്ധവുമായ മറെറാരുബന്ധമെന്താണുള്ളതു ? വിശേഷിച്ചും 'ഭർത്താവുദൈവം തരുണിമാർക്കൊക്കെയും' എന്നുള്ള ആദർശമനുസരിക്കുന്ന ഒരു ഭാരതീയവനിതയ്ക്കു് ഭർതൃശുശ്രൂഷകൊണ്ടുതന്നെ ഈശ്വരസേവകൂടി നടത്തുവാൻ സാധ്യമായേക്കാം. അത്ര പരിപാവനമാണു് ഭർതൃബന്ധം. ആ ബന്ധം സാക്ഷാൽ ഈശ്വരനിൽതന്നെ ആരോപിക്കുവാനും ഈശ്വരനെത്തന്നെ ഭർത്താവായി കരുതുവാനും സാധിക്കുന്ന ഒരു സ്ത്രീരത്നംതന്നെയല്ലയോ യഥാർത്ഥഭക്ത? പുരുഷന്മാർ അവരവരുടെ ധനവും കുടുംബവും സ്ഥാനമാനങ്ങളുമെല്ലാം ഈശ്വരപ്രേമത്തിനുവേണ്ടി സംത്യജിക്കുന്നു. സ്ത്രീകൾ ഒരുപടികൂടി മുന്നോട്ടുകടന്നു അവരുടെസൽകീർത്തിയേയും പാതിവ്രത്യത്തെത്തന്നെയും ഈശ്വരപ്രേമത്തിനുവേണ്ടികൈവെടിയുന്നു. അതായതു ലോകത്തിൽ ഒരു സ്ത്രീ അമൂല്യമായി വച്ചിരിക്കുന്നസകലതും—ഒരു സ്ത്രീക്കു അവളുടെ പാതിവ്രത്യത്തെക്കാൾ അനർഘമായി മറെറന്താണുള്ളതു ?—അവൾ ഈശ്വരനിൽ ഏകാന്തമായ പ്രേമത്തിനുവേണ്ടി ദൂരെ വലിച്ചെറിയുന്നു. അഥവാ ലൌകികമായി അവൾക്കുള്ള ഭർതൃബന്ധത്തെ സർവ്വപ്രധാനമായ ആത്മീയഭർതൃബന്ധത്തിനുവേണ്ടി അവൾ ഉപേക്ഷിക്കുന്നു. അത്രമേൽ ശക്തിമത്താണു് അവളുടെ ഈശ്വരപ്രേമം. ഇതാണു് ഈവിധമുള്ള ഈശ്വരഭക്തിയിൽ അടങ്ങിയിട്ടുള്ള ആന്തരികമായ തത്വം.

### ഗോപസ്ത്രീകൾ.

ഈ വിധമുള്ള ഒരു ഭർതൃബുദ്ധിയാൽ, പ്രേമപാരമ്യത്താൽ, ഭക്തിയാൽ, പ്രേരിതരായാണു് ഗോപസ്ത്രീകൾ ശ്രീകൃഷ്ണനെതേടി ഓടുന്നതു് എന്നു് ഭാഗവതത്തിൽനിന്നും സുസ്പഷ്ടമായി കാണാം. ഓടക്കുഴൽവിളി കേൾക്കുമ്പോൾ ഗോപസ്ത്രീകൾക്കുണ്ടാകുന്ന ഉൽകണ്ഠയും ശ്രീകൃഷ്ണദർശനത്തിനുള്ള പാരവശ്യവും എത്രമാത്രമെന്നു പറഞ്ഞറിയിക്കാൻ പ്രയാസമാണു്. അവരുടെ ആരാധനാവിഗ്രഹമായ ആ കോമളാകാരത്തിൽ മാത്രം ഏകാഗ്രമനസ്സുകളായാണു് അവർ പ്രയാണംചെയ്യുന്നതു്. ബന്ധുമിത്രാദികളോ സ്വഭർത്താക്കന്മാർതന്നെയോ അവരെ തടഞ്ഞുനിർത്തുവാൻ ശ്രമിക്കുന്നതിനേപ്പററി അവർക്കു യാതൊരുബോധവുമില്ല. ലജ്ജ, അഭിമാനം, അപവാദഭയം മുതലായ സകല മനോവികാരങ്ങൾക്കും അവർ അതീതരായിക്കഴിഞ്ഞിരിക്കുന്നു. അത്രമാത്രം അവർ അനന്യചിത്തവൃത്തികളായി ശ്രീകൃഷ്ണനിൽ ലയിച്ചുകഴിഞ്ഞിരിക്കുന്നു. സാക്ഷാൽ ഈശ്വരാവതാരമായ ശ്രീകൃഷ്ണനിൽ ഏകാഗ്രമായി മനസ്സുനിറുത്തുവാൻ

സാധിക്കുന്നവർ മോക്ഷപ്രാപ്തിക്കു അർഹരാകുന്നപക്ഷം ശ്രീകൃഷ്ണന്റെ കമനീയവിഗ്രഹത്തിനുമാത്രം ഹൃദയാന്തർഭാഗത്തു് സ്ഥാനമുള്ള അനുഗൃഹീതകളായ ഈ ഗോപസ്ത്രീകൾ എന്തുകൊണ്ടു മോക്ഷത്തിനധികാരികളല്ല?

**വിഷയാസക്തിയോ ഭക്തവാത്സല്യമോ?**

വൃന്ദാവനലീലയിൽ ശ്രീകൃഷ്ണൻ അദ്ദേഹത്തിന്റെ കാമസമ്പൂർത്തിക്കായി ഗോപസ്ത്രീകളെ അപഥസഞ്ചാരത്തിനു് പ്രേരിപ്പിക്കുകയാണു് ചെയ്യുന്നതെന്നു പറയുന്നവർ ഭാഗവതാദി ഗ്രന്ഥങ്ങൾ സൂക്ഷിച്ചു വായിച്ചിട്ടുണ്ടോ എന്നു സംശയമാണു്. സാക്ഷാൽ പരമാത്മസ്വരൂപന്റെ അവതാരമെന്നു് അവർക്കു് അറിയാവുന്ന ശ്രീകൃഷ്ണനെ ഭർത്താവായി ലഭിക്കുന്നമെന്നു് ഈ ഗോപസ്ത്രീകൾ എന്നും ഭക്തിപൂർവ്വം പ്രാർത്ഥിച്ചിരുന്നു എന്നു ഭാഗവതത്തിൽതന്നെ തെളിച്ചുപറഞ്ഞിട്ടുണ്ടു്. അപ്പോൾ ഇതു് ശ്രീകൃഷ്ണന്റെ ആഗ്രഹമല്ല ഗോപസ്ത്രീകളുടെ ആഗ്രഹംതന്നെയാണു് എന്നുള്ളതു സ്പഷ്ടമാണല്ലോ. ഭക്തവത്സലനായ ഭഗവാൻ അവരുടെ ആഗ്രഹം സാധിച്ചുകൊടുക്കുന്നുവെന്നു മാത്രമേയുള്ളൂ. ഓടക്കുഴൽ വിളികേട്ടു പാഞ്ഞെത്തുന്ന ഗോപസ്ത്രീകളെ അദ്ദേഹം വേണ്ടുവോളം ഉപദേശിക്കുന്നതിനാണു് ആദ്യം ശ്രമിക്കുന്നതു്:

"എങ്കലേസ്നേഹമവന്നതെന്നാകിലും
മങ്കമാരേനിങ്ങൾ ചിത്തത്തിലൊക്കെയും
പുത്രമിത്രാദിവർഗ്ഗങ്ങളിലേററവും
ചിത്തംരമിച്ചിരുന്നീടുന്നതുകൊണ്ടു്
ഭർതൃശുശ്രൂഷണംചെയ്തു നിന്നങ്ങുപോയ്
ഭർത്തൃവൃന്ദവംശരുണിമാർക്കൊക്കെയും
ഭർത്താവിനെവെടിഞ്ഞന്യനെക്കൈക്കൊൾകി-
ലെത്രയുംനിന്ദ്യംവിധിമതമല്ലല്ലോ.
കേൾക്കയുംകാൺകയുംധ്യാനിക്കയുംചെയ്താൽ
മേൽക്കുമേൽഭക്തിയങ്ങെന്നിലുണ്ടായ്വരും
എപ്പോഴുമൊന്നിച്ചിരുന്നിതെന്നാകില-
ങ്ങല്ലമായ്വന്നുപോംഭക്തിയതിനാലെ
ഇപ്പോഴേപോവിൻമടിയാതെ"

ഈ വാക്കുകളിൽ സ്ഫുരിക്കുന്ന ഉന്നതമനോഭാവം എത്ര പ്രശംസനീയമായിരിക്കുന്നു. ഇതാണോ ഒരു വിഷയാസക്തന്റെ വാക്കുകൾ? കേവലം കാമസംപൂർത്തിയെ ഇച്ഛിക്കുന്ന ഒരാൾ ഈവിധമുള്ള ഒരുപദേശം കൊടുത്തതായി എവിടെയെങ്കിലും കേട്ടിട്ടുണ്ടോ? ഗോപസ്ത്രീകളും ആ ഉദ്ദേശത്തോടുകൂടിയല്ല ചെന്നിരിക്കുന്നതെന്നുള്ളതിനു ഈ വാക്കുകൾ തെളിവല്ലയോ? "കേൾക്കയും കാൺകയും ധ്യാനിക്കയും ചെയ്താൽ മേല്ക്കുമേൽഭക്തി എന്നിലുണ്ടായ്വരും" എന്നുള്ള കൃഷ്ണന്റെ വാക്കുകളിൽനിന്നും ഗോപസ്ത്രീകൾ ശ്രീകൃഷ്ണനിൽ കാമമല്ല ഭക്തിയാണു ഉദ്ദേശിച്ചതെന്നു സ്പഷ്ടമാണല്ലോ. എന്നാൽ അവരുടെ ഈ ഉദ്ദേശത്തിൽ എത്രമാത്രം ആത്മാർത്ഥതയുണ്ടെന്നും അവരുടെ ലൌകികമായ ബന്ധങ്ങൾ മോഹേച്ഛയെ ജയിക്കുന്നില്ലയോ എന്നും അദ്ദേഹം സംശയിക്കുന്നതുകൊണ്ടാണു അവരെ ആദ്യം പിന്തിരിക്കുവാൻ നോക്കുന്നതു്. അതായതു സകല ലൌകികബന്ധങ്ങളും വിട്ടു ശ്രീകൃഷ്ണനെത്തന്നെ ശരണംപ്രാപിക്കുന്നതിനു, അദ്ദേഹത്തിൽതന്നെ ലയിക്കുന്നതിനു, അവർ സന്നദ്ധകളാണോ എന്നു അദ്ദേഹം സംശയിക്കുന്നു. എന്തെന്നാൽ അവർ ഭർതൃമതികളും "പുത്രമിത്രാദിവർഗ്ഗങ്ങളിലേററവും ചിത്തംരമിച്ചിരിക്കുന്നവരും" ആകുന്നു. ആ സ്ഥിതിക്കു മോക്ഷപ്രാപ്തിക്കാവശ്യമുള്ള ഏകാന്തമായ ദൃഢഭക്തി അവരിൽ ഉണ്ടോ എന്നാണു് അദ്ദേഹത്തിന്റെ സംശയം. എന്നാൽ ഗോപസ്ത്രീകളുടെ മറുപടി അവരുടെ ഹൃദയനൈർമ്മല്യത്തേയും ശ്രീകൃഷ്ണനിൽ കേന്ദ്രീകൃതമായ ഭക്തിപാരവശ്യത്തെയും സ്പഷ്ടമായി തെളിയിക്കത്തക്കതായിരുന്നു

"കാഠിന്യവാക്യംപറയുന്നിതോരവാ-
നുഢരാഗേണനിൻമുഖമായ്ഞങ്ങളും
ഭർതൃപുത്രാദികളെയുമുപേക്ഷിച്ചു
മിത്രമാംനിൻപദംസേവചെയ്തീടുവാൻ
വന്നോരുഞങ്ങളെപ്പോകെന്നുചൊൽകിലോ
പിന്നെയെന്തൊന്നുചൊല്ലേണ്ടുദയാനിധേ!
ഭർത്താവുനാരികൾക്കീശ്വരനെന്നതും
ഓർത്താൽജഗൽപതിയല്ലോഭവാൻദൃഢം
നിന്നെഭജിക്കുന്നഞങ്ങളിന്നെന്തിനായ്
അന്യഭർത്താവിനെശ്ശുശ്രൂഷചെയ്യുന്നു
*     *     *     *     *"

ഗോപസ്ത്രീകളുടെ ഈ വാക്കുകൾ കാമവികാരപ്രേരിതമോ അതോ ഭക്തിപാരവശ്യജന്യമോ എന്നു പ്രത്യേകം പറയേണ്ടതുണ്ടോ? ശ്രീകൃഷ്ണപ്രേമത്തിനുവേണ്ടി അവർ സന്യാസിനികളെപ്പോലെ ഭർതൃപുത്രാദി സകല ബന്ധങ്ങളും ഉപേക്ഷിച്ചുകഴിഞ്ഞിരിക്കുന്നു. ശ്രീകൃഷ്ണനെ അവർ സാക്ഷാൽ ജഗൽപിതാവായി വിശ്വസിക്കുകയും ചെയ്യുന്നു. ഇതിൽക്കൂടുതൽ മോക്ഷാർഹതയുള്ള ഭക്തജനങ്ങളുണ്ടോ? ഇങ്ങനെയുള്ള ഭക്തജനങ്ങളെ ഭക്തവാത്സല്യമൂർത്തിയും കരുണാനിധിയുമായ ശ്രീകൃഷ്ണൻ കൈവെടിയുന്നില്ല. ഭർതൃഭാവേന രമിച്ചുകൊള്ളുവാൻ അനുവദിക്കുന്നു. ഇതാണു് അദ്ദേഹത്തിന്റെ മേലുള്ള അപരാധം. ഇതാണു് അദ്ദേഹത്തിന്റെ വിഷയാസക്തി.

പിന്നീടുണ്ടാകുന്ന വിവിധ ലീലാവിശേഷങ്ങളെപ്പോലും പരിശോധിക്കുമ്പോൾ ഗഹനമായ പല ആത്മീയതത്വങ്ങൾ അതിൽനിന്നും കണ്ടുപിടിക്കുവാൻ കഴിയും. ക്രീഡാസമയത്തു ശ്രീകൃഷ്ണൻ ഗോപസ്ത്രീകൾക്കു നിശ്ശേഷം വശഗനായിത്തീർന്നിരിക്കുന്നുവെന്നു അവർക്കു് അഹങ്കാരം തോന്നിയിട്ടുള്ളതായി വെളിപ്പെടുന്ന തൽക്ഷണം അദ്ദേഹത്തെ അവർക്കു കാണ്മാൻ കഴിയാതെയാകുന്നു. നമ്മുടെ വിമർശകന്മാർ ഇതിനെ ശൃംഗാരലീലയ്ക്കു കുറച്ചുകൂടി മോടികൂട്ടുവാനുള്ള ഒരു കൌശലമായി വ്യാഖ്യാനിച്ചേക്കാം. എന്നാൽ അഹങ്കാരം മനസ്സിൽ കയറുമ്പോൾ ഭക്തിയുടെ വിശുദ്ധതയ്ക്കു കോട്ടംതട്ടുന്നുവെന്നും അത്രയ്ക്കു പരമാത്മാവിൽനിന്നു വിദൂരത്വം സംഭവിച്ചുപോകുന്നു എന്നുമുള്ള തത്വമാണു് ഇതിൽനിന്നും ബുദ്ധിമാന്മാർ മനസ്സിലാക്കുന്നതു. ശ്രീകൃഷ്ണനെ കാണാഞ്ഞിട്ടു കരഞ്ഞും ഭജിച്ചും അഹംകാരശമനംവരുന്ന ഗോപസ്ത്രീകളുടെമുമ്പിൽ പിന്നെയും പ്രത്യക്ഷനാകുമ്പോൾ ഈ തത്വംതന്നെ അദ്ദേഹം സുസ്പഷ്ടമായി ഇപ്രകാരം പ്രസ്താവിക്കുന്നു.

"ഇന്നുമദമാനമേറിയനിങ്ങൾക്കു-
മെന്നിലെഭക്തിക്കുചഞ്ചലമൂലമായ്.
മാനമടക്കു വിശുദ്ധഭക്ത്യർത്ഥമായ്.
മാനിനിമാരേ മറഞ്ഞുനിന്നേനഹം
ഞാനതിഹീനൻജളൻസ്ത്രീവശനെന്നു
മാനസേനിങ്ങൾക്കുതോന്നരുതേതുമേ
ഭക്തവാത്സല്യമെന്നോളമീശന്മാർക്കു
ചിത്തത്തിലാക്കുമില്ലെന്നുറച്ചീടുവിൻ
ചിത്തശുദ്ധ്യാഭക്തിയെന്നിലുണ്ടാകയാൽ
ചിത്തത്തിൽനിങ്ങൾക്കുപ്രത്യക്ഷനായിപ്പോൾ
ഇന്നിനിമുന്നേക്കണക്കേരമിച്ചാലും
മുന്നമുണ്ടായദുഃഖംകളഞ്ഞിടുവിൻ"

രാസക്രീഡയുടെ ആന്തരതത്വം ഇതിൽ എത്രയും സ്പഷ്ടമായി പ്രസ്താവിച്ചിരിക്കുന്നു. അതിൽ ശൃംഗാരമാണോ പരിശുദ്ധമായ ഭക്തിയാണോ സ്ഫുരിക്കുന്നതെന്നു തീരുമാനിക്കുവാൻ വിമർശകന്മാർ വീണ്ടുംവീണ്ടും ഈ ഭാഗം വായിച്ചുനോക്കേണ്ടതാണു്.

**ഓരോ ഗോപികയ്ക്കും ഓരോ കൃഷ്ണൻ.**

ഗോപികമാർ ശ്രീകൃഷ്ണനെ കാണാതെ പരവശകളായി നടക്കുമ്പോൾ പാടിയ ഗീതത്തെ ഗോപികാഗീതമെന്നു പറയുന്നു. ഇതിലും പ്രധാനമായി കാണുന്നതു ഭക്തിരസമാണു്. ബൈബിളിൽ സോളമന്റെ ഗീതത്തിലെപ്പോലെ ഇതിലെ ഭാഷയ്ക്കും ശൃംഗാരച്ഛായയുണ്ടെങ്കിലും സൂക്ഷിച്ചു പരിശോധിച്ചുനോക്കുമ്പോൾ ഈശ്വരസാക്ഷാല്ക്കാരത്തിനുവേണ്ടി ഒരുസംഘം ഭക്തജനങ്ങൾ ഹൃദയംഗമമായ നടത്തുന്ന ഒരു പ്രാർത്ഥനയായേ ഇതിനു അർത്ഥ തോന്നുകയുള്ളൂ. ഒടുവിൽ ഭക്തവത്സലനായ ഭഗവാനെ ഭർതൃഭാവേന ധ്യാനിച്ച നിർമ്മലഭക്തകളായ ഗോപികകൾക്കു ന്യായമായി ലഭിക്കേണ്ടതായ ആനന്ദം സംജാതമാകുന്നു. ഓരോ ഗോപികയും ശ്രീകൃഷ്ണനിൽ രമിക്കുന്നു ഓരോരുത്തിയുടെയും മുമ്പിൽ ഓരോ കൃഷ്ണൻവീതം ഉള്ളതായി അവർക്കു തോന്നുന്നു- അവരുടെ അന്തരാത്മാവു ആ പരാശക്തിയിൽ ലയിക്കുന്നു. അവർ ആനന്ദതുന്ദിലയായി ആത്മനിർവൃതിയിൽ ആറാടുന്നു.

**നിസ്സംഗനായ കർമ്മയോഗി.**

എന്നാൽ ശ്രീകൃഷ്ണനാകട്ടെ ഈ ലീലകളിലെല്ലാം കേവലം നിസ്സംഗനായിട്ടാണു നിലകൊള്ളുന്നതു്. ഈവക കർമ്മങ്ങൾക്കെല്ലാം ആധാരഭൂതനാണെങ്കിലും അദ്ദേഹം ഇതൊന്നും സ്വയം അനുഭവിക്കുന്നില്ല. ഈ പരമാർത്ഥം ഭാഗവതത്തിൽ വ്യക്തമായി പറഞ്ഞിട്ടുള്ളതാണു്- രാസക്രീഡയ്ക്കു വശംവദനായമൂലം ശ്രീകൃഷ്ണനിൽ പരദാരഗമനമെന്ന അപരാധം ചുമത്തേണ്ടതല്ലയോ എന്നുള്ള പരീക്ഷിത്തിന്റെ ചോദ്യത്തിനു ശ്രീശുകൻ പറയുന്ന മറുപടിയാൽ ശ്രീകൃഷ്ണന്റെ നിലയെ വ്യക്തമാക്കിയിട്ടുണ്ടു്.

"കർമ്മസാക്ഷിജഗദീശ്വരനാകയാൽ
കർമ്മങ്ങൾസംബന്ധമില്ലവന്നേതുമേ
സൂര്യപ്രഭയാൽ നടക്കുന്നുകർമ്മങ്ങൾ
സൂര്യനില്ലകർമ്മബന്ധങ്ങളൊന്നുമേ."

എന്നാണു ശ്രീശുകൻ, രാസക്രീഡയിൽ ശ്രീകൃഷ്ണന്റെ ബന്ധത്തെപ്പററി പറഞ്ഞിരിക്കുന്നതു്. സൂര്യന്റെ വെളിച്ചത്തിൽ ജീവജാലങ്ങൾ കർമ്മങ്ങളിൽ മുഴുകുന്നു. എന്നാൽ സൂര്യനു ഈ കർമ്മങ്ങളോടു യാതൊരു ബന്ധവുമില്ല. അതുപോലെ ശ്രീകൃഷ്ണന്റെ സാന്നിദ്ധ്യത്തിൽ ഗോപികമാർ അദ്ദേഹത്തിൽ രമിച്ചു എന്നാൽ ആന്തരികമായി അദ്ദേഹത്തിനു ആ ലീലകളിൽ യാതൊരു വികാരവുമില്ല, ബന്ധവുമില്ല.

അഥവാ അൎജ്ജുനന്നു നിസ്സംഗമായ കൎമ്മയോഗം ഉപദേശിച്ചുകൊടുത്ത ശ്രീകൃഷ്ണന് എന്തിനോടാണാസക്തിയുള്ളതു്? എന്തിലാണു വികാരമുള്ളതു്? സ്വജനങ്ങളുൾപ്പെട്ട സൈന്യത്തെ മുഴുവൻ സേനാനായകന്മാരോടുകൂടി കൗരവപക്ഷത്തുകൊടുത്തിട്ടു പാണ്ഡവപക്ഷത്തെ പ്രധാന കാൎയ്യധുരീണനായിനിന്നു ആ സൈന്യങ്ങൾ മൃതിയടയുന്നതുകണ്ടുകൊണ്ടു സമാധാനചിത്തനായിരുന്നിട്ടുള്ള ഒരു അപ്രമേയസ്വഭാവനാണു ശ്രീകൃഷ്ണൻ; സ്വന്തം ബന്ധുമിത്രാദികളായ വൃഷ്ണിവംശംമുഴുവൻ കലഹിച്ചു നശിക്കുന്നതിനെ നിൎവ്വികാരനായി നോക്കിനിൽക്കുന്നതിനു ഈ മായാമനുഷ്യനു യാതൊരു വൈഷമ്യവുമില്ലായിരുന്നു. തന്റെ ബഹുമാനപാത്രങ്ങളായ അനേക മഹാരഥന്മാരുടെ ജീവരക്തം പുഴപോലെ ഒഴുക്കിയ കുരുക്ഷേത്രയുദ്ധം ശ്രീകൃഷ്ണനു കേവലം ഒരു ബാലലീലയായിരുന്നു. ഈവിധം നിൎവ്വികാരനും അചിന്ത്യമായ ചിത്തവൃത്തികളോടുകൂടിയവനുമായി തോന്നുന്ന ഈ അമാനുഷപുരുഷൻ കേവലം ശൃംഗാരത്തിൽ ലയിച്ചുപോയി എന്നു പറയുന്നതിൽ വല്ല അൎത്ഥവുമുണ്ടോ?

അനുഭവംകൊണ്ടും ഒരു ആത്മീയപുരുഷൻ.

രാസക്രീഡയിലെ ശ്രീകൃഷ്ണൻ ഒരു ശൃംഗാരപുരുഷൻ മാത്രമാണെന്നു ധരിച്ചുവച്ചിട്ടുള്ളവർ വൈഷ്ണവന്മാരായ ഭക്തപരമ്പരകളുടെ ചരിത്രങ്ങളിലേക്കു ഒന്നു കണ്ണോടിച്ചുനോക്കട്ടെ. രാധാമാധവന്മാരുടെ ലീലകളിൽ ഈശ്വരസാക്ഷാൽകാരം സിദ്ധിച്ചിട്ടുള്ള എത്രയോ ഭക്തശിരോമണികൾ ഹിന്ദുസ്ഥാനത്തെ അലങ്കരിച്ചിരുന്നു! ചൈതന്യായനൻ എന്ന മഹാഭക്തനായ കവി സന്മാൎഗ്ഗചൎയ്യകളിൽ ദൃഢനിഷ്ഠനും ബാല്യംമുതൽക്കേ സന്യാസവൃത്തികൊണ്ടു ജീവിതം കഴിച്ചിട്ടുള്ള ത്യാഗിവൎയ്യനുമായിരുന്നു എങ്കിലും അദ്ദേഹത്തിന്റെ ആരാധനാമൂൎത്തി വൃന്ദാവനത്തിലെ രാധാകൃഷ്ണനായിരുന്നു സ്വന്തംഗാനങ്ങളിൽ സ്തുതിച്ചിട്ടുള്ള ഗോപികാരമണനായ കൃഷ്ണനെ ധ്യാനിച്ചുകൊണ്ടുതന്നെ അദ്ദേഹം ദീൎഘമായ സമാധികളിൽ ലയിച്ചിരിക്കുക പതിവായിരുന്നുവെന്നു അദ്ദേഹത്തിന്റെ ജീവിതചരിത്രത്തിൽ കാണുന്നു. ഇതുപോലെ ജയദേവൻ ചണ്ഡിദാസൻ മുതലായ ഭക്തശിരോമണികളും വൃന്ദാവനത്തിലെ ശ്രീകൃഷ്ണനെ ധ്യാനിച്ചു മുക്തിഅടഞ്ഞിട്ടുള്ളവരാണു്. ഇതിനു പുറമെ അപ്രസിദ്ധന്മാരായ എത്രയോ ഭാഗവതോത്തമന്മാർ ഇതുപോലെ ഭാരതത്തിന്റെ നാനാഭാഗങ്ങളിലുമുണ്ടായിട്ടുണ്ടു്. ഈഭാഗം വിചാരിച്ചുനോക്കുമ്പോൾ വൃന്ദാവനത്തിലെ ശ്രീകൃഷ്ണൻ യുക്തികൊണ്ടുതന്നെയല്ല അനുഭവംകൊണ്ടും ഒരു ആത്മീയപുരുഷൻതന്നെയെന്നു ബോദ്ധ്യപ്പെടുന്നു.

നിസ്തുല്യമായ ഒരു സാഹിത്യപ്രഭവം.

ചിലർ പറയുന്നതുപോലെ ശ്രീകൃഷ്ണൻ ഒരു കല്പിതകഥാപുരുഷൻതന്നെ ആയിക്കൊള്ളട്ടെ. എന്നാലും തരക്കേടില്ല. നിസ്തുലനും വിചിത്രചരിത്രനുമായി ഇങ്ങനെയൊരു മഹാപുരുഷനെ ഭാവനംചെയ്തു കല്പനാശക്തികൊണ്ടുതന്നെ ഭാരതം ധന്യമായിക്കഴിഞ്ഞിരിക്കുന്നു. അനവധി നൂററാണ്ടുകളായി അസംഖ്യം ഭക്തന്മാരായ കവികളുടെ ഹൃദയഭാഷയെ പ്രചോദിപ്പിച്ചിട്ടുള്ള വൃന്ദാവനത്തിലെ ആ കോമളവിഗ്രഹം ഭക്തഹൃദയത്തിനെന്നപോലെ കവിഹൃദയത്തിനും അനശ്വരമായ ഒരമൂല്യസമ്പത്തുതന്നെയാണു്. ഇത്ര ഭാവനാഭാസുരവും, സംഗീതസുഭഗവും സൗന്ദൎയ്യധാമവുമായ ഒരു നിതാന്തസാഹിത്യപ്രഭവം ലോകത്തിൽ മററവിടെയാണുള്ളതു്? ജയദേവൻ വിദ്യാപതി മുതലായവർ തുടങ്ങി എത്രയോ മഹാകവികൾക്കു ഗാനവിഷയമായി അതു അനശ്വരപ്രതിഷ്ഠയെ പ്രാപിച്ചുകഴിഞ്ഞിരിക്കുന്നു. ഉത്തരഇൻഡ്യയെ പുരാതനകാലംമുതൽക്കേ ഇതു ഗാനമധുരിയിൽ മജ്ജനം ചെയ്യിച്ചിട്ടുണ്ടു. ടാഗൂർ എന്ന ആധുനികവിശ്വസാഹിത്യകാരന്റെ ഗീതങ്ങൾ വായിക്കുമ്പോഴും വൃന്ദാവനത്തിലെ ആ വേണുഗാനം അദ്ദേഹത്തിന്റെ ഹൃദയതന്ത്രികളെ എത്രമാത്രം സ്പൎശിച്ചിട്ടുണ്ടെന്നു കാണ്മാൻ കഴിയും. ഒരുപക്ഷെ കാലവിപൎയ്യയംകൊണ്ടു ഹൈന്ദവസാഹിത്യത്തിലെ പുരാണകഥാസമ്പത്തു മുഴുവൻ വിസ്മൃതപ്രായമായിപ്പോയേക്കാം. എന്നാലും വൃന്ദാവനത്തിലെ ആ കോമളബാലവിഗ്രഹവും, ആ വേണുഗാനസ്വനവും, അതു കേട്ടാനന്ദിക്കുന്ന പശുവൃന്ദവും, ആ പ്രകൃതിവിലാസവും, സൎവ്വോപരി ഗോപസ്ത്രീകൾ അനുഭവിച്ച ആ ദിവ്യാനന്ദനിൎവൃതിയും, ഭാവനാലോകത്തുനിന്നും ഒരുകാലത്തും മാഞ്ഞുപോകയില്ലതന്നെ.


# THE STATE AIDED BANK OF TRAVANCORE Ltd.

(Under the Patronage of and largely supported by the Government of H. H. The Maharajah of Travancore.)

**CHAIRMAN:- K. C. PANDALA B. Sc. (LOND.)**

| | | |
|---|---|---|
| Subscribed Capital | :- | 15,60,400. |
| Capital Paid up | :- | 7,93,589 3 11. |
| Reserve and other Funds | :- | 2,23,500. |

**HEAD OFFICE:- ALLEPPEY.**

**Branches: Trivandrum, Changanacherry, Cochin and Quilon.**

**Sub-Offices: Ernakulam, Kayamkulam and Kottayam.**

Current Deposit Accounts opened and Fixed Deposits received on terms which may be ascertained on application.

Every kind of Banking Business transacted

For Particulars apply to

C. KRISHNA MENON M.A.
MANAGER ALLEPPEY.

or to the
CHAIRMAN
COLLEGE BUILDINGS
ESPLANADE, MADRAS

# ബുദ്ധമതതത്വങ്ങൾ

കെ. പി. ഗോപാലമേനോൻ.

## അദ്ധ്യായം ൧൧.

### നിർവ്വാണം.

"പ്രഥമവയസിദത്തം തോയമല്പംസ്മരന്തഃ
ശിരസിനിഹിതഭാരാ നാളികേരാനരാണാം
സലിലമമൃതകല്പം ദദ്യുരാജീവനാന്തം
നഹികൃതമുപകാരം സാധവോവിസ്മരന്തി"

"ഞാൻ നിർവ്വാണമാർഗ്ഗം കണ്ടുകഴിഞ്ഞിരിക്കുന്നു. എന്നാൽ ആദ്യമായി ഈ തത്വങ്ങളേ ആൎക്കാണു് മനസ്സിലാക്കേണ്ടതു്. എന്റെഗുരുനാഥന്മാർ ജീവിച്ചിരിക്കുന്നില്ല. ഉണ്ടായിരുന്നെങ്കിൽ അവൎക്കു ഈ സ്ഥിതിവ്യത്യാസം അറിഞ്ഞു അളവററ സന്തോഷം ഉണ്ടായി തന്മൂലം ഞാൻ അനുഗ്രഹീതനാകുമായിരുന്നു. എന്റെ പഞ്ചശിഷ്യന്മാരോ അവർ ജീവിച്ചിരുപ്പുണ്ടല്ലോ. ഞാൻ ആദ്യം അവരെ കണ്ടുപിടിച്ചു് മോക്ഷമാൎഗ്ഗങ്ങളെ അവൎക്കു മനസ്സിലാക്കാം" എന്നു ബുദ്ധൻ വിചാരിക്കയും നിശ്ചയിക്കയുംചെയ്തു.

അക്കാലത്തു് ഈ അഞ്ചുശിഷ്യന്മാരു കാശിയിൽ ഒരു ഗുഹയിൽഇരുന്നു തപസ്സുചെയ്തുവന്നു. തന്നേവിട്ടു് പെട്ടെന്നുപോയതിൽ അന്യഥാവിചാരിക്കാതെ തനിക്കു് ഒരു കാലത്തു അവരിൽനിന്നുംഉണ്ടായ ഉപകാരത്തെമാത്രംഓൎത്തു് അവർ ഇരിക്കുന്ന സ്ഥലത്തേക്കു ബുദ്ധൻ പോകുകയും അവർ അനുഷ്ഠിച്ചുവരുന്ന അതികഠോരമായ നിഷ്ഠയെകണ്ടു് അത്ഭുതപ്പെടുകയും ചെയ്തു.

സിദ്ധാൎത്ഥനെ മുമ്പുകണ്ടു പരിചയമുള്ള "ഉപകൻ"എന്ന ഒരു ബ്രാഹ്മണയുവാവു്, വഴിമദ്ധ്യേ അദ്ദേഹത്തെ കാണ്മാൻ ഇടയായി. "അവിടുത്തെ തേജസ്സു് അത്യത്ഭുതമാണു്. കുറച്ചുകാലത്തിനിടയ്ക്കു് അവിടുത്തെ മുഖത്തിനും വിശിഷ്യ ദൃഷ്ടികൾക്കും ഉണ്ടായിട്ടുള്ളമാററംകണ്ടാൽ എന്തോ ഒരുവലിയ സംഭവം ഉണ്ടായിട്ടുള്ളതുപോലെ തോന്നുന്നു" എന്നു ഉപകൻ അറിയാതെ വിളിച്ചുപറഞ്ഞുപോയി.

ഇതുകേട്ടു പുഞ്ചിരിയോടുകൂടി ബുദ്ധൻ മറുപടിയായി "അഹം എന്നുള്ള മായാവൈഭവത്തെ കളഞ്ഞു് എനിക്കു അസംഗത്വം എന്ന സ്ഥിതി കിട്ടിയിരിക്കുന്നു" എന്നുപറഞ്ഞു. ഇതിനാൽ എന്റെ ശരീരത്തിനും മനസ്സിനും വലിയ വ്യത്യാസമുണ്ടായി അനിത്യമായ സച്ചിദാനന്ദം എനിക്കു് ലഭ്യമായിരിക്കുന്നു. എനിക്കു നിർവ്വാണം ലഭമായി. ഇതാണു നിങ്ങൾകാണുന്ന മാററങ്ങൾക്കുകാരണം. എന്നുംകൂടി ബുദ്ധൻ പറഞ്ഞു ഇതെന്തുകൊണ്ടുംപോരാ എന്നുതോന്നി വീണ്ടും "ഭൂലോകത്തിൽ സത്യം സ്ഥാപിക്കുവാനും, മായാബാധത്താൽ അജ്ഞാനികളായി വലയുന്ന മനുഷ്യൎക്കു ആത്മദീപത്താൽ ശരിയായ വഴികാട്ടുവാനും, അനിത്യസ്ഥിതിവിട്ടു നിത്യാവസ്ഥയെ അവർ പ്രാപിക്കുവാനും, വേണ്ടതുചെയ്യാൻ ഞാൻ ജാഗരൂകനായിരിക്കുന്നു" എന്നും പറയുകയുണ്ടായി.

ഇതിനുമറുപടിയായി "ഈ ലോകത്തെ അടക്കുവാനുള്ള പരമശുദ്ധനും, നിത്യനും അവിടുന്നുതന്നെയാണോ" എന്നു ഉപകൻ ചോദിച്ചു.

അതെ എന്നു് അദ്ദേഹം സധൈൎയ്യം പറഞ്ഞതുകേട്ടു് ആശ്ചൎയ്യപ്പെട്ടു സാഷ്ടാംഗം നമസ്കരിച്ചു് ഉപകൻ വന്നവഴിപോയി.

അവരുടെ പൂർവ്വഗുരു നടന്നുവരുന്നതിനെ ആ അഞ്ചുഭിക്ഷുക്കളുംകണ്ടു അദ്ദേഹം ഗുരുവായിരുന്നു എന്നുള്ളതു അറിയാത്തവിധത്തിൽ ഇരിക്കുവാൻ അവർ തീർച്ചയാക്കി. ഇതിനുകാരണം അദ്ദേഹം സന്യാസംത്യജിച്ചു് ഇഹലോകവ്യാപാരങ്ങളിൽചേൎന്ന ഭിക്ഷുഅല്ലാതെ കേവലം ഗൌതമനായി സഞ്ചരിക്കുന്നു എന്നു് അവർ വിചാരിച്ചതാണു്.

എന്നാൽ നമ്മുടെ മഹാൻ അടുത്തുഉടൻ തന്നത്താൻ അറിയാതെ അവർ പെട്ടെന്നു എണീററു അദ്ദേഹത്തെ നമസ്കരിച്ചു. എങ്കിലും അവർ അദ്ദേഹത്തെ പേർപറഞ്ഞു വിളിച്ചു കുശലപ്രശ്നങ്ങൾ ആരംഭിച്ചു.

ഇതുകേട്ടു് ആദ്യമായി "എന്റെപേരാൽ എന്നെ വിളിക്കുന്നതു് ശരിയല്ല. ഇപ്പോൾ എനിക്കു സിദ്ധിച്ചിരിക്കുന്ന സ്ഥിതിയിൽ ഞാൻ തപസ്സിനാൽ മോക്ഷം നേടേണ്ട ആവശ്യമില്ല. എനിക്കു നിങ്ങൾ അറിയാതെ ചവിട്ടിപ്പോകുന്ന ഒരു കീടവും, ഏററവും ബഹുമാനപുരസ്സരം വന്ദിച്ചുവരുന്ന ഒരു മനുഷ്യനും ഒന്നുപോലെയാണു്. പുരുഷൻ, സ്ത്രീ എന്നുള്ള വ്യത്യാസം ഞാൻ കാണുന്നില്ല. അതുകൊണ്ടു് ഞാൻ ലൌകികകാൎയ്യങ്ങളിൽ ആസക്തനാണെന്നു് നിങ്ങൾ ശങ്കിക്കേണ്ട. കർമ്മയോഗാനുഷ്ഠാനത്താൽ നിർവ്വാണപദവി കിട്ടുമെന്നുള്ളതാണു് എന്റെ ദൃഢവിശ്വാസം" എന്നു് ബുദ്ധൻ പറഞ്ഞു.

തപസ്സിനാൽമാത്രം മോക്ഷം കിട്ടുന്നതല്ല. അതിനാൽ ലൌകികാനുസരണമായ ജീവിതത്താൽ കിട്ടുമെന്നല്ലാ ഞാൻ പറയുന്നതു്. രണ്ടിനു മദ്ധ്യേയുള്ള ശരിയായജീവിതത്താലാണു് മോക്ഷപ്രാപ്തിയുണ്ടാകുന്നതു്. മായാബന്ധംവിടാത്ത ഒരു മനുഷ്യനു നഗ്നനായി നടക്കുന്നതിനാലോ, തലമുടിമുഴവനും ക്ഷൌരംചെയ്തു് കാഷായവസ്ത്രംധരിച്ചു്, ഭസ്മാലേപനവുംചെയ്തു ആളുകൾ കേൾക്കത്തക്കവണ്ണം നാമോച്ചാരണംചെയ്യുന്നതിനാലോ മോക്ഷം കിട്ടുകയില്ല. തലമുടിയുംമററും ദീൎഘമായി വളൎത്തി ജടയുണ്ടാക്കി, മരവിരിഉടുത്തു് അഗ്നിഹോമവും ചെയ്തു, തീയിൽ നടക്കുക ഇരുമ്പു് ആണിയിൽ കിടക്കുക, വെയിലും മഴയും ഏല്ക്കുക, എന്നങ്ങനെ ജീവിക്കുന്നതിനാലും അതു് സുലഭമല്ല. കാമം, ക്രോധം, അസൂയ, വഞ്ചന, അഹംഭാവം, ദോഷവിചാരങ്ങൾ– എന്നിങ്ങനെയുള്ള മാലിന്യങ്ങളെ ശുദ്ധപ്പെടുത്തിയാൽമാത്രമേ ഹൃദയശുദ്ധി ഉണ്ടാകൂ. ഇതിനെ സഹായിക്കാനായും ശരിയായ സ്ഥിരതവരുവാനുമായി മത്സ്യം, മാംസം, മദ്യം എന്നിവകളെ വൎജ്ജിക്കണം. ഇപ്രകാരം ഹൃദയശുദ്ധിചെയ്താൽമാത്രം മോക്ഷത്തിനായി ആഗ്രഹിക്കാം. വേദപാരായണം, ക്ഷേത്രങ്ങളിൽ വഴിപാടുകൾ, ബ്രാഹ്മണദക്ഷിണ എന്നിവയാൽമാത്രം ഇതിനു് ആഗ്രഹിക്കുന്നതും മൌഢ്യമാണു്. ഈമാൎഗ്ഗങ്ങളാൽമാത്രം കൈവല്യം ഒരുവനും സിദ്ധിച്ചിട്ടില്ല, സിദ്ധിക്കയുമില്ല എന്നു് ഞാൻ സധൈൎയ്യം പറയാം എന്നുകൂടി അദ്ദേഹം പറഞ്ഞു "അല്ലയോ ഭിക്ഷുക്കളേ! രണ്ടുമാൎഗ്ഗങ്ങൾക്കും മദ്ധ്യമായിഉള്ള ഒരു നല്ല മാൎഗ്ഗം ഞാൻ നിങ്ങളെ മനസ്സിലാക്കാം മഴയും വെയിലുംഏററു്, യാതൊരു ദേഹസുഖത്തേയുംനോക്കാതെ വിശപ്പും ദാഹവും വിസ്മരിച്ചു തപസ്സുചെയ്യുന്നതിനാൽ മനഃസ്ഥിരത ഉണ്ടാകാതെ കേവലം പ്രകൃതിമാത്രം മാറുന്നതെ ഉള്ളൂ. ഇഹലോകജീവിതത്തിൽതന്നെ പഞ്ചേന്ദ്രിയങ്ങളെ വേണ്ടവിധംവശംവദപ്പെടുത്തുവാൻ കഴിയുകില്ലയോ? വിളക്കണ്ടെങ്കിലും അതിൽ വെള്ളം ഒഴിച്ചു കത്തിച്ചാൽ വെളിച്ചം കാണുമോ. എരിയാത്ത വസ്തുക്കളിൽ തീപിടിപ്പിച്ചാൽ തീകത്തുമോ.

"മുൻവിവരിച്ചപ്രകാരമുള്ള തപസ്സ്, ദുഃഖകരവും, ഫലഹീനവും, ദോഷപ്രദവും ആണെന്നാണു് എന്റെ അഭിപ്രായം. ഇങ്ങനെ കഷ്ടപ്പെട്ടുള്ള ജീവിതത്താൽമാത്രം കാമക്രോധമോഹാദികൾ തീരുമോ? ഇല്ലാതിരുന്നാൽ ഇപ്രകാരമുള്ള ജീവിതം ആത്മഹത്തിക്കു് കാരണമല്ലേ.

"ആത്മാവുള്ളകാലത്തോളം ഈവിധമുള്ള തപസ്സ് വെറുതേയാണു്. ആ ആത്മശുശ്രൂഷയ്ക്കും വികാസത്തിനും ശരീരപോഷണം അത്യാവശ്യമാണു്. അതിനാൽ ശരീരാവശ്യാനുസരണം ശരിയായയുള്ള ഭക്ഷണംകഴിച്ചു് ശരീരത്തെ ശരിയാക്കി തന്മൂലം ആത്മവികാസംവരുത്തുഗിൻ

ജീവിതാവശ്യങ്ങളായ ശരിയായ മാർഗ്ഗങ്ങളെ അനുകരിക്കുന്നതിൽ ദോഷം ഇല്ല. ചുററും വെള്ളം ഉണ്ടെങ്കിലും ആ വെള്ളം താമരഇലയെ നനയ്ക്കുന്നുണ്ടോ. ഇതുപോലെയാണു് ആത്മാവും. ജ്ഞാനമായ ദീപം ശരിയായി എരിഞ്ഞു മായ ആയ ഇരുട്ടിനെനോക്കി ശരിയായ വെളിച്ചം തരണമെങ്കിൽ ആ ജ്ഞാനത്തെ ഉണ്ടാക്കിസംരക്ഷിച്ചുവരേണ്ടശക്തി ദേഹത്തിനു ഉണ്ടായിരിക്കണം. അല്ലെങ്കിൽ നമ്മുടെ മനസ്സിനെ ശരിയായും തെളിവായും വയ്ക്കുവാൻ നമുക്കു സാധിക്കയില്ല."

ഈ ഉപദേശത്താൽ കൊടുംതപസ്സ്ചെയ്തും പലവിധത്തിലും ശരീരദുഃഖം അനുഭവിച്ചും ഇരിക്കുന്ന ഭിക്ഷുക്കൾക്കു കുറച്ചൊരു ഇളക്കംഉണ്ടാക്കി. ഇതു മനസ്സിലാക്കി ബുദ്ധൻ ഇവൎക്കു ശരിയായി നിർവ്വാണത്തിനു കൎമ്മയോഗംമൂലം സുലഭമായ മാർഗ്ഗത്തെ ഉപദേശിക്കുവാൻതുടങ്ങി.

ഈ തത്വങ്ങൾ പരസ്യമായി ലോകോപകാരാൎത്ഥം പ്രസംഗരൂപേണ ബുദ്ധൻ വിളിച്ചുപറയുവാൻ തുടങ്ങി. ഭൂലോകത്തി

ന് ആകപ്പാടെ ഒരു ചലനം ഉണ്ടായി. ദേവന്മാർക്കൂടി ആ രൂപത്തേവിട്ടു ഭൂജാതരായി. ഇഹലോകം വിട്ടുപോയി സ്വർഗ്ഗം പ്രാപിച്ച മഹാത്മാക്കൾക്കൂടി ഈ തത്വങ്ങൾ കേട്ടു മനസ്സിലാക്കുവാനായി വീണ്ടും ജനനം സ്വീകരിച്ചു മനുഷ്യാകൃതിയായിവന്നുകൂടിത്തുടങ്ങി. തഥാഗതൻെറ വാക്കുകൾ കേട്ടു മൃഗങ്ങൾക്കൂടി അനുഗൃഹീതങ്ങളായി എന്നുവേണ്ട ആകപ്പാടെ ഒരു മാററം എല്ലായിടത്തും പ്രത്യക്ഷമായി കണ്ടുതുടങ്ങി ഈ സ്ഥിതിയും തന്നിൽ ജനങ്ങൾക്കുള്ള വിശ്വാസവും മനസ്സിലാക്കി ഉദാഹരണസഹിതം താഴേപറയുന്നവിധം ഒരുപ്രസംഗം ബുദ്ധൻ ചെയ്യാൻതുടങ്ങി

ലോകചക്രത്തിൻേറ കഴികൾ (Spokes) ശരിയായ ജീവിതമാണു്. ന്യായം അവയുടെ നീളമാണു്. ശരിയായജ്ഞാനം അതിൻെറ (Tyre) ചട്ടയാണു്. ദീർഘാലോചന, മര്യാദ എന്നിവ ആ ചക്രത്തിൽ ഘടിപ്പിച്ചിരിക്കുന്നു സത്യം എന്ന അച്ചിരുമ്പിൻെറ (axle) കുടം ആണു് (hub)

ഇഹലോകത്തിലേ കഷ്ടതകളേ കാരണസഹിതം മനസ്സിലാക്കി ശരിയായവിധം അവയേ മാററുവാൻ മാർഗ്ഗം കാണുന്നവൻ നിത്യസ്ഥിതിയേ മനസ്സിലാക്കി അതിനുള്ള മാർഗ്ഗങ്ങളെ തുടരുന്നവനാണു്. അവൻേറ മാർഗ്ഗത്തിൽ വെളിച്ചം കാണിയ്ക്കുന്ന ദീപം ശരിയായ അഭിപ്രായവും, ആ മാർഗ്ഗത്തിൽക്കൂടി പോകുന്നതിനു് അവനേ സഹായിക്കുന്നതു് ശരിയായ ഉദ്ദേശവും, ഇടയ്ക്കിടയ്ക്കു മാർഗ്ഗങ്ങളിൽ ക്ഷീണം മാറാൻഇരിക്കുവാൻ ഉതകുന്ന സ്ഥാപനങ്ങൾ ശരിയായ പ്രവൃത്തികളുംആണു്. ക്ഷീണനിവാരണത്തിനു മാർഗ്ഗത്തിൽ അവൻ കഴിക്കുന്ന ലഘുഭക്ഷണം ശരിയായ ജീവിതഫലങ്ങളും, ശരിയായ ഉദ്യമം അവൻെറ കാലടികളും ശരിയായ വിചാരങ്ങൾ അവൻേറ ശ്വാസങ്ങളുംആയിത്തീരുകയും ഈ മാർഗ്ഗത്തിൽക്കൂടിയുള്ള യാത്രയുടെ അവസാനത്തിൽ അവൻ "ശാന്തി" എന്ന മഹാക്ഷേത്രത്തിൽ ചെന്നുചേരുകയും ചെയ്യുന്നു.

ഇതിനോടുകൂടി മായയുടെ അനിത്യതയേപ്പററിയും ബുദ്ധൻ പ്രസംഗിച്ചു. ജനിച്ചതെല്ലാം നശിക്കും. അഹംഭാവം ഇതിനു അകാലത്തിൽകാരണമായിത്തീരും. ഇരുട്ടത്തു ഒരു പാശത്തിൽ ചവിട്ടി; സപ്പത്തിന്മേൽ ചവിട്ടി എന്നു തോന്നിയുടൻ ആ സപ്പത്തിൻേറ ഫണം, അതിൻേറ ദംശനത്താൽ ഉണ്ടാകാവുന്ന മരണം, എന്നിവ നമ്മുടെ മനസ്സിൽതോന്നി നാം ഭയപ്പെടുന്നില്ലേ എന്നാൽ അതു വെറും കയറാണു് എന്നു് വെളിച്ചംകൊണ്ടു് നോക്കി മനസ്സിലാക്കുമ്പോൾ എന്തു് സമാധാനമാണു നമുക്കുണ്ടാകുന്നതു്. ഇതിനെല്ലാം കാരണം അജ്ഞാനമല്ലേ. മായാചേഷ്ടകളല്ലേ. ശരിയായി ആലോചിച്ചുനോക്കുവിൻ.

അഹംഭാവംകൊണ്ടാണു ഈ വികാരവ്യത്യാസങ്ങൾ ഉണ്ടാകുന്നതെന്നു വേഗം മനസ്സിലാക്കുതോ. ഇഹലോകദുഃഖങ്ങൾക്കും കഷ്ടങ്ങൾക്കും നഷ്ടങ്ങൾക്കും എല്ലാം കാരണം ഈ അഹംഭാവവും തന്മൂലം ഉണ്ടാകുന്ന പ്രതിപത്തികളും അല്ലയോ. ഇങ്ങിനേയുള്ള മായാപാശത്തിൽനിന്നുംമാറി സമഭാവനയോടുകൂടി അഹംഭാവത്തേ ധ്വംസിയ്ക്കുന്നവനല്ലേ ബുദ്ധൻ. സത്യം എന്നു് ഒന്നുമാത്രമാണു് ഈ ദോഷങ്ങളിൽനിന്നും നമ്മേ രക്ഷിക്കുന്നതു്. അതിൽ നിങ്ങൾ വിശ്വസിക്കുവിൻ. ആമലകഫലംപോലെ ആദ്യം അതു മധുരരസത്തോതന്നില്ലെങ്കിൽ പരിണാമസ്ഥിതിയേ ഓക്കുവിൻ. ഈ സത്യാവസ്ഥയേ മാററുവാനും അതിനു് മാഹാത്മ്യംകൂട്ടുവാനും കുറയ്ക്കുവാനും മനുഷ്യരാൽ സാദ്ധ്യമല്ലാ.

തെററായ പ്രവൃത്തികളാൽ ഈ സത്യം നമ്മിൽനിന്നും മാറിമാറിപ്പോകുന്നു. മായയിൽ മുഴുകി നാം തെററുകളിൽ തല്പരരാകുന്നു. തല്ക്കാലശക്തിയും ഉന്മേഷവും പിന്നീടു് മാററാൻപാടില്ലാത്ത ക്ഷീണവും രോഗവും ദുഃഖവുംഉണ്ടാക്കുന്ന മദ്യംപോലെയാണു ഈ തെററായ പ്രവൃത്തികളുടെഫലം. അഹംഭാവം ഒരുജ്വരമാണു്, മാററാവുന്ന വ്യാധിതന്നേ. കേവലം ഒരു സ്വപ്നംപോലെയുള്ള ഫലങ്ങൾ അല്ലേ ഇതിൽനിന്നും ഉണ്ടാകുന്നതു്. ഇതിൽനിന്നും മാറി നിത്യമായ സത്യത്തേ ബലമായി പിടിച്ചു ജീവകാലം കഴിച്ചാൽ പിന്നീടു ജനനം ഉണ്ടാകുകയില്ല


ഇത്രയെല്ലാം കേട്ട ഉടനേ ഈ അഞ്ചുഭിക്ഷുക്കളിൽ പ്രായംകൂടിയ "കൌണ്ഡിന്യൻ" എന്നവൻ ഈ തത്വങ്ങളേ ആത്മദൃഷ്ടിയാൽമനസ്സിലാക്കി "അല്ലയോ ബുദ്ധ, നാഥാ, അവിടുത്തേ ഉപദേശത്താൽ ഞങ്ങൾക്കു സത്യമാർഗ്ഗം കാണ്മാൻ ഇടയായി" എന്നു പറഞ്ഞു.

"ആദ്യകാലത്തു നിങ്ങൾചെയ്ത ഉപകാരം ഞാൻ മറക്കുമോ. ആദ്യശിഷ്യരായ നിങ്ങളോടു ഈ ഉപദേശംചെയ്വാൻ സംഗതിയായതിൽ എനിക്കുള്ള സന്തോഷം വാഗതീതമാണു്. ഈ തത്വങ്ങൾ നിങ്ങളിൽനിന്നും കാലക്രമേണ ഭൂലോകമെല്ലാം പരക്കട്ടേ. അതു് നിങ്ങൾ പ്രചാരം ചെയ്യുവിൻ. ആദ്യം ചെയ്ത ചെറുതായ ഉപകാരത്തേ മറക്കുന്നവൻ മനുഷ്യനല്ല. മനുഷ്യജന്മം തന്നേ പരോപകാരാത്ഥമാണു് എന്നുള്ളതത്വംനിങ്ങൾ അനുകരിക്കുവിൻ" എന്നു ബുദ്ധൻ പറഞ്ഞു.


## ചില രസികൻനോവലുകൾ

| | ക. | ണ. |
|---|---|---|
| മായാമണ്ഡലം | 1 | 8 |
| കുസുമോത്സവം | 1 | 8 |
| ഇന്ദിര | 1 | 0 |
| പ്രണയപാശം | 1 | 0 |
| പ്രണയപ്രതികാരം | 1 | 0 |
| ദൊരശ്ശിണി | 0 | 12 |
| ചിത്രലേഖ | 0 | 12 |
| അമരസിംഹൻ | 0 | 12 |
| കാലൻെറ കൊലയറ | 1 | 0 |
| അരമനരഹസ്യം | 1 | 0 |
| അംഗനാചുംബനം(മൂന്നുഭാഗം) | 3 | 0 |
| ചമ്പകമാല | 0 | 10 |
| അഹിഭയം | 1 | 8 |
| വാസിനി | 0 | 12 |
| മലയൻ | 0 | 12 |
| ബാങ്കർ ചന്ദ്രശേഖരൻ | 0 | 12 |
| അവളുടെ അത്ഭുതപ്രേമം | 0 | 10 |
| കമലാഭായി | 1 | 0 |
| പ്രേമധാമം അഥവാ സുവർണ്ണകുമാരി | 0 | 12 |

ശ്രീരാമവിലാസം ബുക്കുഡിപ്പോ, കൊല്ലം

# ശ്രീരാമവിലാസം ബുക്ക്ഡിപ്പോ—കൊല്ലം.

ബ്രാഞ്ചുകൾ—തിരുവനന്തപുരം, ആലപ്പുഴ, എറണാകുളം.

## നോവലുകൾ.

| | ക. | ണ. | സ. |
|---|---|---|---|
| അഹിഭയം അഥവാ കേരളകാളിദാസൻ. | 1 | 8 | 0 |
| സത്യഗ്രാഹി. | 1 | 8 | 0 |
| വിജയലക്ഷ്മി. | 0 | 4 | 0 |
| ചമ്പകമാല അഥവാ വനേശരാജ്യത്തിലെ ഒരു ഘാതകൻ. | 0 | 10 | 0 |
| ദേവകി. | 0 | 8 | 0 |
| അംഗനാചുംബനം ഒന്നാംഭാഗം. | 0 | 12 | 0 |
| രണ്ടാംഭാഗം. | 0 | 12 | 0 |
| മൂന്നാംഭാഗം. | 1 | 0 | 0 |
| മൂന്നുഭാഗങ്ങളും ചേർന്നതിന്നു് | 2 | 4 | 0 |
| അരമനരഹസ്യം. | 1 | 0 | 0 |
| താരാഭായി. | 1 | 0 | 0 |
| കാലൻെറ കൊലയറ ഒന്നാംതരം. | 1 | 4 | 0 |
| രണ്ടാംതരം | 1 | 0 | 0 |
| മരതകമണി. | 0 | 12 | 0 |
| പ്രേമധാമം അഥവാ സുവർണ്ണകുമാരി | 0 | 12 | 0 |
| മലയൻ അഥവാ മലേഷ്യയിലെ കുമുദപ്രിയതമൻ. | 0 | 12 | 0 |
| കമലാഭായി. | 1 | 0 | 0 |
| നാഗേശ്വരൻ അഥവാ കപടരാജാവു്. | 1 | 0 | 0 |
| വീരകേസരി. | 1 | 0 | 0 |
| ചിത്രലേഖ | 0 | 12 | 0 |
| അമരസിംഹൻ | 0 | 12 | 0 |
| ഡൊരൊസ്ലിണി മുഴുകാലിക്കോബയൻറു് | 1 | 0 | 0 |
| സാധാരണബയൻറു്. | 0 | 12 | 0 |
| കുസുമോത്സവം. | 1 | 8 | 0 |
| ഇന്ദിര. | 1 | 0 | 0 |
| പ്രണയപാശം. | 1 | 0 | 0 |
| വാസിനി. | 0 | 12 | 0 |
| മേനിക്കടലാസു്. | 1 | 0 | 0 |
| അവളുടെ അത്ഭുതപ്രേമം. | 0 | 8 | 0 |
| പ്രണയപ്രതീകാരം. | 1 | 0 | 0 |
| ബാങ്കർ ചന്ദ്രശേഖരൻ. | 0 | 12 | 0 |
| കഷ്ടം അഥവാ സെസിലിയുടെ പ്രണയം. | 0 | 4 | 0 |
| മായാമണ്ഡലം. | 1 | 8 | 0 |
| കനകമംഗലം. | 1 | 0 | 0 |

## ജീവചരിത്രങ്ങൾ.

| | ക. | ണ. | സ. |
|---|---|---|---|
| ശ്രീരാമകൃഷ്ണദേവൻ. | 0 | 12 | 0 |
| വിവേകാനന്ദസ്വാമികൾ | 0 | 4 | 0 |
| മഹാത്മാഗാന്ധി. | 0 | 2 | 0 |
| ശ്രീമച്ഛങ്കരാചാര്യർ. | 0 | 4 | 0 |
| ഗുരുനാനാക്കു്. | 0 | 4 | 0 |
| ലാലാലജപതറായി. | 0 | 4 | 0 |
| പണ്ഡിതമോതിലാൽനെഹ്റു. | 0 | 8 | 0 |
| ഹെൻറിഫോർഡു്. | 0 | 8 | 0 |
| മുഹമ്മദുനബി. | 2 | 0 | 0 |
| ജനറൽ ഗാർഫീൽഡു് അഥവാ സാർവഭൗമനായിത്തീർന്ന കൃഷകബാലൻ. | 0 | 4 | 0 |
| ഡാക്ടർ ലിവിംഗ്സ്റ്റൺ. | 0 | 4 | 0 |
| ബുദ്ധിമാനായ അഹിക്കർ. | 0 | 4 | 0 |
| വിക്ടോറിയാമഹാറാണി. | 0 | 8 | 0 |

## ചെറുകഥകൾ.

| | ക. | ണ. | സ. |
|---|---|---|---|
| കഥാവല്ലരി ഒന്നാംഭാഗം. | 0 | 4 | 0 |
| ബാഷ്പാങ്കുരം | 0 | 8 | 0 |
| മുരളീഗാനം മുതലായ ചെറുകഥകൾ. | 0 | 4 | 0 |
| രാധാറാണി. | 0 | 3 | 0 |
| വൃദ്ധാചലൻ. | 0 | 4 | 0 |
| സുഭദ്ര. | 0 | 4 | 0 |
| ബട്ട്ളർപപ്പൻ. | 0 | 4 | 0 |

## വ്യാകരണഗ്രന്ഥങ്ങൾ.

| | ക. | ണ. | സ. |
|---|---|---|---|
| ശബ്ദമുക്താവലി മലയാളം പാക്കറ്റുനിഘണ്ടു | 1 | 4 | 0 |
| ശബ്ദരൂപാവലി പ്രഥമഭാഗം. | 0 | 3 | 0 |
| അമരകോശം മൂന്നുകാണ്ഡം സാരാർത്ഥബോധിനി എന്ന വ്യാ: സഹിതം | 1 | 0 | 0 |
| കുമാരസംഭവം സവ്യാഖ്യാനം. | 1 | 0 | 0 |
| സിദ്ധരൂപം | 0 | 3 | 0 |
| പ്രയോഗദീപിക | 1 | 8 | 0 |

---

ശ്രീരാമവിലാസം പ്രസ്സിനോടു് അനുബന്ധിച്ചിട്ടുള്ള "ശ്രീരാമവിലാസം"

## ഫൈൻ ആർട്ട്സ് സ്റ്റുഡിയോയിൽ

ഹാഫ്ടോൺബ്ളാക്കുകൾ, ലൈൻബ്ളാക്കുകൾ, വിവിധവർണ്ണമഷികളിലടിക്കാവുന്ന ബ്ളാക്കുകൾ മുതലായവ

പരിഷ്കൃതരീതിയിൽ കൃത്യസമയത്തു് കുറഞ്ഞ റേററിൽ ചെയ്തുകൊടുക്കുന്നതാണു്.

തിരുവിതാംകൂറുകാരുടെ വകയായ ഏക

## ബ്ളാക്കുനിർമ്മാണശാല ഇതുമാത്രം.

അപേക്ഷിക്കേണ്ടും മേൽവിലാസം,— ശ്രീരാമവിലാസം ഫൈൻ ആർട്ട്സ് സ്റ്റുഡിയൊ—കൊല്ലം.

REG. NO. M 2689 & T. 122.

# THE MALAYALA RAJYAM CHITRAVARIKA.

11th FEBRU. 1935.

Vol. VII No. 23


## ബോംബെ മെഡിക്കൽഹാൾ, കൊല്ലം.

ഞങ്ങളുടെ ചില സിദ്ധൗഷധങ്ങൾ.

### അനവധി സർട്ടിഫിക്കററുകൾ ലഭിച്ച ആരോഗ്യസുധ എന്ന

## കാമബാണരസായനം



രക്തശുദ്ധിക്കും ശുക്ലവർദ്ധനയ്ക്കും ദേഹപുഷ്ടിക്കും ശ്രേഷ്ഠവും മററെല്ലാ രോഗങ്ങളെയും ശമിപ്പിക്കുന്നതിന്ന് അദ്വിതീയവുമായ സിദ്ധയോഗം. ധാതുപുഷ്ടിക്ക് ഇത്ര നല്ല ഔഷധം വേറെ ഇല്ല. അമിതഭോഗത്താലോ പ്രകൃതിവിരുദ്ധങ്ങളായ ആഭാസപ്രവൃത്തികളാലോ ഉണ്ടാകുന്ന മൂത്രച്ചുടീൽ, അസ്ഥിയുരുക്കം, മേഹപ്പോക്ക്, പഴുപ്പുപോക്ക്, സ്വപ്നസ്ഖലനം, മൂത്രം ഒഴിച്ചതിന്റെ മുമ്പും പിമ്പും ഉണ്ടാകുന്ന ശുക്ലസ്രാവം, ശുക്ലം മൂത്രത്തിൽ കലൎന്നുപോകുക, ഉഷ്ണപ്പുണ്ണ് മുതലായ കഷ്ടാൽകഷ്ടതരങ്ങളായ ഭയങ്കരവ്യാധികളെ നിശ്ശേഷം മാററി ശരീരത്തിന്ന് ഓജസ്സും തേജസ്സും നൽകി, കോമളസൗകുമാര്യത്തെ പ്രദാനം ചെയ്യുന്നതിന്ന് ഇത്ര ശക്തിയുള്ള ഔഷധം വേറെ അറിയപ്പെട്ടിട്ടില്ല.

സ്നേഹിതന്മാരേ!

മേൽ പറഞ്ഞ രോഗങ്ങൾ പിടിപെട്ടവർ, കണ്ണുംകുഴിഞ്ഞു്, കവിളുമൊട്ടി, തോൾ ഇടിഞ്ഞുതാണ് കയ്യും കാലും മെലിഞ്ഞു്, വിളറിവെളുത്തു് എല്ലുംതോലുമായി, വിളവുകൾക്കു കണ്ണുപെടാതെ നാട്ടിനിറുത്തുന്ന കോലംപോലെ വിലക്ഷണരൂപികളായിത്തീരുന്നു. പഴുപ്പുപോക്കാണെങ്കിൽ അതിന്റെ ദുർഗ്ഗന്ധവും, ക്ഷീണവും, ദേഹത്തിന്റെ ചുടിച്ചിലും, നടക്കാനോ നിൽക്കാനോ ഇരിക്കാനോ നല്ലപോലെ സംസാരിക്കാനോ ശക്തിയില്ലായ്കയാലുള്ള വിഷമവും ഒരുവനാൽ സഹിക്ക സാദ്ധ്യമോ? തന്നിലും പ്രായംകുറഞ്ഞ ബാലന്മാരും തന്റെ സമപ്രായക്കാരും ഒരിക്കൽ തന്നേക്കാൾ എത്രയോ ശക്തികുറഞ്ഞവരായിരുന്നിട്ടും ഇപ്പോൾ അവരോട് അടുത്തുനിന്നു സംസാരിക്കാൻകൂടി ശേഷിയില്ലാത്ത ആ സ്ഥിതി എത്ര വ്യസനകരം!

ഇതോടുകൂടി ൧ രൂപാ വിലയുള്ള മാൻകൊമ്പുഭസ്മം കൂടി വരുത്തി ഉപയോഗിക്കണം.

15 ദിവസം 30 നേരം സേവിക്കാനുള്ള ടിൻ ഒന്നുക്കു

വില രൂപാ 2.

(അഞ്ചൽക്കൂലി പുറമെ.)

## പിത്തകുലാന്തകൻ.

### പിത്തരോഗികൾക്ക് ഒരു വലിയ അനുഗ്രഹം.



അതിദാഹം, ശരീരത്തിന്റെ മഞ്ഞളിപ്പ്, ദേഹം എല്ലായ്പോഴും വിയക്കുക, ശരീരത്തിന്നു ചൂടുണ്ടാകുക, ക്ഷീണം, കോപശീലം, വായിൽനിന്നും പുളിപ്പും കൈപ്പും ഉള്ള വെള്ളം ഊറുക മുതലായ പിത്തസംബന്ധമായ രോഗങ്ങളെ ഈ മരുന്നു നിശ്ശേഷം നശിപ്പിക്കുന്നതാണ്. കണ്ണിന്റെ മലക്കം, ഹൃദയത്തിന്റെ അസ്വാസ്ഥ്യം, ശരീരത്തിന്റെ വേദന, കണ്ണിൽകാണുന്ന സാധനങ്ങൾ മഞ്ഞനിറത്തോടുകൂടി ചലിക്കുന്നതുപോലെ തോന്നുക, എപ്പോഴും കിടക്കത്തക്കവണ്ണം ശരീരത്തിന്നു തളൎച്ച ബാധിക്കുക, എപ്പോഴും മയക്കം ഉണ്ടാവുക, ഉറക്കത്തിൽ ദുഃസ്വപ്നം കാണുക, മൂത്രം മഞ്ഞളിച്ചു പോവുക, കൈകാൽകഴപ്പ്, നടക്കാൻ വൈഷമ്യം തോന്നുക, ഭക്ഷണത്തിൽ അരുചി തോന്നിക്കുക മുതലായ പിത്തസംബന്ധമായ മററു സുഖക്കേടുകൾക്കും ഈ ഔഷധം കൈകണ്ട ഫലത്തെ ചെയ്യുന്നതാണ്.

30 നേരം സേവിക്കാനുള്ള മരുന്നടങ്ങിയ ഡപ്പി ഒന്നുക്കു

വില രൂപാ 2.

## വില്ലൻചുമഗുളിക.

കുട്ടികൾക്ക് ഈ ചുമ പിടിപെട്ടാൽ കുറച്ചുദിവസം കഴിഞ്ഞതിന്നുശേഷം മാത്രമേ അതു വിട്ടുമാറുകയുള്ളു എന്നു പറയുന്നതു് അബദ്ധമാണ്. മൂന്നുനാലു ദിവസംകൊണ്ടു സുഖത്തെ നൽകുന്ന ഞങ്ങളുടെ ഈ ഔഷധം ഉപയോഗിച്ചാൽ മാത്രമേ ഫലം അറികയുള്ളൂ. ഈ രോഗത്തിന്റെ പ്രാരംഭത്തിൽ പനി, ഉഷ്ണം, അതിയായവിയപ്പ്, ദാഹം, ശ്വാസംമുട്ട്, അന്നദ്വേഷം ഇവ വന്നു ശമിച്ചതിന്നു പുറമേയാണ് ചുമ തുടങ്ങുന്നതു്.

32 ഗുളിക അടങ്ങിയ കുപ്പി ഒന്നുക്കു വില അണ 8.

കൂടുതൽ വിവരം അറിയേണ്ടവർ 12 കാശു് (തപാലിൽ ഷ ന.) സ്റ്റാമ്പുസഹിതം അപേക്ഷിക്കുക.

അപേക്ഷിക്കേണ്ടും മേൽവിലാസം:—

ബോംബെ മെഡിക്കൽഹാൾ, കൊല്ലം—തിരുവിതാംകൂർ.


Printed and Published by K. Raghavan Pillai at the Sri Rama Vilas Press, Quilon. Editor K. G. Sanker.